
മാഗസിൻ 2020
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്
ബുദ്ധക്കലി

ഗൗതമ ബുദ്ധന്
ബോധോദയമുണ്ടായപ്പോൾ
അദ്ദേഹത്തോട് ഒരു ഭക്തൻ
ചോദിക്കുകയുണ്ടായത്രേ
'അങ്ങ് ഈശ്വരനാണോ?'
അല്ല
'അങ്ങ് ഒരു ഋഷിയാണോ?'
അല്ല
'അപ്പോൾ അങ്ങ് ആരാണ്?'

## ഉണർന്നവൻ

ബുദ്ധന്റെ എല്ലാ ഉദ്ബോധനങ്ങളും
ഒന്നിൽ ഉറപ്പിച്ചിരിക്കുന്നു
ഉണർന്നിരിക്കുക, ശ്രദ്ധാലുവായിരിക്കുക
ഈ അവബോധമില്ലാതെ ഒരു ശ്വാസം
പോലും കടന്നുപോകരുത്




ചീഫ് എഡിറ്റർ :
ഡോ. ഗോഡ്‌വിൻ സാംരാജ് ഡി പി

സ്റ്റാഫ് എഡിറ്റർ :
ശ്രീമതി. റോഷ്നി

സ്റ്റുഡൻറ് എഡിറ്റർ :
അരുൺ എം.എസ്

സബ് എഡിറ്റർ:
ആഷിക്ക് എ.എം

അംഗങ്ങൾ
അഭിനന്ദ് പി.ടി / അക്ഷയ് കുമാർ എ.എം
നക്ഷത്ര കെ എം / അഭിനവ് ശങ്കർ
ഗൗതം കൃഷ്ണ ബി / ആത്മ മനു / ചന്ദന എസ് രാജ്

രൂപവിന്യാസം / മുഖചിത്രം / വരകൾ
magicBus / 8589883349
അച്ചടി : Vibgyor Print Innovations Calicut

Statement of ownership and other particulars about the publication of Malabar Christian College Magazine 2018-19

Printer and Publisher : Dr. Godwin Samraj D P
Principal, Malabar Christian College
Editor : Arun M S,
Student Editor , Malabar Christian College
Owner : The Principal
Address : The Principal
Malabar Christian College
Kozhikode- 673001

I,Arun M S here by declare that the particulars given above are true to the best of my knowledge and belief.
Sd /
Arun M S

# സമർപ്പണം

തെറ്റിനെ നൂറുവട്ടം പറഞ്ഞ്
ശരിയാക്കിയവർക്ക്
നേരിനെ ചൂഴറ്റി പന്തയം വെച്ചവർക്ക്
പ്രത്യയശാസ്ത്രങ്ങളിൽ
വെള്ളം ചേർത്തവർക്ക്
ആദർശങ്ങളെ കീശയിലും
കൈമടക്കിലും
മറന്നുവെച്ചവർക്ക്
ഗാന്ധിയുടെ വായിൽ
കാഞ്ഞിരം പിഴിഞ്ഞൊഴിച്ചവർക്ക്
ഗോഡ്സെയുടെ മൂർദ്ധാവിൽ
മൃതസഞ്ജീവനി വെച്ചുപൊത്തിയവർക്ക്
കറുത്തമക്കളെ ചുട്ടുകൊന്നവർക്ക്
ചുണ്ടുകളിൽ ചൂണ്ടുവിരൽ ചേർത്ത്
പെണ്ണിനെ നിശബ്ദയാക്കിയവർക്ക്
കാടിനെ തരിശുകൾക്ക് ഒറ്റിയവർക്ക്

ജീവിതത്തിലേക്ക്
പറന്നുയരുന്നതിനിടയിൽ
ചിറകറ്റുപോയ പ്രിയപ്പെട്ടവർക്ക്...



അശ്വിനി



ജസ്പ്രീത് സിംങ്



മാഗസിൻ 2 0 2 0
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

# എഡിറ്റോറിയൽ

അശ്വവ്യൂഹങ്ങൾ ചവിട്ടിക്കുഴച്ച മറിച്ച ലാടത്തുരുമ്പുപുരണ്ട മണ്ണിലൂടെ ബുദ്ധൻ തന്റെ കാലുകൾ നീട്ടാതെ ഒട്ടും തിരക്കില്ലാതെ വേച്ചു വേച്ചു നടന്നു. ഭരണചക്രത്തിന്റെ അരോചകമായ തേർവാഴ്ചയിൽ ബുദ്ധനും തളർന്നിരുന്നു. അധികാരദാഹം. അശ്വമേധയാഗം. ദൂരെ വെയിലൊഴിയുന്ന യാഗാഗ്നിയുടെ തിരത്ത് വൈദേഹിയുപേക്ഷിച്ച ഒരംശാവതാരം വിളങ്ങുന്നു. കാഞ്ചനസീതയെ ചുട്ട കനലു തെല്ലും കെട്ടുപോയിട്ടില്ല. വെൺകൊറ്റക്കുടകൾക്ക് മീതെ മൂഢനായ ആഢ്യന്റെ കയ്യിലെ ചാട്ടവാറുകൾ. സിദ്ധാർത്ഥന്റെ ചുതളിച്ച മുടിനാരിനെ അത്യുച്ചത്തിൽ പൊട്ടിക്കുമ്പോഴും. വെള്ളക്കുതിരകളുടെ ലാടമുദ്രകൾ കറുത്ത പാറപ്പുറങ്ങൾ തോറും തകർത്തു മുന്നേറുന്നു.







ഭാരതീയ ബിംബസങ്കല്പനയിൽ അശ്വങ്ങൾ അധികാരബിംബമാണ്, വെളുത്ത കഞ്ചിരോമങ്ങൾ ആര്യത്വമാണ്. യാഗങ്ങൾ അതിശ്രേഷ്ഠമാണ്, അശ്വമേധങ്ങൾ അതി കഠിനമായ ആധിപത്യമാണ്. കുതിരക്കാലുകൾ വെട്ടിപ്പിടിക്കുന്ന നാടുകൾ ദേശങ്ങൾ ദേഹങ്ങൾ എല്ലാം രാമന്. എതിർക്കുന്ന നട്ടെല്ലുകൾ കൊണ്ട് രാമൻ ഇന്ദ്രഗോപുരങ്ങളുടെ തൂണുകൾ പണിതു പൂണ്ടു വിരലുകളിൽ രാമൻ ചായം പുരട്ടി. അലർച്ച രാമന്റെ തുടകളിൽ താളബോധം മിടിച്ചു. അശ്വമോടുന്ന പാതയിൽ രാമന്റെ കുതിരയിൽ ബുദ്ധനു പ്രഹരമേൽക്കുന്നു. കുമാരനൊരു ഗാന്ധിയെ പോലെ പടർന്നു തീരുന്ന ഗന്ധകച്ചുളപോലെയണഞ്ഞു, കളമ്പുതിണർത്ത ബുദ്ധന്റെ നെഞ്ചളവും മിനുത്ത മാറിലെ ആത്മീയബോധവും അവതാരശുദ്ധിയിൽ കളിച്ച പൊന്തിയ ദൈവത്തിന്റെ പടക്കുതിരകൾ കെട്ടിവലിച്ചു ദൂരെ ആരും കാണാത്ത താഴ്‌വരയിലേക്ക് തള്ളിയിട്ടു.രാമൻ അധികാരത്തിലേറി. അശ്വങ്ങളെ ആയിരം രക്തതൃക്ഷമായ മേധസ്സുകളാക്കി. വർത്തമാനഭാരതത്തിൽ കറുത്തവന്റെയും കുറിതൊടാത്തവന്റെയും കർമ്മബോധത്തെ ചതച്ചരച്ചു കൊണ്ടു കുതിരശക്തിയിൽ ഇന്നും പാഞ്ഞോടുന്ന കടിഞ്ഞാണറ്റ യാഗാശ്വമാണ് വർഗീയത.



"അവൾ പെറ്റ മക്കൾക്ക് നീ കവചമിട്ടു
അന്യോന്യമെയ്യുവാനസ്ത്രം കൊടുത്തു
അഗ്നിബീജം കൊണ്ടു മേനികൾ മെനഞ്ഞു
മോഹബീജം കൊണ്ടു മേടകൾ മെനഞ്ഞു
രാമനു ജയമെന്ന് പാട്ട് പാടിച്ചു
ഉന്മാദവിദ്യയിൽ ബിരുദം കൊടുത്തു
നാസ്തരണ നാവിൽ പുരട്ടിക്കൊടുത്തു
നാല്ക്കവല വാഴാൻ ഒരുക്കിക്കൊടുത്തു
ആ പിഞ്ചു കരളുകൾ ചുരന്നെടുത്തല്ലേ
നീ പുതിയ ജീവിതരസായനം തീർത്തു..
നിന്റെ മേദസ്സിൽ പുഴുക്കൾ കുരുത്തു
മിന്റെ മൊഴി ചുറ്റും വിഷച്ചുര് തേച്ചു..

എല്ലാമെരിഞ്ഞപ്പോളന്ത്യത്തിൽ
നിൻ കണ്ണിൽ ഊറുന്നതോ നീലരക്തം"



**അഭിവാദ്യങ്ങളോടെ**
എഡിറ്റർ
അരുൺ എം എസ്



ബുദ്ധ വിശുദ്ധ, അനിരുദ്ധാത്മൻ
ബുദ്ധ, ത്യാഗി, നിയുക്ത!
ഉദ്ധതശീർഷ, നിത്യാന്വേഷക
ബുദ്ധ, ജ്ഞാനി, വിമുക്ത!

## 9

ബോധിത്തണലിൽ നിന്നുണർന്ന്
സിദ്ധാർത്ഥൻ യാത്രതുടങ്ങി
പുഴകടന്ന് മലകടന്ന്
താഴ്‌വരകൾ കടന്ന്
കാൽപാദങ്ങൾ ഇടങ്ങൾ തേടി
ഉരുട്ടിയുയർത്തിയ മൂർദ്ധാവിൽ
മഴ വിരലാഴ്ത്തി
നനവിലും സ്നാനത്തിലും
ദുഃഖത്തിന്റെ പൊരുൾതേടി
സിദ്ധാർത്ഥൻ യാത്ര തുടർന്നു...



നനഞ്ഞമണ്ണിൽ പച്ച-
കുത്തി ബുദ്ധന്റെ കാലടി
മലതോറും പൂത്തിറങ്ങി
ബുദ്ധനേത്രങ്ങൾ താരകൾ

# 11

ചങ്ങലകളിൽ
കിലുങ്ങുന്ന
നിലവിളികൾ

വഴിയടയാളങ്ങൾ
കാൽപാദങ്ങളിൽ
ആവർത്തനത്തിന്റെ
താളംപിടിച്ചു

കടക്കുന്നു പിന്നെ ബുദ്ധൻ
കണ്ണുനീരിൻ മഹാനദി
ചലിക്കുന്നതവനൊപ്പം
ചരങ്ങൾ അചരങ്ങളും



## 13

ആയിരം
കാക്കക്കൂട്ടങ്ങൾ
ഒന്നൊന്നായി
ചിറകറ്റുവീഴുമ്പോലെ
യാത്രികന്റെ
പന്ഥാവിൽ
ഇരുൾ വീണു.

സിദ്ധാർത്ഥൻ യാത്ര തുടർന്നു
നിരത്തുകൾ ശൂന്യമായിരുന്നു
വഴിയരികിൽ
മക്കൾ അമ്മയെ തൊഴിക്കുന്നതുകണ്ടു
അമ്മ നഗ്നയായിരുന്നു
ആ അമ്മ
മലയാളമായിരുന്നു



പിറവിയുടെ ഉറവിടങ്ങളെല്ലാം നമ്മുടെ മാതാക്കളാണ്. അവ സംസ്കൃതിയുടേതായാലും വ്യക്തിയുടേതായാലും ഉള്ളിൽ ലയിച്ചു ചേർന്ന തനതായ എന്തിനേയും മനുഷ്യൻ മാതൃത്വം കൽപ്പിച്ച് വിശിഷ്ട സ്ഥാനം നൽകുന്നത് ഒരു പതിവുകാഴ്ചയാണ്. അത്തരത്തിൽ മാതൃസ്ഥാനം വരെ നൽകി മനുഷ്യൻ തന്നോട് ചേർക്കുന്ന ഒന്നാണ് സ്വഭാഷ. കേവലം ആശയവിനിമയോപാധിയായ ഭാഷ. അതിന്റെ വേരുകൾ ശക്തമാക്കിയ ചരിത്രം മനുഷ്യന്റെയും മനുഷ്യസംസ്കാരത്തിന്റെയും ചരിത്രം കൂടിയാണ്.

# വാക്കിന്റെ കൂടുണരുന്നു

ചന്ദന.എസ്.രാജ്

അനവധി നിരവധി ഭാഷകളുടെ പിറവിക്കും മറവിക്കും ഒരുപോലെ സാക്ഷ്യം വഹിച്ച ലോകത്ത് മാതൃഭാഷയ്ക്ക് വലിയ മഹത്വവും പ്രാധാന്യവും കല്പിക്കപ്പെടുന്നു. ഭാഷ ഒരു അഭ്യസ്ത വിദ്യയാണ്. ജീവിക്കുന്ന ചുറ്റുപാടുകളിൽ നിന്നും സ്വാംശീകരിച്ചെടുക്കപ്പെടുന്ന ഉപാധിയാണ് ഭാഷ. ഒരു സവിശേഷ മാധ്യമത്തിന്റെ ആവശ്യകതയില്ലാതെ തമ്മിൽ ഉൾച്ചേരുന്ന ഭാഷയും നാം ഉപയോഗാവശ്യം മുന്നിൽകണ്ട് ആർജ്ജിച്ചെടുക്കുന്ന ഭാഷയും തമ്മിൽ വ്യത്യാസമുണ്ട്.
ആ വ്യത്യാസത്തെ പെറ്റമ്മയും പോറ്റമ്മയും തമ്മിലുള്ള വ്യത്യാസമായാണ് അടയാളപ്പെടുത്തിയിരിക്കുന്നത്.

വ്യക്തിത്വവും വികാരവിചാരങ്ങളും ഉയിർകൊള്ളുന്നത് ഭാഷയിൽ നിന്നുമാണ്. ഭാഷയും മനുഷ്യനുമായി അദൃശ്യവും അതിഗാഢവുമായ ഒരു വൈകാരിക ബന്ധം നിലനിൽക്കുന്നുണ്ട്. വാമൊഴികളായി മാത്രം നിലനിന്നിരുന്ന ഭാഷകൾ ലിഖിതരൂപങ്ങളിലേക്ക് പരിവർത്തനപ്പെട്ടതിന് ശേഷമാണ് അവയുടെ നിലനിൽപ്പ് കൂടുതൽ സുദൃഢമാക്കപ്പെട്ടത്. ആശയപ്രചരണത്തിന്റെ വിവിധ മാനങ്ങൾക്കായി ഭാഷ ഉപയോഗപ്പെടുത്താത്ത പക്ഷം അവ കാലക്രമേണ ഇല്ലാതായിത്തീരും. ഒട്ടനവധി ഭാഷകളുടെ മരണം ഇതിനുദാഹരണമാണ്. അധിശത്വ ശക്തികളുടെ ആഗമനവും വളർച്ചയും ഭാഷകളെ നശിപ്പിക്കുവാൻ ശ്രമിച്ചിരുന്നു. ആഫ്രിക്കൻ സാഹിത്യത്തിലെ പ്രമുഖ എഴുത്തുകാരൻ ഗൂഗി വാ തിയോംഗോ അദ്ദേഹത്തിന്റെ "ഡികോളനൈസിങ് ദി മൈൻഡ് " എന്ന പുസ്തകത്തിൽ തങ്ങളുടെ ഭാഷയുടെ മേൽ ആംഗലേയ ശക്തികൾ ചെലുത്തിയ സ്വാധീനവും തങ്ങളുടെ ഭാഷയുടെ മരണവും കൃത്യമായി അവതരിപ്പിച്ചിരിക്കുന്നു. ഭാഷയെ കീഴ്പ്പെടുത്തുക വഴി അവയിൽ കരുത്തുവളരുന്ന മനുഷ്യചിന്തകളെയും സർഗാത്മകതയെയും നശിപ്പിക്കുകയും ക്രമേണ ഒരു ജനതയെ മുഴുവൻ കീഴ്പ്പെടുത്തുകയും ചെയ്യുന്ന കോളനിയൻ തന്ത്രം ഇന്നും തുടരുകയാണ്.

ലോകം മുഴുവൻ ഒന്നാകുന്ന ആഗോളവൽക്കരണ സങ്കൽപ്പങ്ങൾ ആഗോള ഭാഷയായി

ഉയർത്തിക്കാട്ടുന്നത് ഇംഗ്ലീഷിനെയാണ്. അതിനാൽ തന്നെ ഇന്ന് വിദ്യാഭ്യാസത്തിൽ ആംഗലേയ വിദ്യാഭ്യാസത്തിന്റെ പ്രസക്തി വളരെയധികം വർധിച്ചിരിക്കുന്നു. ഭാഷാധിനിവേശത്തിന് ഉദാഹരണങ്ങൾ തേടി നാം അധികദൂരമൊന്നും സഞ്ചരിക്കേണ്ടതില്ല. അനേകം വർഷങ്ങളായി സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അധീനതയിൽ ആയിരുന്ന ഭാരതത്തിന്റെ ഭാഷ സംസ്കാരങ്ങൾ ഇവക്ക് ഉദാഹരണമാണ്. നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെടുകയും നാനാഭാഷകളിലും സംസ്കാരങ്ങളിലും നിലകൊള്ളുകയുമായിരുന്ന ഇന്ത്യയിൽ ഏകീകൃതമായ ഒരു ഭരണരീതി നടപ്പിൽ വരുത്തുവാനാണ് ബ്രിട്ടീഷുകാർ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത്. 1855 ൽ മെക്കാളെ പ്രഭു ഇന്ത്യയിലെ പ്രാദേശിക ഭാഷകൾ മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത ബ്രിട്ടീഷ് ഗവണ്മെന്റിനെ ബോധ്യപ്പെടുത്തുകയായിരുന്നു. തുടർന്ന് വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മതപ്രചാരണത്തിനായി ഇവിടങ്ങളിൽ എത്തിച്ചേർന്ന മിഷനറിമാരും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനാണ് കൂടുതൽ ഊന്നൽ നൽകിയത്. അധികാരപ്രയോഗങ്ങൾക്കായി മറ്റൊരുഭാഷയെ ഉപയോഗപ്പെടുത്തി തുടങ്ങി. ക്രമേണ ഉയർന്ന തലങ്ങളിലെല്ലാം ഈ ഭാഷയുടെ ഉപയോഗത്തെ നിർബന്ധിതമാക്കുകയായിരുന്നു. തുടർന്ന് ഉന്നത വിദ്യാഭ്യാസത്തിന്റെയും സമൂഹത്തിന്റെ ഉയർന്ന പദവികളുടെയും ചിഹ്നമായി ഇംഗ്ലീഷ് ഭാഷ പരിവർത്തനപ്പെട്ടു. ഈ സ്വധീനം കാലമിത്ര കഴിഞ്ഞിട്ടും തുടരുക തന്നെ ചെയ്യുന്നു.



സാക്ഷരതയും തൊഴിലവസരങ്ങളും ഉയർന്ന ഇടങ്ങളിലെ മാതൃഭാഷ പ്രസക്തി പരിശോധിക്കുമ്പോൾ കേരളത്തെ തന്നെ ഉദാഹരണമായി പരിഗണിക്കാം. "സ്റ്റാറ്റസ്" എന്ന പദത്തിന്റെ മറവിൽ ഒരു സംസ്കാരത്തിന്റെ മൂല്യങ്ങളോരോന്നും തച്ചുടക്കുന്ന സമീപനമാണ് ആധുനിക മലയാളിയുടേത്. വളർന്നു വന്നുകൊണ്ടിരിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ എണ്ണം പരിശോധിക്കുമ്പോൾ അവിടങ്ങളിലെല്ലാം മാതൃഭാഷാ പ്രാധാന്യത്തിന്റെ കുറവും സ്പഷ്ടമാക്കപ്പെടുന്നു. കേവലമായ അടിസ്ഥാന വിദ്യാഭ്യാസത്തിൽ നിന്നുപരിയായി മികച്ച നിലവാരത്തിലേക്ക് മാതൃഭാഷാ പഠനത്തെ ഉയർത്തുവാൻ നമുക്ക് സാധ്യമായിട്ടില്ല. മാതൃഭാഷയായ മലയാളം ഉപയോഗിച്ചതിന്റെ പേരിൽ സഹപാഠികൾക്കുനടുവിൽ അപമാനിതരാവുന്ന വിദ്യാർത്ഥി സമൂഹം ഉയർന്നുവരികയുമാണ്. മാതൃഭാഷ ഉപയോഗിക്കുന്നതിനെ മ്ലേച്ഛകരമായി ചിത്രീകരിക്കുമ്പോൾ സ്വാഭാവികമായും കുട്ടികൾ ഭാഷയിൽനിന്നും അകന്നുമാറി തുടങ്ങും. എങ്കിലും ഈ അകൽച്ചയിലും ആത്മാവിനെ നിയന്ത്രിക്കുന്നത് മാതൃഭാഷ ആയിരിക്കുകയും ചെയ്യും. സ്വാഭാവികമായ ചിന്തകളെയും ഭാഷാപ്രയോഗത്തെയും ഇല്ലായ്മ ചെയ്യുവാൻ ഇത്തരം അടി

**കേവലമായ അടിസ്ഥാന വിദ്യാഭ്യാസത്തിൽ നിന്നുപരിയായി മികച്ച നിലവാരത്തിലേക്ക് മാതൃഭാഷാ പഠനത്തെ ഉയർത്തുവാൻ നമുക്ക് സാധ്യമായിട്ടില്ല.**

**മാതൃഭാഷകൾ സംരക്ഷിക്കപ്പെടണമെന്ന സന്ദേശം പകരുവാനാണ് നാം ഫെബ്രുവരി 21 ലോക മാതൃഭാഷാദിനമായി ആചരിക്കുന്നത്. ലോകത്ത് നിലനിൽക്കുന്ന മാതൃഭാഷകളുടെയെല്ലാം സംരക്ഷണമാണ് ഈ ദിനാചരണത്തിന്റെ  ലക്ഷ്യം.**

ച്ചേൽപിക്കലുകൾ ശക്തമായ കാരണങ്ങളായി മാറുന്നു. മറ്റൊരു ഭാഷയിൽ വൈദഗ്ദ്ധ്യം നേടുന്നത് ഒരിക്കലും തെറ്റല്ല. എങ്കിൽ മാതൃഭാഷയെ തിരസ്കരിച്ചുകൊണ്ട് തൽസ്ഥാനത്ത് പ്രതിഷ്ഠ നൽകുമ്പോൾ സാംസ്കാരികമായ അപചയത്തിലേക്ക് അവ വഴി തെളിക്കും. സമാനമായ വിദ്യാഭ്യാസ രീതികളിലൂടെയാണ് 'ഗികയു' പോലുള്ള  ഭാഷകൾ ഇല്ലായ്മ ചെയ്യപ്പെട്ടത്. നാം പോലുമറിയാതെ പാശ്ചാത്യ സംസ്കാരത്തിന്റെ ഭിന്നഭാവങ്ങളിലേക്ക് നാം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്നത് ഇത്തരത്തിൽ അന്യമാകുന്ന സംസ്കാരത്തിന്റെ ഫലമായാണ്.

തങ്ങളുടെ ഭാഷാ സംരക്ഷണത്തിനായി പ്രക്ഷോഭങ്ങൾ നടത്തിയ ഒരു ചരിത്രം തന്നെ ഭാരതത്തിനുണ്ട്. മാതൃഭാഷകൾ സംരക്ഷിക്കപ്പെടണമെന്ന സന്ദേശം പകരുവാനാണ് നാം ഫെബ്രുവരി 21 ലോക മാതൃഭാഷാദിനമായി ആചരിക്കുന്നത്. ലോകത്ത് നിലനിൽക്കുന്ന മാതൃഭാഷകളുടെയെല്ലാം സംരക്ഷണമാണ്  ഈ ദിനാചരണത്തിന്റെ ലക്ഷ്യം. ഏതൊരു ഭാഷാസ്നേഹിയെയും രോമാഞ്ച









മണിയിക്കുന്ന ഒരു വിപ്ലവ ചരിത്രം ഈ ദിനവുമായ് ബന്ധപ്പെട്ടിട്ടുണ്ട്. 1952 ഫെബ്രുവരി 21 ന് കിഴക്കൻ പാകിസ്ഥാനിന്റെ തലസ്ഥാനവീഥിയായ ധാക്കയെ രക്തച്ചുവപ്പിൽ ലയിപ്പിച്ചാണ് ചരിത്രപ്രസിദ്ധമായ ആ സംഭവം അരങ്ങേറിയത്. ധാക്കാ നഗരത്തിലെ കോളേജ് വിദ്യാർത്ഥികൾ അവരുടെ മാതൃഭാഷക്കായ് കൂട്ടംകൂട്ടമായി തെരുവിലിറങ്ങി. ദേശീയ ഭാഷയായ് ബംഗാളിയെ അംഗീകരിക്കണമെന്ന പൊതു പ്രമേയമായിരുന്നു യുവത്വത്തെ തെരുവിലിറക്കിയത്. എന്നാൽ, ഭരണകൂടം അതിനിഷ്ഠൂരമായി ഈ പ്രക്ഷോഭത്തെ അടിച്ചമർത്താനൊരുമ്പെട്ടു. ധാക്കാ പോലീസിന്റെ വെടിവെയ്പ്പിൽ ഉന്നത ന്യായാസനത്തിന്റെ മതിൽകെട്ടിനരികെ നിരവധി വിദ്യാർത്ഥികൾ വെടിയേറ്റ് മരിച്ചു. അബ്ദുൾ സലാം, ഷഫിയുർ റഹ്മാൻ, അബ്ദുൾ ജബ്ബാർ, അബ്ദുൾ ബർകത്ത്, മെഹബൂബ് എന്നിവരായിരുന്നു രക്തസാക്ഷിത്വം വരിച്ച ധീരമാതൃഭാഷ സ്നേഹികൾ.

മതത്തിന്റെയും കൃത്രിമമായ് പഴപ്പിച്ചെടുത്ത ദേശീയ വികാരത്തിന്റെയും പേരിൽ 1947ൽ പാകിസ്ഥാൻ രൂപംകൊണ്ടപ്പോൾ അവിടെ ഏക ദേശീയ ഭാഷയായ് പ്രഖ്യാപിച്ചത് 'ഉറുദു' ആയിരുന്നു. തുടർന്ന് രാജ്യം മറ്റൊരു പിളർപ്പിലേക്ക് പോകുമോയെന്നു ആശങ്കയുയർന്നു. കാരണം കിഴക്കൻ പാകിസ്ഥാനിൽ ഒരുശതമാനം പോലും ഈ ഭാഷ പ്രയോഗത്തിൽ ഉണ്ടായിരുന്നില്ല. മഹാഭൂരിപക്ഷത്തിന്റെ ഭാഷയായ ബംഗാളി രണ്ടാം ഭാഷയാക്കണമെന്ന അഭ്യർത്ഥനയും നിരസിക്കപ്പെട്ടു. ബംഗാളി എഴുതുന്നത് അറബി ലിപിയിലാകണമെന്ന ധാർഷ്ട്യത്തിലേക്കും ഭരണാധികാരികൾ എത്തിയപ്പോൾ പ്രതിഷേധം കൂടുതൽ ശക്തിയാർജ്ജിച്ചു. തുടർന്ന് വെടിവെപ്പിന്റെ മൂന്നാം നാൾ അടക്കമില്ലാത്ത വീര്യവുമായി വിദ്യാർത്ഥികൾ തങ്ങളുടെ ചങ്ങാതിമാർ രക്തസ്നാനമാക്കിയ തെരുവിൽ ശഹീദ് സ്മൃതി സ്മാരകമുയർത്തി. നാളുകളോളം നീണ്ടുനിന്ന പ്രക്ഷോഭം ഒടുവിൽ ബംഗ്ലാദേശ് വിമോചനപോരാട്ടത്തിന്റെ ആരംഭമായി പരിവർത്തനപ്പെട്ടു. ഒരു രാഷ്ട്രത്തിന്റെ സാംസ്കാരിക പ്രാതിനിധ്യവും ദേശസ്നേഹവും ഭാഷയിൽ പ്രകടമായതിന്റെ സാർവ്വദേശീയ മാതൃകയാണ് ബംഗ്ലാദേശ്. മാതൃഭാഷക്കായി ഒരു ജനതക്ക് രക്തസാക്ഷികളെ സൃഷ്ടിക്കേണ്ടി വന്നുവെന്ന ചരിത്രയാഥാർത്ഥ്യമാണ് ഈ ദിവസത്തെ ലോകമാതൃഭാഷ ദിനമായി തിരഞ്ഞെടുക്കാൻ അർഹമാക്കിയത്.

ഭാഷയും സംസ്കാരവും പരസ്പര പൂരകങ്ങളാണെന്ന തിരിച്ചറിവിൽ നിന്നുമാണ് സാംസ്കാരിക സംരക്ഷണത്തിന്റെ ഭാഗമായി ഭാഷ സംരക്ഷണവും ഉയർന്നുവന്നത്. അന്ന് തങ്ങളുടെ ഭാഷയെ അടിച്ചമർത്തലുകളിൽ നിന്ന് സ്വതന്ത്രമാക്കാൻ ഒരു ജനത മുഴുവൻ സംഘടിച്ചു. എന്നാലിന്ന് സ്വന്തം ഭാഷയുടെ മഹത്വം തിരിച്ചറിയാൻ സാധിക്കാത്ത ജനതയെയാണ് ലോകം സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നത്. തൊഴിൽ മേഖലകളിൽ പോലും മാതൃഭാഷ പ്രാവീണ്യം ഒരു മാനദണ്ഡമായി വരുന്നില്ല. കേരള പി. എസ്. സി പരീക്ഷകളിൽപോലും മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകാത്ത അവസ്ഥ ഈ അടുത്തകാലത്ത് ഏറെ ചർച്ചചെയ്യപ്പെട്ടിരുന്നു. എങ്കിൽ സിവിൽ സർവീസ് പോലുള്ള ഉന്നത പരീക്ഷകളിൽ മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകിയത് അഭിനന്ദാർഹമാണ്. ഉന്നത വിദ്യാഭ്യാസത്തിനും സാമ്പത്തിക ഭദ്രത ഉയർത്തുന്ന തൊഴിലുകൾക്കും ആംഗലേയ ഭാഷയാണ് അനിവാര്യമെന്ന് ധരിക്കുന്ന പൊതുബോധത്തെ തച്ചുടയ്ക്കാൻ ഇത്തരം മാറ്റങ്ങൾ പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കാം.

ഭാരതത്തിലെ അന്യസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളീയരാണ് ഇന്ന് ഭാഷയോട് ഏറ്റവും കുറവ് ആത്മബന്ധം പുലർത്തുന്നത്. മതപരമായും രാഷ്ട്രീയ ചിന്തയാലും മറ്റ് ഭാഷകൾക്ക് പ്രാധാന്യം നൽകുന്ന മലയാളികൾ അൻപതു ശതമാനത്തിലും കൂടുതലാണ്. ഇന്ന് ഭാഷാസംരക്ഷണത്തിനായി സർക്കാർ



**ഭാഷയും സംസ്കാരവും പരസ്പര പൂരകങ്ങളാണെന്ന തിരിച്ചറിവിൽ നിന്നുമാണ് സാംസ്കാരിക സംരക്ഷണത്തിന്റെ ഭാഗമായി ഭാഷ സംരക്ഷണവും ഉയർന്നുവന്നത്.**

**മാതൃഭാഷ സംസാരിക്കുമ്പോൾ പിഴ ചുമത്തുന്ന വിദ്യാലയങ്ങളല്ല, മാതൃഭാഷയെ വളർത്തിയെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അനിവാര്യം. ശുദ്ധമായ ഭാഷാപ്രയോഗത്തെ പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസ നയപരിപാടികൾ ഉടനടി നടപ്പിലാക്കപ്പെടേണ്ടതായുണ്ട്.**



തലത്തിൽ നിരവധി പ്രഖ്യാപനങ്ങളാണ് നടക്കുന്നത്. ശ്രേഷ്ഠഭാഷാപദവിയും മലയാള സർവകലാശാലയുടെ ആരംഭവുമെല്ലാം ഏറെ അഭിനന്ദാർഹമായ വസ്തുതകളാണെങ്കിലും നിലവിലുള്ള അവസ്ഥയിൽ നിന്നും മലയാള ഭാഷയെയും സംസ്കൃതിയെയും സംരക്ഷിച്ചും സമ്പുഷ്ടമാക്കിയും അടുത്ത തലമുറയ്ക്ക് നൽകേണ്ട ത് നമ്മുടെ കർത്തവ്യമാണെന്ന ബോധം ജനഹൃദയങ്ങളിലേക്ക് സന്നിവേശിപ്പിക്കേണ്ടത് അനിവാര്യമാണ്. മാതൃഭാഷ സംസാരിക്കുമ്പോൾ പിഴ ചുമത്തുന്ന വിദ്യാലയങ്ങളല്ല, മാതൃഭാഷയെ വളർത്തിയെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അനിവാര്യം. ശുദ്ധമായ ഭാഷാപ്രയോഗത്തെ പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസ നയപരിപാടി കൾ ഉടനടി നടപ്പിലാക്കപ്പെടേണ്ടതായുണ്ട്. ഭാരതത്തിൽ ഇന്ന് ശാസ്ത്ര പ്രതിഭകൾ ഉണ്ടാകു ന്നില്ല. സാങ്കേതിക വിദഗ്ധരെ ഉള്ളൂ. "ശാസ്ത്രവും സാമൂഹ്യ ശാസ്ത്രവും കുട്ടിയുടെ മാതൃഭാഷയിൽ പഠിപ്പിച്ചാലേ പ്രതിഭകൾ ഉണ്ടാവുകയുള്ളൂ". അന്തരിച്ച മുൻ രാഷ്ട്രപതി ശ്രീ. എ. പി. ജെ അബ്ദുൾ കലാമിന്റെ വാക്കുകളാണിത്. ഈ വാചകങ്ങളോട് ചേർത്തുവായിക്കാവുന്ന ഒരു പഠന റിപ്പോർട്ട് യു. എൻ പുറത്തിറക്കുകയു ണ്ടായി. ഈ റിപ്പോർട്ടിൽ ഉടനീളം മാതൃഭാഷാ സംരക്ഷണത്തിന്റെയും മാതൃഭാഷാ വിദ്യാഭ്യാസ



തിന്റേയും ആവശ്യകതയാണ് പ്രതിഫലി ക്കുന്നത്.

ഓരോ ഭാഷാ ദിനാചരണങ്ങളും കടന്നു പോകുമ്പോൾ  ഭരണ - വിദ്യാഭ്യാസ - നീതിന്യായ രംഗത്തെല്ലാമുള്ള ഭാഷ ആസൂത്രണം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഭാഷാസംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സംഘടനകൾ പലയിടത്തും നിലകൊള്ളുന്നുവെങ്കിലും ഒരു ഏകീകൃത രൂപം കൈവരിക്കുവാൻ ഇവയ്ക്ക് സാധ്യമായിട്ടില്ല. ഭരണതലത്തിൽ ഇത്തരം സംരംഭങ്ങൾക്ക് ഒരു ഏകീകരണം ഉണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മാതൃഭാഷയെ പെറ്റമ്മയോടും മുലപ്പാലിനോടും ഉപമിച്ചിരുന്ന സാഹിത്യത്തിൽ നിന്നും കുഞ്ഞ് ഇംഗ്ലീഷ് സംസാരിക്കാനായി ഭാര്യയുടെ പ്രസവം അമേരിക്കയിലേക്ക് മാറ്റിയ പുതിയകാല സഹിത്യത്തിലേക്ക് കണ്ണുപായിക്കുമ്പോൾ സാമൂഹികമായ വ്യതിയാനം തന്നെയാണ് സ്പഷ്ടമാകുന്നത്. നിരന്തരമായ പ്രയോഗത്തിലൂടെയും സാഹിത്യ സൃഷ്ടികളിലൂടെയും നവീകരിക്കപ്പെടുന്ന ഭാഷയ്ക്ക് മാത്രമേ നിലനിൽപ്പ് സാധ്യമാവുകയുള്ളൂ എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ക്രാന്തദർശിയായ കവി വള്ളത്തോളിന്റെ വരികൾ ഈ അവസരത്തിൽ ഓർത്തെടുക്കാം.

*"എത്ര ലജ്ജാകര, മെത്ര ദുഃഖപ്രദം*
*പുത്രധർമങ്ങൾ മറന്നിടായ് വിൻ*
*മാതൃഭാഷയ്ക്കിഹ ദാസ്യം നടത്തായ്കി -*
*ലാധിപത്യത്തിനർഹർ നിങ്ങൾ -*
*ഭക്ത്യാ സ്വഭാഷ തൻ*
*കാൽക്കൽ കനിയായ്കി -*
*ലത്തലയെങ്ങനെ പൊങ്ങി നിൽക്കും".*



ഇന്ദ്രജ.പി

# അറ്റങ്ങൾ

ഒറ്റവരയിൽ
വരിഞ്ഞു
മുറിപ്പെടുത്താവുന്ന
ഒരായുധം തന്നെയല്ലേ
ഇന്നലെ
എട്ടുമണിക്കൂർ നേരത്തെ ശസ്ത്രക്രിയയിൽ
ഒരു ജീവനെ പിടിച്ച നിർത്തിയത്

ഹൃദയങ്ങൾ ഒരുപോലെ സൃഷ്ടിക്കപ്പെട്ടിട്ടും
എങ്ങനെ
ഹിറ്റ്ലറുടെ തോക്കും
ഗാന്ധിയുടെ ഊന്നുവടിയും
വിരുദ്ധാർത്ഥങ്ങളുള്ള
കവിതകളായി

വെളിച്ചം തന്ന അതേ
കൈത്തിരിതന്നെ
മാറോടടക്കിച്ചുംബിക്കുമ്പോൾ
അവസാനം
ഒന്നുമവസാനിക്കാതെ പോവുന്നു



ഒരേഭാവത്തിന്റെ രണ്ടറ്റങ്ങളിൽ
ഒട്ടുമേ ചേർച്ചതോന്നാത്തവരെ പോലെ
എത്ര പേരാണ്
കൈകോർത്ത് നടക്കുന്നത്
പിരിച്ചെഴുതാനാവാതെ
ചേർന്ന് നിൽക്കുന്നത്

ഇരുട്ടിന്റെ ആഴം കൂടുംതോറും
വെളിച്ചത്തിന്റെ മൂർച്ച കൂടുംപോലെ..


ഏത്
അർദ്ധരാത്രിയിലാണ്
വാക്കുകൾ
സ്വതന്ത്രമാകുന്നത്

ഒരുവിധ ആവിഷ്കാരത്തേയും, രാഷ്ട്രീയ ബോധത്തോടെയുള്ള ഫലിതത്തെപ്പോലും അനുവദിക്കാതിരിക്കാൻ മാത്രം സങ്കുചിത ചിന്താഗതിയും ക്രൂരവും ഹിംസാത്മകവുമായി മാറുകയാണ് ലോകം. മതാന്ധതയാണ് ഇവിടെ ലോകം ഭരിക്കുന്നത്. നിലനിൽപ്പിനെ കുറിച്ചുള്ള ചോദ്യമാണ് ഇവിടെ ഉയർന്നുകൊണ്ടിരിക്കുന്നത്. മതേതര രാഷ്ട്രമായ ഇന്ത്യയിൽപ്പോലും എഴുത്തുകാരന്റെ ജീവനും മരണവുമെല്ലാം അദ്ദേഹത്തിന്റെ തൂലികതുമ്പിലാണെന്ന് പറയേണ്ട അവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്.

# അധികാരം മഷി പുരട്ടും വാക്കിലും വരയിലും

അശ്വിൻ.എ.കെ

നിർദോഷമായ വിമർശനങ്ങൾ പോലും അസ്വസ്ഥതയുളവാക്കുന്ന ഒരു സാഹചര്യത്തിലാണ് നമ്മൾ ജീവിച്ചുപോവുന്നത്. കുറച്ചു വർഷങ്ങൾക്കു മുമ്പ് പെരുമാൾ മുരുകൻ താമസിക്കുന്ന പ്രദേശത്തെ ഒരു വിഭാഗം ജനങ്ങൾ അദ്ദേഹത്തിന്റെ "മാതൊരുഭാഗൻ" എന്ന നോവലിലെ കഥാംശത്തിൽ പ്രകോപിതരാവുകയും അവരുടെ എതിർപ്പ് ആക്രമണ സ്വഭാവത്തിലേക്ക് കടന്നപ്പോൾ മുരുകൻ തന്റെ നോവൽ പിൻവലിക്കുകയും എഴുത്ത് നിർത്തുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. സന്താനലാഭം ലഭിക്കാത്ത ദമ്പതികൾ വർഷങ്ങൾക്കുമുമ്പ് ഈ പ്രദേശത്ത് ആഘോഷിക്കപ്പെട്ട വൈകാശി വിശാഖം നാളിൽ വിവാഹേതര ബന്ധത്തിലൂടെ അത് സാധിച്ചിരുന്നു എന്ന പരാമർശമാണ് നാട്ടുകാരെ "മാതൊരുഭാഗൻ" എന്ന നോവലിനെതിരെ തിരിയാൻ പ്രേരിപ്പിച്ചത്.

എന്നാൽ ഹൈന്ദവപുരാണങ്ങളിലും ഇതിഹാസങ്ങളിലും ഇതേ വിഷയം പ്രതിപാദിക്കുന്നുണ്ട്. മനുസ്മൃതിയിൽ നിയോഗം എന്ന പേരിൽ ഈ സമ്പ്രദായത്തിന് അംഗീകാരം നൽകിയിട്ടുമുണ്ട്.

ഇവിടെയാണ് സംഭവത്തിന്റെ വൈചിത്ര്യം നമുക്ക് മനസ്സിലാവുന്നത്. പലതിനും മുൻപിൽ തങ്ങളുടെ കണ്ണുകൾ മൂടിക്കെട്ടുന്ന ചില പ്രത്യേക ശക്തികൾ അവരുടെ ആവശ്യാനുസരണം മാത്രം പ്രതിഷേധങ്ങളും അക്രമങ്ങളും നടത്തുന്നു. സാധാരണനിലയിൽ പെരുമാൾ മുരുകന് സംരക്ഷണം നൽകേണ്ട ഭരണകർത്താക്കൾ അത് ചെയ്യില്ലെന്നു മാത്രമല്ല അക്രമകാരികളുടെ കൂടെ നിലനിന്നുകൊണ്ട് പുസ്തകം പിൻവലിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തുവെന്നത് അത്ഭുതാവഹം തന്നെ. മറ്റൊന്നുകൂടി നാം ചിന്തിക്കേണ്ടതുണ്ട്, ഈ പ്രദേശം സാമ്പത്തിക പുരോഗതി കൈവരിച്ചതായിരുന്നു. സാമ്പത്തിക പുരോഗതിയും വികസനവും മനുഷ്യനെ ആധുനിക ലോകവുമായി ബന്ധപ്പെടുവാനും വിശാലമായ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കുവാനും സഹായിക്കും എന്നാണ് നാം മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ ഇവിടെ സംഭവിച്ചത് ഒരു സമുദായം ആധുനിക കാലഘട്ടത്തിൽ ജീവിച്ചിരിക്കുകയും പുരാതനമായ കാഴ്ചപ്പാടുകളിൽ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്തു എന്നതാണ്. ചിലപ്പോൾ അവരുടെ ഈ അവസ്ഥ ചില




സ്ഥാപിത താൽപര്യക്കാർ ചൂഷണം ചെയ്തതാവാം. സാമൂഹിക പ്രവർത്തകൻ കൂടിയായ പെരുമാൾ മുരുകനോട് രോഷം തീർക്കാൻ വർഗീയശക്തികളുടെ സഹായത്തോടുകൂടി ചില സംഘടനകൾ ശ്രമിച്ചതാവാം.

പെരുമാൾ മുരുകന്റെ കാര്യത്തിൽ മാത്രമല്ല ഇത് സംഭവിച്ചത്. കന്നഡ എഴുത്തുകാരനും കന്നഡ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറും പണ്ഡിതനുമായ ഡോ.എം.എം.കൽബുർഗി വെടിയേറ്റ് മരിച്ചതും ആവിഷ്കാര സ്വാതന്ത്ര്യത്തിനു മേലുള്ള കടന്നു കയറ്റത്തിന്റെ മറ്റൊരുദാഹരണമാണ്. വിഗ്രഹാരാധനയ്ക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തതാണ് അദ്ദേഹത്തിന്റെ കൊലപാതകത്തിൽ കലാശിച്ചത്. ഇതേതുടർന്ന് സാഹിത്യകാരന്മാർ വളരെ ശക്തമായി പ്രതിഷേധിക്കുകയുണ്ടായി. തങ്ങൾക്കു ലഭിച്ച കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ തിരിച്ചുനൽകി കൊണ്ട് അവർ രൂക്ഷമായ ഭാഷയിൽ പ്രതികരിച്ചു. നിലവിലെ സാഹചര്യങ്ങൾ ആവിഷ്കാര സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്നും അതുകൊണ്ടുതന്നെ എഴുതാൻ പറ്റില്ല എന്നും അവർ വാദിച്ചു. എന്നാൽ "അവർ എഴുത്ത് അവസാനിപ്പിക്കട്ടെ" എന്ന വിചിത്രമായ അഭിപ്രായമാണ് അന്നത്തെ ബഹുമാന്യനായ സാംസ്കാരികവകുപ്പ് മന്ത്രിയിൽ നിന്നുണ്ടായത്.

യഥാർത്ഥത്തിൽ ഇവിടെ വെറുപ്പിന്റെ അന്തരീക്ഷമാണ് നിലനിൽക്കുന്നത് എഴുതാനുള്ള സ്വാതന്ത്ര്യവും ഇല്ലാതായിരിക്കുന്നു. ഈ ആക്രമണങ്ങളൊക്കെയും ഭരണഘടന അനുശാസിക്കുന്ന അഭിപ്രായസ്വാതന്ത്ര്യത്തിനു മേലുള്ള കടന്നുകയറ്റമാണ്. ഭരണകൂടങ്ങൾ പോലും നിയന്ത്രിക്കുന്ന ശക്തിയായി വർഗീയത വളരുകയാണ്.
ഒരു മതേതര ജനാധിപത്യ രാജ്യത്തിൽ ആണ് നാം ജീവിക്കുന്നത്. യഥാർത്ഥ പ്രശ്നം ഒരു സാഹത്യരചനയും അതെഴുതുവാനുള്ള ഒരു

**തങ്ങൾക്കു ലഭിച്ച കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ തിരിച്ചുനൽകി കൊണ്ട് അവർ രൂക്ഷമായ ഭാഷയിൽ പ്രതികരിച്ചു. നിലവിലെ സാഹചര്യങ്ങൾ ആവിഷ്കാര സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്നും അതുകൊണ്ടുതന്നെ എഴുതാൻ പറ്റില്ല എന്നും അവർ വാദിച്ചു. എന്നാൽ "അവർ എഴുത്ത് അവസാനിപ്പിക്കട്ടെ" എന്ന വിചിത്രമായ അഭിപ്രായമാണ് അന്നത്തെ ബഹുമാന്യനായ സാംസ്കാരികവകുപ്പ് മന്ത്രിയിൽ നിന്നുണ്ടായത്.**

**യഥാർത്ഥ പ്രശ്നം ഒരു സാഹിത്യരചനയും അതെഴുതുവാനുള്ള ഒരു എഴുത്തുകാരന്റെ സ്വാതന്ത്ര്യവുമാണ്. എന്നാൽ കുറച്ചു കാലമായി അവർക്ക് ഈ സ്വാതന്ത്ര്യം ലഭിക്കുന്നുണ്ടോയെന്ന് നാം ചിന്തിക്കേണ്ട വിഷയമാണ്.**

എഴുത്തുകാരന്റെ സ്വാതന്ത്ര്യവുമാണ്. എന്നാൽ കുറച്ചു കാലമായി അവർക്ക് ഈ സ്വാതന്ത്ര്യം ലഭിക്കുന്നുണ്ടോയെന്ന് നാം ചിന്തിക്കേണ്ട വിഷയമാണ്. രാജ്യത്ത് ആക്രമണങ്ങൾക്കോ,കലാപങ്ങൾക്കോ കാരണമാവാത്തതും എന്നാൽ ചില പ്രത്യേക വ്യക്തികളുടെ സങ്കൽപങ്ങൾക്ക് വിഘ്നം സൃഷ്ടിക്കുന്നതുമായ സാഹിത്യരചനകൾക്കും, സാഹിത്യകാരന്മാർക്കും നേരെ അതിക്രമങ്ങൾ ഉണ്ടാവുകയാണെങ്കിൽ അവർക്ക് പൂർണ സംരക്ഷണം നൽകേണ്ട ചുമതല ഭരണാധികാരികൾക്കുണ്ട്. ഇതിന് പര്സപരവിരുദ്ധമായാണ് ഇവിടെ സംഭവിച്ചത്, കുറച്ചുകാലമായി സംഭവിച്ചു കൊണ്ടിരിക്കുന്നത്. ആവിഷ്കാര സ്വാതന്ത്ര്യത്തിനു മേലുള്ള കടന്നു കയറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലായികഴിഞ്ഞിരിക്കുന്നു ഭരണകൂടത്തിന്റെ ഓരോ പ്രവർത്തിയും. അധികാരത്തിലിരിക്കുന്ന രാഷ്ട്രീയകക്ഷികൾക്ക് അനുസരിച്ച് ഭരണകൂടങ്ങൾ നയങ്ങളുണ്ടാക്കുകയും ഭരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് കണ്ടുവരുന്നത്. ജനാധിപത്യ മൂല്യങ്ങൾക്ക് ഒരു വിലയും കൽപ്പിക്കുന്നില്ല എന്നത് ദുഃഖപരം തന്നെ. ഇവിടെ നാം പ്രത്യേകം ശ്രദ്ധചെലുത്തേണ്ട കാര്യം മറ്റൊന്നും തന്നെയല്ല, ഇപ്പോൾ ഭരണസിരാകേന്ദ്രത്തിൽ ഇരിക്കുന്ന കക്ഷി ഒരു പ്രത്യേക മതത്തിനോടും സാഹിത്യരചനകളോടും യുക്തിപരമായ ചിന്തകളോടും തുറന്ന യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു എന്നതാണ്. സദാചാര പോലീസുകാരായി ഇറങ്ങുന്ന സംഘടനകളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്നതും ആശങ്കയുളവാക്കുന്ന കാര്യം തന്നെയാണ്. ഏകദേശം ഈ സമയത്ത് തന്നെ സംഭവിച്ച യൂറോപ്പിലെ ചാർലി കാർട്ടൂണുകളുടെ പ്രതിഷേധങ്ങളും ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെയുള്ളവയായിരുന്നു. 'പത്മാവത്' എന്ന സിനിമയിലെ ചില ഭാഗങ്ങൾ ഒരു കൂട്ടം ഹിന്ദുത്വവാദികളെ ചൊടിപ്പിച്ചത് നാം കണ്ടതാണ്. പെരുമാൾ മുരുകനും കൽബുർഗിക്കും സാഹിത്യരൂപത്തിലാണ് ആവിഷ്കാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടതെങ്കിൽ ചാർലിയിൽ കാർട്ടൂണുകളുടെ രൂപത്തിലാണ് ഇത് സംഭവിച്ചത്.

2008ൽ പ്രശസ്ത ചിത്രകാരൻ എം എഫ് ഹുസൈ



നെതിരെ ജാതിസംഘടനകൾ കേസ് നൽകുക യുണ്ടായി. എം എഫ് ഹുസൈൻ ഹിന്ദു ദേവതമാരെ നഗ്നരാക്കി ചിത്രീകരിച്ചത് വഴി മതവികാരങ്ങൾ വ്രണപ്പെടുത്തിയെന്ന ആരോപണം ശക്തമായപ്പോൾ ഹുസൈന് ഇന്ത്യ വിട്ടു പോകേണ്ടി വന്നു. ഇതുമായി ബന്ധപ്പെട്ട കേസിൽ ജസ്റ്റിസ് കൗൾ പ്രഖ്യാപിച്ച വിധിയിൽ പറഞ്ഞ കാര്യം ഏറെ ശ്രദ്ധേയമാണ്. "ചിന്തയിലും പ്രവർത്തിയിലും നമ്മുടെ സംസ്കാരം സഹിഷ്ണുതയുടെ, സംസ്കാരമാണ്".

ഹിന്ദുത്വത്തെ നിരന്തരം വിമർശിച്ച ആളായിരുന്ന എഴുത്തുകാരനും കമ്യൂണിസ്റ്റ് നേതാവുമായിരുന്ന ഗോവിന്ദ് പൻസാരെ, ആർഎസ്എസ് രൂപംകൊണ്ട മഹാരാഷ്ട്രയിൽ ജനിച്ച് ഹിന്ദു വർഗീയതക്കെതിരെ ശബ്ദമുയർത്തിയ ധൈഷണികൻ. അദ്ദേഹത്തിന്റെ "ആരായിരുന്നു ശിവജി", "ഹു കിൽഡ് കർക്കറെ" എന്നീ പുസ്തകങ്ങൾ ഹിന്ദു വർഗീയവാദികളെ ചൊടിപ്പിച്ചു. ഹിന്ദു വർഗീയതയെ കടന്നാക്രമിച്ച പൻസാരയെ 2015 ലെ ഫെബ്രുവരി മാസത്തിൽ അവർ ഇല്ലാതാക്കി.



പൻസാരയുടെ അതേ സാഹചര്യത്തിലൂടെ തന്നെ ജീവിതം മുന്നോട്ട് നയിച്ച ഒരാളായിരുന്നു പത്രപ്രവർത്തകയും ചിന്തകയുമായ ഗൗരി ലങ്കേഷ്. "ലങ്കേഷ് പത്രിക" എന്ന പത്രത്തിലൂടെ സംഘപരിവാറിന്റെ ഹിന്ദു തീവ്രവാദത്തിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ച ഗൗരിലങ്കേഷ് കാത്തിരുന്നതും വെടിയുണ്ടകൾ തന്നെയായിരുന്നു.

മലയാള സാഹിത്യ രംഗം മതേതരമായ ഒരു പ്രതിരോധം എന്നും തീർത്തിരുന്നു. എന്നാൽ വർഗീയവാദികൾ ഇവിടെയും വിദ്വേഷത്തിന്റെ വിത്തുപാകാൻ തുടങ്ങിയിരിക്കുന്നു. മാതൃഭൂമി ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിച്ച എസ്.ഹരീഷിന്റെ "മീശ" എന്ന നോവലിലെ ചില ഭാഗങ്ങളാണ് ഇവിടെ പലരെയും പ്രകോപിപ്പിച്ചത്. ക്ഷേത്രത്തിൽ പോകുന്ന സ്ത്രീകളുമായി ബന്ധപ്പെട്ട നോവലിലെ പരാമർശം ഹിന്ദുമത വിശ്വാസികളെ വേദനിപ്പിച്ചു എന്ന് പറഞ്ഞുകൊണ്ട് ഹിന്ദുത്വ തീവ്രവാദികൾ നടത്തിയ ആക്രമണത്തെ ഭയന്ന് ആഴ്ചപതിപ്പിൽ നോവൽ പ്രസിദ്ധീകരിക്കുന്നത് നിർത്തുകയാണുണ്ടായത്.
കലയും സാഹിത്യവും പലപ്പോഴും പ്രകോപനപരമാണ്. വസ്തുതകളുടെ കൂടെ കലാകാരന്റെയോ എഴുത്തുകാരന്റെയോ ഭാവനയും അതിലുണ്ടാവാം. അതുകൊണ്ടുതന്നെ കലക്കെതിരായ കൊലവിളികൾ വെറുക്കപ്പെടേണ്ടതാണ്. പെരുമാൾ മുരുകന്റെ എഴുത്ത് നിർത്തൽ പ്രഖ്യാപനം അദ്ദേഹത്തിന്റെ വ്യക്തിപരമായ പരാജയം

**പെരുമാൾ മുരുകനും കൽബുർഗിക്കും സാഹിത്യരൂപത്തിലാണ് ആവിഷ്കാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടതെങ്കിൽ ഷാർലിയിൽ കാർട്ടൂണുകളുടെ രൂപത്തിലാണ് ഇത് സംഭവിച്ചത്.**

**മാതൃഭൂമി ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിച്ച എസ്.ഹരീഷിന്റെ "മീശ" എന്ന നോവലിലെ ചില ഭാഗങ്ങളാണ് ഇവിടെ പലരെയും പ്രകോപിപ്പിച്ചത്. ക്ഷേത്രത്തിൽ പോകുന്ന സ്ത്രീകളുമായി ബന്ധപ്പെട്ട നോവലിലെ പരാമർശം ഹിന്ദുമത വിശ്വാസികളെ വേദനിപ്പിച്ചു എന്ന് പറഞ്ഞുകൊണ്ട് ഹിന്ദുത്വ തീവ്രവാദികൾ നടത്തിയ ആക്രമണത്തെ ഭയന്ന് ആഴ്ചപതിപ്പിൽ നോവൽ പ്രസിദ്ധീകരിക്കുന്നത് നിർത്തുകയാണുണ്ടായത്.**

സമ്മതിക്കലല്ല. വാഡ്ഫെസ്റ്റിൽ പങ്കെടുക്കുന്നില്ല എന്ന വിവാൻ സുന്ദരത്തിന്റെ പ്രഖ്യാപനം ആ കലാകാരന്റെ പിൻവാങ്ങലല്ല.
ലീല സാംസൺ കേന്ദ്ര സെൻസർ ബോർഡിൽ നിന്ന് രാജിവയ്ക്കുന്നത് അവരുടെ വ്യക്തിപരമായ കാര്യമല്ല. നമ്മൾ ജീവിക്കുന്ന കാലഘട്ടത്തിലെ രാഷ്ട്രീയ ചുറ്റുപാടുകൾ കലാകാരന്മാരെയും എഴുത്തുകാരെയും ശ്വാസം മുട്ടിക്കാൻ തുടങ്ങിയിരിക്കുന്നു. സ്വതന്ത്ര ബുദ്ധിയുള്ള ജീവികളാണ് ഭൂമികുലുക്കത്തിന് പറ്റി ആദ്യമറിയുക. അതിനാലാണ് നിലത്തുന്നി ജീവിക്കുന്ന നല്ല എഴുത്തുകാർ വരാനിരിക്കുന്ന കാലത്തെ കുറിച്ച് മുന്നറിയിപ്പ് തരുന്നത്. എന്നാൽ ആവിഷ്കാരസ്വാതന്ത്ര്യത്തിനുമേൽ കൂച്ചുവിലങ്ങിടാൻ ശ്രമിക്കുന്ന മതബോധത്താൽ അന്ധരായി കൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകൾ ചിത്രങ്ങളെയും കാർട്ടൂണുകളെയും തോക്കിനാൽ ഭയപ്പെടുത്തുകയും പുസ്തകങ്ങളെ അഗ്നിക്കിരയാക്കുകയും എഴുത്തിനെ ഊരുവിലക്കുകയും കലാകാരന്മാരെ നാടുകടത്തുകയും ചെയ്യും. അവർ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ട് നിശബ്ദമായ ഒരു ജനതയെ സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ഇത്തരത്തിൽ
ആവിഷ്കാര സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റത്തെ പ്രതിരോധിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. നിർദോഷമായ വിമർശനങ്ങൾ പോലും അസ്വസ്ഥതയുളവാക്കുന്ന തരത്തിൽ മനസ്സുകൾ അശാന്തമായി കൊണ്ടിരിക്കുന്ന ഈ കാലത്ത് ആവിഷ്കാരസ്വാതന്ത്ര്യത്തിന് പുതിയ അതിർത്തികൾ നിർവചിക്കേണ്ടി വരുമോയെന്ന ആശങ്ക ഭീതിയുളവാക്കുന്നതാണ്. യുവതലമുറ അത്തരത്തിലുള്ള മാറ്റത്തിന്



മാർഗദീപം കാട്ടേണ്ടതാണ്. ഇനി  വരുന്നൊരു തലമുറയ്ക്കെങ്കിലും തങ്ങളുടെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് വിഹായസ്സിലേക്ക് പറന്നുയരാൻ സാധിക്കട്ടെ



നിതുൻ.കെ

# ചേരുവ

അടികരിഞ്ഞു
കയ്പുവറ്റിയ
വിഷപ്പായസം
വടിച്ചെടുത്ത
പാത്രം,
പതിവ്രപരിഭവങ്ങൾ ഒരു കപ്പ്
മുക്കാത്തിത്തിളക്കമൊരുതവയിൽ
വിരലിന്റെ തുമ്പു പിഴിഞ്ഞ ദ്രാവകം.
പിന്നെപിന്നെയെന്നപോലെന്നോട്
വിങ്ങിപ്പൊട്ടുന്ന നിന്റെ കണ്ണുനീരിന്റെ-
നൂറുഡിഗ്രിത്തിളനിലയിലെത്തുമ്പോൾ
ഒരു പോണ്ടയരിഞ്ഞ മെസ്സേജുകൾ,
ജടകെട്ടിയ മുളിച്ചകൾ,
പൊള്ളിപ്പിടഞ്ഞു ചത്ത ഉമ്മകൾ,
പഴയയനുപാതം വെച്ചു ചേർത്തു
ഇളക്കിനോക്കുന്ന പിണക്കമാപിനി.
എരിവ് നിർബന്ധമാണ്.
സിഗരറ്റുകുറ്റിയുടെ ഇളംനീലപ്പുക.
കള്ളുമോന്തിയ വൈകിവരവിൽ
കലത്തിൽ മുട്ടുന്ന കവിതകൾ
ഓർമ്മകൾ പതഞ്ഞു പൊന്തുമ്പോൾ
ഒരുകൈക്കലതോർത്തുകൊണ്ട്
തണുത്തകരളിൽ വാങ്ങിവെച്ച
പലപ്പോഴും നിന്നെ ഞാൻ
പാകം ചെയ്തു കഴിച്ചിട്ടുണ്ട്.
ഇതാണെ നിന്റെ ചേരുവ...!!



ആത്മീയപാതയിൽ
അവർക്ക് വിലക്ക് കൽപിച്ച്
സിദ്ധാർത്ഥൻ തിരഞ്ഞുനടക്കവെ
കാടുവെട്ടിത്തെളിച്ച് മുന്നേറുന്ന
രണ്ടുപേരെ കണ്ടു
സിദ്ധാർത്ഥൻ ചോദിച്ചു:
"മോക്ഷത്തിന്റെ പാതയിൽ നിന്ന്
വ്യതിചലിക്കുന്ന നിങ്ങൾ ആരാണ്?"

"ഞങ്ങൾ
പൊരുതുന്നവർ"





# സ്വാതന്ത്ര്യകുന്നിലെ ഒറോതമാർ

അർച്ചന.യു.കെ

പോരാട്ടങ്ങൾ ഒന്നും വെറുതെയാവുന്നില്ല
എന്ന് കാലം നിരന്തരം ഓർമിപ്പിക്കുന്നു.
അടിച്ചമർത്തപ്പെടുന്നവരുടെ ശബ്ദമായി
പുതിയ പാതകൾ സൃഷ്ടിച്ച് അവർ മുന്നേറുകയാണ്.
തോറ്റുകൊടുക്കാൻ തയ്യാറാകാത്ത മനസ്സുമായി...



ഇന്ത്യയുടെ കണ്ണീരിന്റെ പേരാണ് കത്വ. ജമ്മുവിലെ നീറ്റലായൊടുങ്ങിയ ആ 8 വയസ്സുകാരിയെ ഓർത്ത് മനുഷ്യപ്പെറ്റുള്ളവരുടെയെല്ലാം കണ്ണു നിറഞ്ഞു . മരണാനന്തരമെങ്കിലും അവൾക്കു നീതി വേണമെന്ന മുദ്രാവാക്യം വിളിച്ച് ആളുകൾ രാജ്യമെങ്ങും തെരുവിലിറങ്ങി. സ്ത്രീ എന്നാൽ ഭോഗിക്കാൻ മാത്രമുള്ള ഒരു വസ്തു ആണെന്ന് ചിന്തിച്ചിരുന്ന ഒരു കൂട്ടം കാമവെറിയന്മാരുടെ ദാഹത്തിനു മുൻപിൽ ആ പിഞ്ചു കുഞ്ഞ് ഇരയാവുകയായിരുന്നു. നാടോടി സമുദായമായ ബഖർവാലകളെ കത്വവയിലെ രസാന ഗ്രാമത്തിൽ നിന്ന് പറന്തള്ളുക എന്ന ലക്ഷ്യത്തോടെയായിരുന്നു ബാലികയെ തട്ടി കൊണ്ടു പോയി ദിവസങ്ങളോളം ക്രൂര പീഡനത്തിനിരയാക്കിയത്. പലതരം വേദനസംഹാരികളും ഉറക്കഗുളികകളും ലഹരി മരുന്നുകളും ചേർത്ത മിശ്രിതം ബലമായി നൽകികൊണ്ട് ഒന്നുറക്കെ കരയാൻ പോലും ആകാത്തവിധം അബോധാവസ്ഥയിലാക്കിയായിരുന്നു ഗ്രാമത്തിലെ പൗരമുഖ്യനും മറ്റ് അഞ്ച് പേരും ചേർന്ന് അവരുടെ അധീനതയിലുള്ള ക്ഷേത്രത്തിൽ വെച്ച് പീഡിപ്പിച്ചത്. മനുഷ്യത്വം മരവിച്ച ഇത്തരത്തിലുള്ള ഒരു ക്രൂരത സംഭവിച്ചിട്ടുപോലും പ്രതികളെ അനുകൂലിക്കാൻ ആളുകൾ ഉണ്ടായിരുന്നു എന്നതാണ് വിരോധാഭാസം

ന്യൂനപക്ഷ വിഭാഗത്തിൽപെട്ട എട്ടു വയസ്സുകാരി മാനഭംഗത്തിനിരയായി കൊല്ലപ്പെട്ട കേസിൽ കുറ്റപത്രം നൽകുന്നതിൽ പ്രതിഷേധിച്ച പ്രദേശിക ബാർ അസോസിയേഷൻ ബന്ദ് ആഹ്വാനം ചെയ്തു. ആ ആഹ്വാനത്തിന് പിൻതുണ നൽകികൊണ്ട് സംഘപരിവാർ ഉൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് വന്നു. പ്രതികൾക്ക് അനുകൂലമായി ഹിന്ദു ഏക താ മഞ്ചിന്റെ റാലി വരെ നടന്നു. അതിൽ രണ്ടു ബി.ജെ.പി മന്ത്രിമാർ പങ്കെടുക്കുകയും ചെയ്തു. സ്ത്രീയെ ദേവയായ് കാണാൻ പഠിപ്പിച്ച ഒരു പൈതൃകമുള്ള രാജ്യത്താണ് ഇന്നിതെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. മതാന്ധത ബാധിച്ച ഹിന്ദുത്വ തീവ്രവാദികൾ നീതി നിഷേധം നടപ്പിലാക്കാൻ അക്രമങ്ങൾ അഴിച്ചുവിട്ടു. ഹിന്ദു യുവതികൾ എന്ന ബാനറിൽ നിരാഹാരസമരം വരെ നടത്തി. എന്നാൽ ഒരുപാട് പ്രതിസന്ധികൾ ഉണ്ടായിട്ടും നീതി നടപ്പിലാക്കണമെന്ന നിശ്ചയദാർഢ്യത്തോടെ ഇരയുടെ കുടുംബം പോരാടി. അവർക്കൊപ്പം ദീപിക രജാവത് എന്ന അഭിഭാഷകയും ഉണ്ടായിരുന്നു. കത്തുവ കേസിന്റെ മുഖമായി മാധ്യമങ്ങളിൽ നിറഞ്ഞതോടെയാണ് ദീപികയ്ക്കു നേരെ ഭീഷണികൾ ആരംഭിക്കുന്നത്. ദേശ ദ്രോഹിയായി മുദ്രകുത്തി സ്വന്തം പ്രവർത്തകരും ബന്ധുക്കളും അവരെ ഒറ്റപ്പെടുത്തി. തെറി വിളികളുടെയും വധ-ബലാത്സംഗ ഭീഷണികളുടെയും നടുവിലൂടെ

  

യായിരുന്ന തോറ്റുകൊടുക്കാൻ തയ്യാറാവാതെ ദീപിക മുന്നോട്ട് നടന്നത്. തന്നെയും തന്റെ കുടുംബത്തെയും അപായപ്പെടുത്താൻ ഉള്ള നിരവി ശ്രമങ്ങ ഉണ്ടായിരുന്നെന്ന് ദീപിക വെളിപ്പെടുത്തിയിരുന്നു. മയക്കമരുന്നു കേസിൽ ഉൾപ്പെടുത്തി ഇരുമ്പഴിക്കുള്ളിലടക്കാനും ശ്രമ ങ്ങൾ നടന്നു. എന്നാൽ അപവാദങ്ങളും സമ്മർദ്ദ ങ്ങളും ദീപികയ്ക്ക് കൂടുതൽ കരുത്തേകി. ആ എട്ടുവയസുകാരിക്ക് നീതി നേടിക്കൊടുക്കുക തന്റെ കർത്തവ്യമായി അവർ വിശ്വസിച്ചു. ഒടുവിൽ കത്തുവ കൂട്ടബലാത്സംഗ കേസിൽ പ്രതികൾക്ക് ശിക്ഷവിധിച്ച കോടതി മുറിയിൽ അഭിമാനത്തോടെ ദീപിക സിംഗ് രജാവത്ത ഇരുന്നു. ഒരു എട്ടുവയസ്സുകാരിയുടെ നീതിക്ക് വേണ്ടിയുള്ള പോരാട്ടം തന്റെ ആറു വയസ്സുകാരി മകൾക്ക് മനുഷ്യത്വത്തിന്റെ പാഠം പകർന്നു നൽകിയെന്ന സന്തോഷത്തോടെ. ആസിഫ എന്ന കുഞ്ഞിന് സംഭവിച്ചത് ഒറ്റപ്പെട്ട ദുരന്തമല്ല. ഇന്ന് ഇന്ത്യ നേരിടുന്ന യഥാർത്ഥ ദുരന്തത്തിന്റെ നേർചിത്രമാണ്. അതുകൊണ്ട് തന്നെ ഓരോ ഇന്ത്യക്കാരനെയും അലോസരപ്പെടുത്തേണ്ട വാർത്തയാണ് ആസിഫയുടേത്.

**ആസിഫ എന്ന കുഞ്ഞിന് സംഭവിച്ചത് ഒറ്റപ്പെട്ട ദുരന്തമല്ല.
ഇന്ന് ഇന്ത്യ നേരിടുന്ന യഥാർത്ഥ ദുരന്തത്തിന്റെ നേർചിത്രമാണ്.**



ഓരോ തെരുവിനും ഒരു കഥ പറയാനുണ്ടാകും, ആ കഥയിൽ ചോരയും വിശപ്പും മർദനങ്ങളും വലിയ തലക്കെട്ടോടെ അടയാളപ്പെടുത്തും.കഥയുടെ അവസാനം 'ശുഭം' എന്നെഴുതി വെക്കാൻ കഴിയാത്ത കഥകൾ.അത്തരത്തിൽ ഒരു കഥ ഡൽഹി തെരുവിന് പറയാനുണ്ട്. ഷഹീൻ ബാഗിലെ സമരപന്തൽ, ആയിരക്കണക്കിന് പ്രതിഷേധക്കാർ.ഒരു മുഖം മാത്രം എടുത്തു കാണാം. അനുഭവത്തിന്റെയും പോരാട്ടങ്ങളുടെയും ചുളിവുകൾ ആ മുഖത്ത് സ്പഷ്ടമായിരുന്നെങ്കിലും നിശ്ചയദാർഢ്യത്തിന്റെയും പ്രതിഷേധത്തിന്റെയും തീ ആ കണ്ണുകളിൽ ജ്വലിക്കുന്നുണ്ടായിരുന്നു. രാജ്യത്ത് പൗരത്വ ഭേദഗതി നിയമം പ്രഖ്യാപിച്ചതിന് പിന്നാലെ ഡൽഹിയിലെ ഷഹീൻ ബാഗിൽ ആരംഭിച്ച വനിതാ പ്രതിഷേധക്കൂട്ടായ്മയിൽ മുൻ നിരയിലുണ്ടായിരുന്ന 82 കാരിയായ ദാദി എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന ബിൽക്കീസ്.ടൈം മാഗസിന്റെ ലോകത്തെ ഏറ്റവും സ്വാധീനം ചെലുത്തിയ നൂറുപേരുടെ പട്ടികയിൽ സമരനായികയായ ബിൽക്കീസും ഇടം പിടിച്ചിരുന്നു.

ഡൽഹിയിലെ കൊടും തണുപ്പിലും ആത്മവിശ്വാസം മാത്രം കൈമുതലാക്കികൊണ്ട് ആ 82കാരി 3 മാസത്തോളം സമരം തുടർന്നു. രാജ്യത്തിന്റെ ബഹുസ്വരത നിലനിർത്താനുള്ള ആർജവത്തിനു മുൻപിൽ വാർദ്ധക്യത്തിനുപോലും തോൽക്കേണ്ടി വന്നു.പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെയും ന്യൂനപക്ഷങ്ങളുടെയും അരികുവൽക്കരിക്കപ്പെട്ടവരുടെയും ശബ്ദം അടിച്ചമർത്തിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും പ്രതീകമായി ബിൽക്കിസ് മാറിയിരിക്കുന്നു എന്നായിരുന്നു ടൈം മാഗസിൻ ഈ വയോധികയെ വിശേഷിപ്പിച്ചത്. വെടിയുണ്ടകൾ കൊണ്ടോ ബയണറ്റ് കൊണ്ടോ ഭയപ്പെടുത്താമെന്നാരും കരുതേണ്ട.ലക്ഷ്യം നേടുന്നതുവരെ ഞങ്ങളുടെ സമരം തുടരുതന്നെ ചെയ്യും. വെടിവെയ്പ് ഉണ്ടായ ദിവസവും ബിൽക്കിസ് ആത്മവിശ്വാസം പ്രകടിപ്പിച്ചു. സ്വേച്ഛാധിപത്യത്തിലേക്ക് വഴുതിവീഴുന്ന ഒരു ജനാധിപത്യത്തിൽ ജനകീയമല്ലാത്ത കാര്യങ്ങൾ നടക്കുമ്പോൾ അതിനെതിരായ ശബ്ദമുയർത്താൻ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും ബിൽക്കിസ് പ്രതീക്ഷയും ശക്തിയും നൽകി. "എന്റെ സിരകളിലെ രക്തയോട്ടം നിലയ്ക്കും വരെ ഞാനിവിടെ ഇരിക്കും. അങ്ങനെ ലോകത്തെയും ഈ രാജ്യത്തെയും കുട്ടികൾ നീതിയുടെയും തുല്യതയുടെയും വായു ശ്വസിക്കട്ടെ" എന്നായിരുന്നു ബിൽക്കിസിന്റെ വാക്കുകൾ. ബിൽക്കിസ് ഒരു പേരു മാത്രമല്ല



ഇന്ത്യയുടെ വിവിധ കോണുകളിൽ ജാതിയുടെയും, മതത്തിന്റെയും, സംസ്കാരത്തിന്റെയും ബന്ധനത്തിൽ കഴിയുന്നവർക്ക് ഒരു പ്രതീക്ഷകൂടിയാണ്.



# തരിശിലെ പച്ചമരക്കാട്

## ഇന്റർവ്യൂ / ദയാബായി / മാഗസിൻ സമിതി

**ദൈവത്തിന്റെ മണവാട്ടിയാവാൻ മഠത്തിൽ ചേർന്ന മേഴ്സിയിൽ നിന്ന് ദയാബായിലേക്കുള്ള യാത്ര എങ്ങനെയായിരുന്നു.**

കേരളത്തിലെ കന്യാസ്ത്രീ മഠങ്ങളിലെ ആഡംബരങ്ങളോടും സുഖജീവിതത്തോടും വെറുപ്പായിരുന്നതിനാൽ വടക്കേ ഇന്ത്യയിലെ അധഃസ്ഥിതർക്കു വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന തോന്നലിൽ പതിനാറാമത്തെ വയസ്സിൽ ബീഹാറിലെ ഹസാരിബാഗിലെ ഹോളി കോൺവെന്റിലെത്തി.

വലിയ കെട്ടിടങ്ങളും ആഘോഷങ്ങളും നിറഞ്ഞ കോൺവെന്റ് അന്തരീക്ഷത്തിൽ ആഡംബര വസ്തുങ്ങളും പലതരം കേക്കുകളും പലഹാരങ്ങളുമൊക്കെയായി കോൺവെന്റ് നിവാസികൾ ആഘോഷപൂർവ്വം ക്രിസ്തുമസ്സ് കൊണ്ടാടുമ്പോൾ പെരുമഴയത്ത് കുട്ടികളെയും ഒക്കത്ത് കെട്ടി ഒറ്റവസ്ത്രം കൊണ്ട് ശരീരം മറച്ച് പള്ളിയുടെ മറുവശത്ത് കുർബാനക്കെത്തുന്ന ആദിവാസികളുടെ കഷ്ടവും വേർതിരിവും അനുഭവിച്ചറിഞ്ഞു. ആദിവാസികളുടെ ഗ്രാമത്തിലേക്ക് പോകണമെന്ന ആവശ്യം പരിഗണിക്കപ്പെടാതായതോടെ കന്യാസ്ത്രീ പരിശീലനം പൂർത്തിയാക്കാതെ മഠത്തിൽ നിന്നും പുറത്തുവന്നു.

അവഗണനയുടെ തുരുത്തിൽപ്പെട്ട് അധഃസ്ഥിതരായവരും മുമ്പ് രാജവംശത്തിന്റെ ഭാഗമായിരുന്നവരുമായ ഗോണ്ടുകൾ എന്നറിയപ്പെടുന്ന ആദിവാസികൾ തിങ്ങി പാർത്തിരുന്ന ടിൻസായ് ഗ്രാമത്തിലെത്തി. അവരിലൊരാളായി മാറാൻ അവരുടെ വേഷവും ഭാഷയും ഭക്ഷണവും സ്വീകരിച്ചു.

**സമകാലിക കാലത്ത് പത്രമെടുത്താൽ എവിടെയെങ്കിലും ഒരു സ്ത്രീ ആക്രമിക്കപ്പെട്ടിട്ടുണ്ടാകും. ഒരുപാട് പ്രതിസന്ധിയിലൂടെയാണ് സ്ത്രീകളുടെ ജീവിതം കടന്നുപോകുന്നത്. സമൂഹത്തിലെ പല കോണുകളിൽനിന്നും പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു. രാജ്യത്തുടനീളം തനിച്ച് സഞ്ചരിച്ച ദയാബായിക്ക് ഇത്തരം വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ടോ?**

അങ്ങനെ ഒരുപാട് ഉണ്ടായിട്ടുണ്ട്. ഞാൻ പലപ്പോഴും നാലാംതരം വേഷമെന്ന് സമൂഹം മാറ്റിനിർത്തിയ വേഷത്തിലാണ് സഞ്ചരിക്കാറുള്ളത്. നിറം മങ്ങി, തൊലി മാറി, കാല് വിണ്ടുകീറി ശരിക്കും ഒരു ആദിവാസി സ്ത്രീയെ പോലെയാണ് ഞാൻ ജീവിച്ചിട്ടുള്ളത്. അങ്ങനെയുള്ള ഒരാൾ മുബൈ, ഡൽഹി എന്നിവിടങ്ങളിലൊക്കെ പോകുമ്പോൾ അവിടെയുള്ളവർ നമ്മളെ അംഗീകരിക്കുമെങ്കിലും അവരിൽ ചിലർ മറ്റൊരു കണ്ണിലൂടെയാണ് നമ്മളെ നോക്കി കാണുന്നത്. ഇന്ന് എനിക്കറിയാം എങ്ങനെയാണ് ഒരുപാട് സ്ത്രീകൾ ചുവന്ന തെരുവുകളിൽ എത്തപ്പെടുന്നതെന്ന്. അവർ സത്യത്തിൽ കെണിയിൽ അകപ്പെടുകയാണ്, ജോലി തരാം നല്ല ജീവിത സാഹചര്യം ഒരുക്കി തരാം എന്നൊക്കെ പറഞ്ഞുകൊണ്ട് പലരും നമ്മളെ സമീപിക്കും. അങ്ങനെയുള്ള ചില വാഗ്ദാനങ്ങളാണ് പലപ്പോഴും സ്ത്രീകളെ മറ്റൊരു തരത്തിലുള്ള ജീവിതത്തിലേക്ക് എത്തിക്കുന്നത്.



**ദയാബായി താമസിച്ചിരുന്ന തരിശുഭൂമി കൃഷിയിടമാക്കിയ കഥ കേട്ടിട്ടുണ്ട്. അതെ കുറിച്ചുള്ള ഓർമ്മകൾ എന്തൊക്കെയാണ്**

1995 മുതലാണ് ഞാൻ ബറൂൾ ഗ്രാമത്തിൽ താമസം ആരംഭിക്കുന്നത്. ആ സമയം അവിടം തീർത്തും ഒരു തരിശുഭൂമി ആയിരുന്നു. പിന്നീട് ഞാൻ അവിടെയുള്ള ജലസംഭരണികളുടെ സാധ്യത മനസ്സിലാക്കുകയും വിദഗ്ദരുടെ സഹായത്താൽ കിണറുകൾ കുഴിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ കുടിവെള്ളത്തിനു മാത്രമേ വെള്ളം ഉപയോഗിക്കുവാൻ കഴിയുമായിരുന്നുള്ളൂ പിന്നീട് എല്ലാവരുടെയും പ്രയത്നത്തോടെ കൃഷിക്ക് ആവശ്യമായ വെള്ളം കൂടെ ലഭിക്കുവാൻ തുടങ്ങി. അവിടുത്തെ പ്രദേശവാസികളുടെ സഹായത്തോടെ ഞാൻ വിവിധ ഇനം ചെടികൾ നട്ടു പിടിപ്പിച്ചു. ഭക്ഷ്യധാന്യങ്ങളും വിളയിച്ചെടുത്തു. തരിശായ കിടന്ന ആ സ്ഥലം കൃഷി ചെയ്യുവാൻ അനുയോജ്യമായ ഒരു സ്ഥലമാക്കി മാറ്റി.

**ആദിമ നിവാസികൾക്കൊപ്പം നിന്ന് അവരുടെ പോരാട്ടങ്ങൾക്ക് നേതൃത്വമായി ദയാഭായി മാറിയത് എങ്ങനെയാണ്**

എം എസ് ഡബ്ല്യൂ പ്രൊജക്റ്റിന്റെ ഭാഗമായി ഫീൽഡ് വർക്കിനു വേണ്ടിയായിരുന്നു മദ്ധ്യപ്രദേശിലെ ആദിവാസികൾക്കിടയിലെത്തിയത്. പിന്നീട് അവിടം പ്രവർത്തനമേഖലയായി തെരഞ്ഞെടുത്തു. 1981 മുതൽ തിൻസെ ഗോത്രവർഗ്ഗ ഗ്രാമത്തിൽ ഗോണ്ടുകളോടൊപ്പം ജീവിച്ച് അവരുടെ ജീവിതശൈലിയെ പറ്റി മനസ്സിലാക്കി. ചുരുങ്ങിയ കാലം കൊണ്ട് തന്നെ അവരിലൊരാളായി മാറുവാൻ എനിക്ക് കഴിഞ്ഞു.വളരെ അധികം ബുദ്ധിമുട്ടുകൾ അവർ അനുഭവിക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കി.ആധുനിക ഭാരതത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന പല മാറ്റങ്ങളെ പറ്റി അവർക്ക് കേട്ടുകേൾവി പോലും ഇല്ലായിരുന്നു.അതിനാൽത്തന്നെ ഒരുപാട് ചൂഷണങ്ങൾക്ക് അവർക്ക് വിധേയരാവേണ്ടിവന്നിരുന്നു.എല്ലാ കാര്യങ്ങളും മനസ്സിലാക്കിയ

**1981 മുതൽ തിൻസെ ഗോത്രവർഗ്ഗ ഗ്രാമത്തിൽ ഗോണ്ടുകളോടൊപ്പം ജീവിച്ച് അവരുടെ ജീവിതശൈലിയെ പറ്റി മനസ്സിലാക്കി. ചുരുങ്ങിയ കാലം കൊണ്ട് തന്നെ അവരിലൊരാളായി മാറുവാൻ എനിക്ക് കഴിഞ്ഞു**

**ഇന്നത്തെ വിദ്യാഭ്യാസം ശരിയായ വിദ്യാഭ്യാസമല്ല. പാഠപുസ്തകത്തിലെ അക്ഷരങ്ങളെ മനഃപാഠം ചെയ്യുന്നതാണ് ഇന്നത്തെ വിദ്യാഭ്യാസം.**



ഞാൻ ഗോത്രവർഗ്ഗ ഗ്രാമത്തിൽ ഗോണ്ടുകളോടൊപ്പം ജീവിച്ച് അവരുടെ അവകാശങ്ങൾക്കായി പോരാടി. അവരുടെ ശാക്തീകരണപ്രക്രിയയിൽ പങ്കാളിയായി.

**പാഠപുസ്തകങ്ങൾക്ക് അപ്പുറത്തെ വിദ്യാഭ്യാസം അനുഭവിച്ചറിഞ്ഞ ഒരാളാണ് ദയാബായ്. ഇന്നത്തെ കൂട്ടിലടയ്ക്കപ്പെട്ട വിദ്യാഭ്യാസരീതിയോട് എങ്ങനെ പ്രതികരിക്കുന്നു.**

ഇന്നത്തെ വിദ്യാഭ്യാസം ശരിയായ വിദ്യാഭ്യാസമല്ല. പാഠപുസ്തകത്തിലെ അക്ഷരങ്ങളെ മനഃപാഠം ചെയ്യുന്നതാണ് ഇന്നത്തെ വിദ്യാഭ്യാസം. ഞാൻ കേരളത്തിലെ ഒരുപാട് സ്കൂളുകളിലും കോളേജുകളിലും പോയിട്ടുണ്ട്. മനുഷ്യൻ എന്താണെന്ന് ഇന്നും വിദ്യാർത്ഥികൾക്ക് അറിയില്ല. പിന്നെയും ഭേദം സർക്കാർ സ്കൂളുകളാണ്. വിദ്യാഭ്യാസം എന്നാൽ നമ്മുടെ കഴിവുകൾ പുറത്തേക്ക് കൊണ്ടുവരുന്ന ഒന്നാണ്. അല്ലാതെ എന്തെങ്കിലുമൊക്കെ കുത്തിനിറയ്ക്കാനുള്ള ഒന്നല്ല. ഭൂരിഭാഗം വിദ്യാർഥികൾക്കും ചിന്തിക്കുവാനുള്ള കഴിവില്ല. പ്രതികരിക്കാൻ കഴിവില്ല. ഏറ്റവും കുറഞ്ഞത് താൻ എന്തിനുവേണ്ടിയാണ് പഠിക്കുന്നത് എന്ന ചോദ്യത്തിന് ഉത്തരമെങ്കിലും ഓരോ വിദ്യാർഥിക്കും പറയാൻ കഴിയണം.



നക്ഷത്ര.കെ.എം

# ഉടുപ്പോൾ

കറുത്ത നിറം ഒന്നുകൂടെ അവളെ സുന്ദരിയാക്കുകയായിരുന്നോ? കണ്ണുകളെ മാത്രം പുറത്തേക്ക് തള്ളിവിടാൻ അനുവാദം കിട്ടിയതിന്റെ ആഹ്ലാദതുടിപ്പുകളൊന്നും അവളിലുണ്ടായിരുന്നില്ലെന്ന് നന്ദിത ഓർത്തു.



"നീ എന്തു സുന്ദരിയാ പെണ്ണേ" എന്ന് അവളുടെ ചിരി നോക്കിയിരുന്ന് എത്ര വട്ടം അസൂയപ്പെട്ടിരിക്കുന്നു. ഒരു ചോന്ന പൊട്ട് നെറ്റിയിൽ തൊട്ട് അവൾ പൊട്ടിച്ചിരിച്ച് ചോദിച്ചിരുന്നു
"ദേ നോക്കിയേടി പെണ്ണേ. ഈ പൊട്ട് ഈ കുപ്പായം നീയിപ്പോൾ എന്നെ ആരായി തിരിച്ചറിയും"

നന്ദിതയ്ക്ക് ഒന്നും മനസ്സിലായിരുന്നില്ല. അവൾ ഫാത്തിമയുടെ ഒരു കുസൃതി ചോദ്യമായി മാത്രം അതിനെ കണ്ടു. പിന്നെ പലയിടങ്ങളിൽ പല നേരങ്ങളിൽ പുകഞ്ഞമരുന്ന തീകൊള്ളിയിൽ നിന്നും പൊട്ടി വേർപ്പെടുന്ന തീപ്പൊരി കണക്കെ അവൾ ആ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു.
"ഞാനി കുപ്പായി ഇട്ടില്ലായിരുന്നെങ്കിൽ നീ എന്നെ എങ്ങനെ തിരിച്ചറിയുമായിരുന്നു".
"നിനക്കു ഭ്രാന്താണ് പൊട്ടി" എന്ന് പറഞ്ഞുകൊണ്ട് നന്ദിത മെല്ലെ മുഖത്ത് ചിരി പടർത്താൻ ശ്രമിച്ചു.

അവർക്കിടയിൽ നിന്ന് പഴയ ഫാത്തിമ ഇല്ലാതെ പോവുന്നതും ഒരു വല്ലാത്ത കുസൃതി പടർത്തി അവൾ ചോദിച്ച ചോദ്യങ്ങളിൽ പലതും എത്ര നേരായിരുന്നുവെന്നും അവൾ ആവർത്തിച്ചുകൊണ്ടിരുന്നത് അവളുടെ ചിന്തകളായിരുന്നുവെന്നും നന്ദിതയ്ക്ക് അപ്പോഴും ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ഫാത്തിമയുടെ ചോദ്യങ്ങൾ അവളെ വല്ലാതെ ഉലച്ചു. കറുത്ത ഷോള് ചുറ്റി തട്ടം കെട്ടി നന്ദിത അമ്മയുടെ അടുത്തേക്ക് ഓടി.

"അമ്മേ ഞാൻ ഇപ്പോ ഫാത്തിമയുടെ കൂട്ടരെ പോലെയില്ലേ?"
"ഈ പെണ്ണ് ഇതിപ്പോ ന്താ കാട്ടണേ. കണ്ട ജാതിയോളോട് കൂട്ടം കൂടി നടന്നിട്ടിപ്പോ ബോധല്ല്യാണ്ടായല്ലോ ന്റീശ്വരാ!"

അമ്മ ആകെ വല്ലാതെയാവുന്നത് അവളറിഞ്ഞു. അമ്മയും ഫാത്തിമയും രണ്ട് ഭാഗങ്ങളെ വേർതിരിച്ച് അവൾക്ക് മുന്നിൽ നിന്നു.

**പിന്നെ പിന്നെ ഫാത്തിമ ക്ലാസിലേക്ക് വരാതെയായി. ഫാത്തിമയ്ക്ക് പുറമെ ആദിലും ഹനീഫും അന്നയുമൊക്കെ വരാതെയായി...**

"എല്ലാതും കുറച്ച് മാത്രമേ ഇടാവൂന്ന് തീരുമാനിച്ചാൽ എങ്ങനെയാ വല്യച്ഛാ നമ്മള് ഇന്ന കൂട്ടരാന്ന് മനസ്സിലാവുവാ..."

നന്ദിത നിഷ്കളങ്കമായ മുഖം കാട്ടി ഒന്ന് ചിരിച്ചു. പിറ്റേന്ന് പതിവില്ലം വിപരീതമായി ഫാത്തിമയ്ക്ക് മുന്നേ നന്ദിത ക്ലാസ്സിൽ ഹാജരായി. ഫാത്തിമ വന്നയുടനെ അവരിരുവരും ജനലുകളും വാതിലുമടച്ച് വസ്ത്രങ്ങൾ പരസ്പരം വെച്ചു മാറി.
"നീ ഇന്ന് നന്ദിത നമ്പ്യാർ"
നന്ദിത പറഞ്ഞു.





## 41

"എല്ലാരും കറുപ്പ് മാത്രമേ ഇടാവൂന്ന് തീരുമാനിച്ചാൽ
എങ്ങനെയാ വല്യച്ചാ
നമ്മള് ഇന്ന കൂട്ടരാന്ന് മനസ്സിലാവുവാ..."

വെളുത്ത വട്ടമുഖത്ത് കറുത്ത കുപ്പായവും തട്ടവുമണിഞ്ഞ് നെറ്റിയിലൊരു കുറിയും തൊട്ട് നന്ദിത മാഷിന് മുന്നിൽ ചിരിച്ചു നിന്നു. പുറംതോല് പൊളിയുമാറ് മാഷ് ഇരുവരെയും തല്ലി. കൂട്ടത്തിൽ നന്ദിതയേക്കാളും ഫാത്തിമയുടെ കൈകകളുരഞ്ഞു പൊട്ടി. ആ കൈകളെ നിറഞ്ഞ കണ്ണുകളോടെ ഊതിയുണക്കാൻ ശ്രമിക്കുമ്പോൾ ഫാത്തിമ പറഞ്ഞു
"ന്ദിച്ചേച്ചി ഇന്നാള് പറയുന്ന കേട്ട് കുപ്പായം കൊണ്ടാണത്രേ മനിശന്മാരെ മനസ്സിലാക്കുന്നേന്ന്. ഞങ്ങളെ ഒക്കെ നാട് കടത്താൻ പോവാന്ന്. എനക്ക് എങ്ങട്ടും പോണ്ട ഈ കുപ്പായോം വേണ്ട. ഈ കുപ്പായം ഇടാണ്ട് നിന്നാൽ എന്നെ ആരും പിടിച്ചോണ്ടോവില്ലല്ലോ..."

പിന്നെ പിന്നെ ഫാത്തിമ ക്ലാസിലേക്ക് വരാതെയായി. ഫാത്തിമക്ക് പുറമെ ആദിലും ഹനീഫും അന്നയുമൊക്കെ വരാതെയായി... വർഷാവസാനം ഫാത്തിമയുടെ വിട് തേടി ഇറങ്ങിയ നന്ദിത ഒരു കറുത്ത കുപ്പായം കീറി ഉരഞ്ഞു രക്ഷപെടാൻ കഴിയാതെ നിലവിളിക്കുന്നത് കണ്ടു.

ഫാത്തിമ ഒരു കറുത്ത നിറത്തിന്റെ അടയാളമായി നന്ദിതയ്ക്കൊപ്പം വളർന്നു. വസ്ത്രം കൊണ്ട് തിരിച്ചറിയട്ടെ എന്ന നിലവിളി തെരുവിൽ ഉയർന്നുകൊണ്ടിരുന്നു. ആ നിലവിളികൾ കേട്ട് നന്ദിത ഫാത്തിമയുടെ ചിരിയിലമർന്നു പൊട്ടികരഞ്ഞു. ഏതോ നേരത്തിന്റെ വിഭ്രാന്തിയിൽ പുറത്ത് നിലവിളിക്കൊപ്പം ചലിച്ചവർ നഗ്നരായി ഓടി...എന്റെ ദൈവം നഗ്നനാണെന്ന് പറഞ്ഞ് ഒരു ഭ്രാന്തൻ തെരുവിലിരുന്നു. നന്ദിതയ്ക്കൊപ്പം ഫാത്തിമയും പഴയ ക്ലാസ്സ് മുറിയിൽ തനിച്ചായി. വസ്ത്രം മാറുന്നതിനിടെ അവർ അവരുടെ കുപ്പായങ്ങൾ തിരിച്ചറിഞ്ഞ് കെട്ടിപിടിച്ചു.

# കറുപ്പ്
# കറുകറുത്ത
# കറുപ്പ്



കിഴക്കുദിച്ച സൂര്യൻ മടിയേതുമില്ലാതെ
കുറേക്കാലം പടിഞ്ഞാറസ്തമിച്ചു.
രാജകുമാരന്മാർ ഉടലോടെ സ്വർഗ്ഗം പൂകി.
രാജാവിനെ ജനങ്ങൾ
തിരഞ്ഞെടുക്കാനാരംഭിച്ചു. അഞ്ച്
വർഷത്തിലൊരിക്കൽ വരിയായി നിന്ന് ജനത
ചൂഷകനെ ആഹ്ലാദാരവങ്ങളോടെ
തെരഞ്ഞെടുത്തയച്ചു.
ഇതുകണ്ട് രാജകുമാരന്മാർ സ്വർഗ്ഗത്തിലിരുന്ന്
ദൈവങ്ങളോടൊപ്പമാർത്തു ചിരിച്ചു.

## അധ്യായം 1

# സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ

പടിഞ്ഞാറൻ സാമ്രാജ്യത്തിൽ സൂര്യനസ്തമിച്ചു തുടങ്ങിയിരുന്നു. പെട്ടെന്ന് കാണപ്പെട്ട ഇന്ത്യ പല ശക്തിക്ഷയങ്ങൾക്കും വഴിവെച്ചു. മഹാറാണിയുടെ കീഴിൽ നിന്നും ജനത സ്വാതന്ത്ര്യം എന്ന സ്വപ്നത്തിലേക്ക് കുതറിയോടി. സ്വാതന്ത്ര്യത്തിനപ്പുറമുള്ള പാതയിൽ പൂക്കളാണെന്ന സന്യാസിവര്യന്റെ വാഗ്ദാനം കേട്ടവർ ചവിട്ടിക്കയറുന്ന കൂർത്ത കല്ലുകളെ ഗൗനിച്ചില്ല. കുരങ്ങന്മാർക്ക് അപ്പം പങ്കുവെക്കുന്ന ലാഘവത്തോടെ രാജ്യം മൂന്നായി മുറിച്ച് കപ്പൽ കയറിയ വെള്ളക്കാരനെക്കണ്ട് ഗുരുവിന്റെ മനസ്സ് നിറഞ്ഞു. മനുഷ്യപുത്രൻ ചോരവാർന്ന് മരിച്ചിട്ട് അപ്പോഴേക്കും ആയിരത്തി തൊള്ളായിരത്തി നാൽപത്തിയേഴ് സംവത്സരം കഴിഞ്ഞിരുന്നു. മാസം-എട്ട്, ദിവസം-പതിനഞ്ച്, സമയം -അർധരാത്രി, സാക്ഷി-ഇരുട്ട്.

സംവത്സരങ്ങൾക്കിപ്പുറത്ത് വീണ്ടും ജനത വരിനിന്നു. പൂക്കൾ വിരിച്ച പാത (പഴയ അതേ പാത) നിങ്ങൾക്കരികെയെത്തിയെന്ന് പറഞ്ഞുകൊണ്ട് പ്രജാപതി ചൂഷണം ചെയ്യാനുള്ള അവകാശം ചോദിച്ചുവന്നു. പ്രജാപതിയും കൂട്ടരും അവകാശം അതിമനോഹരമായി വിനിയോഗിച്ചുകൊണ്ടിരിക്കേ ഒരു നാൾ തൊലി കറുത്തവന് ബോധോദയം വന്നു. അവനും അവളും സംഘടിച്ചു. സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി. വെളുത്ത ഇരുട്ടിന്റെ മുഖം ചുളിഞ്ഞു. ഗുരു കോപം കൊണ്ട് വിറച്ചു. പ്രജാപതി വിനോദയാത്രയ്ക്ക് പോയി. കരിങ്കരണം കഴിഞ്ഞ് രണ്ടായിരത്തി പത്തൊൻപത് സംവത്സരങ്ങൾ... മാസം-എട്ട്, ദിവസം-പതിനഞ്ച് സമയം -പകൽ, സാക്ഷി-വെളിച്ചം.






### അധ്യായം 2

# ഹേ... റാം

സ്വാതന്ത്ര്യത്തിലേക്ക് ജനതയെ നയിച്ച സന്യാസിവര്യൻ ചതിക്കപ്പെട്ടതായി തോന്നലുണ്ടായി. അധികാരത്തിന്റെ അപ്പത്തിൽ വിഷം കലർന്നിരിക്കുമെന്ന് കരുതി അദ്ദേഹം കൊട്ടാരം ഉപേക്ഷിച്ചു. പരിവാരങ്ങളെ ഉപേക്ഷിച്ച് ബോധിവൃക്ഷം തേടിയലഞ്ഞു. ജനങ്ങളോട് സമാധാനത്തിന്റെ ഭിക്ഷ യാചിച്ചു. സ്വാതന്ത്ര്യമാർഗ്ഗത്തിൽ വന്നുപെട്ട അന്യമതസ്ഥന്റെ കഴുത്തിൽ കത്തിയുടെ മൂർച്ച നോക്കുന്നവർ ഭിക്ഷാംദേഹിയെ പുറംകാലുകൊണ്ട് ചവിട്ടിയോടിച്ചു. ദണ്ഡവിദ്യയിൽ അഗ്രഗണ്യനായ രാജകുമാരൻ സ്വർഗ്ഗത്തിലിരുന്ന് സംതൃപ്തി കൊണ്ടു. സന്യാസിവര്യൻ പ്രാർത്ഥനകളുമായി നടന്നു. അതൊരു വൈകുന്നേരമായിരുന്നു. ഭജന കഴിഞ്ഞെഴുന്നേറ്റ സന്യാസിവര്യന്റെ കാൽതൊട്ടുവന്ദിച്ച് ഇടനെഞ്ചിലേക്ക് സംഘപുത്രൻ വെടിയുതിർത്തു. ഉന്നം തെറ്റാതെ അസ്ത്രമെയ്ത്താൽ പഠിപ്പിച്ച ഗുരുവിന് രോമാഞ്ചം വന്നു. "ഹേ...റാം" സന്യാസിവര്യൻ മൊഴിഞ്ഞു. ഗുരുവിനെ അഭിനന്ദിക്കുന്ന തിരക്കിൽ ദൈവമത് കേട്ടില്ല. സന്യാസിയുടെ ചുവന്ന ചോര വേടച്ചെറുക്കന്റെ ചോരയെ കണ്ടുമുട്ടി. അത് ഉണങ്ങിയിരുന്നില്ല. സംവത്സരങ്ങൾക്കിപ്പുറത്ത് മറ്റൊരു ഗുരു ജന്മമെടുത്തു. മോക്ഷം കിട്ടാത്ത വേടച്ചെറുക്കനും ജനിച്ചു. അറിവ് തേടിയലഞ്ഞു. വിരലറുത്തു വാങ്ങിയ ഗുരു വീണ്ടും ദക്ഷിണ ചോദിച്ചു. കറുത്തവൻ വീണ്ടും ഒരു കഷ്ണം കയറിൽ തൂങ്ങിയാടി. ഇതുകണ്ട രാജകുമാരൻ പുഞ്ചിരി തൂകി.




## അധ്യായം 3

# ഇന്ദ്രപ്രസ്ഥങ്ങൾ എരിയുമ്പോൾ

കുരുക്ഷേത്രത്തിൽ ആദ്യത്തെ വെടിയൊച്ച മുഴങ്ങുന്നതിന് മുൻപ് പാണന്മാർ അടയാളം വെച്ച് തുടങ്ങി. കാവി വെച്ച കുടിലുകൾക്ക് ഒരേറും കൊണ്ടില്ല. ഒരു വെടിയുണ്ടയും അതുവഴി കടന്നു പോയില്ല. കത്തിയും ശൂലവും അടയാളമില്ലാത്തവരുടെ ചോര തിരഞ്ഞിറങ്ങി. കാക്കിയും കാവിയും തിരിച്ചറിയാൻ കഴിയാതെയായി.ശംഖുകൾ മുഴങ്ങാത്ത കുരുക്ഷേത്രത്തിൽ. കടന്നു വന്ന വൃദ്ധന്റെ കയ്യിൽ ഒരു കൊടി മാത്രമുണ്ടായിരുന്നു. ചങ്ങലകണ്ണികൾ പൊട്ടിത്തെറിക്കുന്ന പോലെ അതിന്റെ താളം പൂക്കളെ ഇതളുരിയുന്ന വർഷങ്ങളെയും സന്ധ്യകൾ പിരിച്ചു വിടുന്ന പകലിനെയും തിരികെ വിളിച്ചു. അപ്പോൾ രാത്രികൾക്ക് ദൈർഘ്യം കുറഞ്ഞ പോലെ തോന്നി. ചെന്നായകൾക്ക് ഇരക്കാലങ്ങൾ തികയാതെ തോന്നി. ചീവീടുകൾക് ചിലയ്ക്കാനാവാതെയായി. വൃദ്ധനെ ഉടനെ കൊല്ലുക. അവന്റെ ഉള്ളിൽ തിളയ്ക്കുന്ന കടലിനെ കെടുത്തുക. പേശിയിൽ നഞ്ചു പിരട്ടുക. നീളം കുറഞ്ഞ രാത്രിയുടെ കുരുകാറ്റുവീശുന്ന യാമം നോക്കി മടകൾ വിട്ടു വൃദ്ധനെ തേടി അവരിറങ്ങി.

കുരുക്ഷേത്രമാണ് ദിഗംബരമായ കലഹങ്ങളുടെ ഉച്ചസ്ഥായിയിൽ വൃദ്ധന്റെ നിഴല് മാത്രം ചെന്നായകൾ കടിച്ചു പറിക്കുന്നു. നിഴലിന്റെ കറുത്ത മാംസം മാത്രം.



### അധ്യായം 4

# അവിടെ ഒരു പള്ളിയുണ്ടായിരുന്നു

"തല്ലിത്തകർത്തെന്ന് പറയുന്ന മതേതരത്വവും വികൃതമാക്കിയ ഭരണഘടനയും ഇവിടെ ഉണ്ടായിരുന്നു എന്നതിന് തെളിവില്ല"

ആത്മീയതയുടെ തീരങ്ങളിൽ അവരുറക്കമാകുന്നു.സൂര്യൻ ഓരോന്നായി അടർന്നു വീഴുന്നു. ശവംതീനി പക്ഷികൾ വളഞ്ഞു വിടർന്ന കൊക്കുകളാൽ ചരിത്രത്തിന്റെ കമ്മായ സിരകളെ കൊത്തി പൊളിച്ചു. സിരകളിൽ നിന്ന് രക്തം ഒഴുകി തുടങ്ങുമ്പോഴേക്കും അതിൽ നിന്റെ കോശങ്ങളിലെന്ന് ആരൊക്കെയോ ഉറക്കെ വിളിച്ചു പറഞ്ഞു. രണ്ട് ദൈവങ്ങളുടെ രണ്ട് നിറത്തിലുള്ള ഉടലുകൾ തെരുവിൽ ഉപേക്ഷിക്കപ്പെട്ടു.

ഉപേക്ഷിക്കപ്പെട്ടവയെ തിരിച്ചറിയാൻ "നീതി"യുടെ കാവൽക്കാർ തെളിവെടുപ്പ് നടത്തി. തിരുവുടലിനെ "നീതി"ശാലകൾ ചർച്ചയ്ക്ക് വെച്ചു. അവിടെയൊക്കെയും അടയിരിക്കുന്ന ശവംതീനി പക്ഷിയുടെ ഗന്ധം വമിക്കുന്ന കഷ്ണങ്ങളായിരുന്നു. ദണ്ഡ വിദ്യയിൽ പേര് കേട്ട രാജകുമാരന്റെ ശിഷ്യൻ വിധി പുറപ്പെടുവിച്ചു.

"തെരുവിൽ പടരേണ്ടിയിരുന്ന ചോര ചുണ്ടുകളിലൊപ്പിയെടുത്തവർക്ക് സമാധാനത്തിന്റെ പൂച്ചെണ്ടുകൾ"



## അധ്യായം 5

# 'ബേട്ടി ബച്ചാവോ'

ബജറ വിളഞ്ഞു നിൽക്കുന്ന ഹത്രസിലെ ബൂൽഗന്തി വിദ്വേഷത്തിന്റെ വിളവെടുപ്പിലാണ്, നാവറുത്തും നട്ടെലൊടിച്ചും പുതിയ വിളകൾക്ക് തീ കൊളുത്തുന്നു."ബേട്ടി പഠാവോ, ബേട്ടി ബച്ചാവോ" എന്ന ഇമ്പമുള്ള മുദ്രാവാക്യത്തിന് ഇരുളിൽ കത്തിയ ചാരത്തിന്റെ കഥ പറയാനുണ്ടാവും...

കയ്യിലമ്പും, കാഞ്ഞിരക്കൊമ്പിൽ വരിഞ്ഞു കെട്ടിയ താമരയുടെ അടിവള്ളിയാൽ തീർത്ത വില്ലുമായി കഷായമണിഞ്ഞ വേടൻമാർ ഹത്രാസിലൂടെ നടന്നു. കാലിൽ കാരമുള്ളിന്റെ വ്രണമാണെങ്കിലും സവർണ കാമത്തിന്റെ പുറം ചട്ടയുള്ളതിനാൽ അല്പം പോലും സ്തംഭിക്കാതെ അവളുടെ മുന്നോട്ടടുത്തു. അർദ്ധനഗ്നനായ ഫക്കീറിന്റെ നരച്ച മാറിനെ കീറിയ അതേ വേഗതയിൽ അമ്പ് പെൺപക്ഷിയെ തുളച്ച് കൊണ്ട് താണിറങ്ങുന്നു. പ്രാണൻ മടക്കി വെച്ച് അതടർന്നുവീഴുന്നതും കാത്ത് വേടനിരുന്നു. അഹിംസ മൊത്തിക്കുടിച്ച് ആ(മാ)ശയത്തിന്റെ വിശപ്പടക്കി. ചോരപുരണ്ട കൈപ്പത്തി കഷായത്തിൽ കഴുകി കളഞ്ഞു...




ഒരു കൂട്ടം ആളുകൾ
സിദ്ധാർത്ഥനെ കടന്നു പോയി
സിദ്ധാർത്ഥൻ അവരോടു ചോദിച്ചു
നിങ്ങൾ എവിടേക്കാണ്
പോകുന്നത്
അവർ മറുപടി പറഞ്ഞു
ഞങ്ങൾ
എഴുപതുകളിലേക്ക്
തിരിച്ചു നടക്കുകയാണ്




ഇന്ത്യൻ രാഷ്ട്രീയത്തിലെ വയോവൃദ്ധൻ, ഗാന്ധിയൻ സോഷ്യലിസ്റ്റ് ജെ.പി നയിച്ച പ്രസ്ഥാനത്തിന്റെ ആശയം "സമ്പൂർണ്ണവിപ്ലവം" എഴുപതുകളിലെ യുവത്വത്തിന്റെ രോക്ഷാഗ്നിയിൽ നിന്ന് രൂപം കൊണ്ടതാണ്. 1973-75 കാലഘട്ടം ഇന്ത്യൻ ഭരണകൂടത്തിന്റെ അടിത്തറയിളകിയ നാളുകളായിരുന്നു. സമരങ്ങൾ, ധർണകൾ, ഹർത്താലുകൾ ഇവയെല്ലാം ഇവയെല്ലാം രാജ്യത്തെ സ്തംഭിപ്പിച്ചു. വിദ്യാർഥികൾ ക്ലാസുകൾ ബഹിഷ്കരിച്ച് സമരങ്ങൾ നടത്തി. ഫീസ് വർധനവിനെതിരെ, അടിച്ചമർത്തലുകൾക്കെതിരെ, കരിഞ്ചന്തകൾക്കെതിരെ...അവർ തെരുവിൽ അധികാരവർഗത്തെ പരസ്യമായി വെല്ലുവിളിച്ചു. അധികാരവർഗ്ഗത്തിന്റെ മർദ്ദനോപകാരണമായ പോലീസുമായി തെരുവിൽ ഏറ്റുമുട്ടി.

രാജ്യം സമ്പൂർണ്ണ വിപ്ലവത്തിലേക്ക് പോവുമെന്ന് ന്യായമായും സംശയിക്കാവുന്ന നാളുകൾ. സമ്പൂർണ്ണ വിപ്ലവം പടിവാതിൽ എത്തിയെന്ന് കരുതിയ നിമിഷങ്ങൾ. 1975 ജൂലൈ 25 ന് പോലീസിനോടും പട്ടാളത്തോടും ആയുധങ്ങൾ താഴെവെയ്ക്കാനും ഭരണകൂടം മർദ്ദന നടപടികളിൽ നിന്ന് മാറിനിൽക്കാനും ഗാന്ധിയൻ സോഷ്യലിസ്റ്റ് ഇന്ദ്രപ്രസ്ഥത്തിലെ രാംലീല മൈതാനത്ത് ആഹ്വനം നടത്തുകയുണ്ടായി. അഴിമതിയിൽ മുങ്ങികുളിച്ചും ഏകാധിപത്യത്ത കൊണ്ടും കുപ്രസിദ്ധിയാർജിച്ച ഭരണകൂടത്തെ



അടിയന്തരാവസ്ഥാക്കാലത്ത് നടന്ന ഇത്തരം അടിച്ചമർത്തലുകൾക്ക് ഭരണകൂടത്തിന്റെ പിന്തുണ കൂടിയുണ്ടായിരുന്നു. ഇരുണ്ട നാളുകളിൽ അധികാരത്തിന്റെ ബൂട്സുകൾ അർദ്ധരാത്രിയിൽ വാതിലുകൾ ചവിട്ടി പൊളിക്കുന്ന സന്ദർഭങ്ങളിൽ പ്രധിഷേധങ്ങളുടെ രൂപങ്ങൾ ഏകശിലാമാതൃകയിൽ ആയിരുന്നില്ല.

ഇത് വിറളി പിടിപ്പിച്ചു. മണിക്കൂറുകൾക്കകം ഭരണകൂടം തിരിച്ചടിച്ചു. കറുത്ത ദിനങ്ങക്ക് ആരംഭമായി. ഇരുണ്ട അധ്യായങ്ങൾക്ക് തുടക്കമായി. ഭരണഘടനയുടെ 352 - ആം വകുപ്പ് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് പ്രഖ്യാപിത അടിയന്തരാവസ്ഥയ്ക്ക് ആരംഭംകുറിച്ചു. അടിയന്തരാവസ്ഥയുടെ ഭീകരമായ അന്തരിക്ഷത്തെ പിൽക്കാല കേരളീയ സമൂഹം മനസ്സിലാക്കുന്നത് കക്കയം രാജൻ കൊലക്കേസിലൂടെയാണ്. കോഴിക്കോട് ആർ.ഇ.സിയിൽ വിദ്യാർത്ഥിയായിരുന്ന പി.രാജൻ എന്ന വിദ്യാർത്ഥിയെ പോലിസ് പിടിച്ചുകൊണ്ട് പോയതാണ് കേസിനാധാരമായ സംഭവം. കായണ്ണ പോലിസ് സ്റ്റേഷനിൽ ഉണ്ടായ ആക്രമണത്തിന്റെ പേരിൽ അതിൽ പങ്കാളിയായി എന്നാരോപിച്ചാണ് രാജനെ അറസ്റ്റ് ചെയ്തത്. 1976 മാർച്ച് ഒന്നിനായിരുന്നു രാജനെ കസ്റ്റഡിയിൽ എടുത്തത്. അടിയന്തരാവസ്ഥാക്കാലത്ത് നക്സലുകളെ പിടികൂടുക എന്ന പ്രധാന ഉദ്ദേശത്തോടെ പോലീസ് ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നു. കക്കയത്തും ശാസ്തമംഗലത്തുമായിരുന്നു അവ. ഇതിൽ കക്കയം ക്യാമ്പിലേക്കായിരുന്നു അവർ രാജനെ കൊണ്ടുപോയത്. അതിനു ശേഷം രാജനെ പറ്റി യാതൊരു വിവരവും ലഭ്യമായില്ല. പിന്നീട് രാജൻ കേസ് വിവാദമാവുകയും കേസ് കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തു. അന്നത്തെ ആഭ്യന്തരമന്ത്രിയും ഉന്നത പോലിസ് ഉദ്യോഗസ്ഥരും ഉൾപ്പെടെ നിരവധി പേർ കേസിൽ പ്രതി ചേർക്കപ്പെട്ടു. കോടതിയിൽ കള്ളസത്യവാങ്മൂലം നൽകിയതിന്റെ പേരിൽ പിൽക്കാലത്ത് മുഖ്യമന്ത്രിയായിരുന്ന അന്നത്തെ ആഭ്യന്തരമന്ത്രിക്ക് സ്ഥാനം രാജിവെക്കേണ്ടിവന്നു. പിന്നീട് കക്കയം ക്യാമ്പിൽ വെച്ച് രാജൻ കൊല്ലപ്പെട്ടെന്നും തെളിവുകളെല്ലാം നശിപ്പിക്കപ്പെട്ടെന്നും തെളിഞ്ഞു. തുടർന്ന് കോടതി വ്യവഹാരങ്ങൾക്കൊടുവിൽ പ്രതികളെ കണ്ടെത്താനായില്ലെന്നും ആഭ്യന്തരമന്ത്രി അധികാരം ദുർവിനിയോഗം ചെയ്തതിന് തെളിവില്ലെന്നും പറഞ്ഞുകൊണ്ട് സുപ്രീംകോടതി കേസ് തള്ളുകയായിരുന്നു.







അടിയന്തരാവസ്ഥക്കാലത്ത് നടന്ന ഇത്തരം അടിച്ചമർത്തലുകൾക്ക് ഭരണകൂടത്തിന്റെ പിന്തുണ കൂടിയുണ്ടായിരുന്നു. ഇരുണ്ട നാളുകളിൽ അധികാരത്തിന്റെ ബൂട്സുകൾ അർദ്ധരാത്രിയിൽ വാതിലുകൾ ചവിട്ടി പൊളിക്കുന്ന സന്ദർഭങ്ങളിൽ പ്രധിഷേധങ്ങളുടെ രൂപങ്ങൾ ഏകശിലാമാതൃകയിൽ ആയിരുന്നില്ല. സമ്പന്നവർഗ്ഗവും മധ്യവർഗ്ഗവും മുമ്പത്തെപോലെ തന്നെ ഭരണവർഗത്തിനുവേണ്ടി പാദസേവ നടത്തിയപ്പോഴാണ് ഇന്ത്യൻ യുവത്വം കരിനിയമത്തോട് ശക്തമായി പ്രതികരിച്ചത്. എന്നാൽ എതിർസ്വരങ്ങളെ, നീതിയെ ഭയപ്പെട്ടിരുന്ന ഇന്ത്യൻ ഭരണകൂടം ഏറ്റവും അശ്ലീലമായി അവതരിക്കുകയും പ്രധിഷേധങ്ങളെ അതിശക്തമായി അടിച്ചമർത്തുകയും ചെയ്തു. കേരളത്തിൽ നരവേട്ടയ്ക്ക് നേതൃത്വം നൽകിയ, മനുഷ്യാവകാശങ്ങളെ അടിച്ചമർ

ത്തിയ നമ്മുടെ മുൻമുഖ്യൻ ഇന്ന് കേരളത്തിലെ ഏറ്റവും ആദരണീയനായ മനുഷ്യരിൽ ഒരാളാണ്. ഇത് ചരിത്രത്തിലെ പ്രഹസനമായ ആവർത്തനമായിരിക്കാം.

നീതി ശക്തികൾക്കെങ്ങനെയാണ് മാന്യത കൈവരുന്നത്? സ്വന്തം കുടുംബമെന്ന സമൂഹത്തിന്റെ തന്മാത്രയിലേക്ക് ഉൾവലിയുന്ന നമ്മുടെ ഏറ്റവും വലിയ ആശങ്ക സുരക്ഷിതത്വമാണ്. കേരളത്തെ ഇടതുപക്ഷ ഭീഷണിയിൽ നിന്ന് മോചിപ്പിച്ച എന്ന് വലതുപക്ഷ രാഷ്ട്രീയപ്രവർത്തകരും മാധ്യമങ്ങളും വാഴ്ത്തുന്ന മുൻമുഖ്യൻ ആദരണീയനായി മാറുന്നത് ഇങ്ങനെയായിരിക്കാം. ഭീതിയുണർത്തുന്ന, അറപ്പുളവാക്കുന്ന പൈശാചികവും രക്തരൂക്ഷിതവുമായ മർദ്ദനനടപടികൾക്കാണ് ഭരണകൂടം നേതൃത്വം നൽകിയത്. കേരളീയ ജനത പതിനാറുമാസത്തോളം ഇതൊന്നുമറിയാതെ, അടിയന്തരാവസ്ഥയുമായി താദാത്മ്യം പ്രാപിച്ചുകൊണ്ട് തങ്ങളുടെ സുരക്ഷിത താവളങ്ങളിൽ സ്വപ്നം കണ്ടുറങ്ങി. എന്നാൽ "ഒറ്റുകാർ" ഉറങ്ങുമ്പോൾ പോലീസ് ക്യാമ്പുകൾ ഉണർന്നിരുന്നു, ഭരണകൂടത്തിന്റെ ഇച്ഛനടപ്പിലാക്കാൻ. ഭരണകൂടത്തിന് ഒരു ഇച്ഛയേ ഉള്ളൂ, അത് അധികാരമെന്ന അശ്ലീലമാണ്. വിദ്യാലയങ്ങളുടെയും കലാലയങ്ങളുടെയും മേലാളന്മാർ അധികാരവർഗത്തിന് സ്തുതി ഗീതം പാടിയ കാലം കൂടിയായിരുന്നു അടിയന്തരാവസ്ഥ. രാജ്യസുരക്ഷയായിരുന്നു ഭരണകൂടം അടിയന്തരാവസ്ഥയ്ക്ക് പൊതുവായി പറഞ്ഞത്. ഇപ്പോഴത്തെ ഭരണാധികാരികൾ പറഞ്ഞത് ദേശസ്നേഹമാണ്. നാല് പതിറ്റാണ്ടുകൾക്ക് ശേഷം രാജ്യസുരക്ഷ ദേശസ്നേഹമായി പരിണമിച്ചെന്നേയുള്ളൂ. ലോകത്തിലെ കൊളോണിയൽ വിരുദ്ധ ജനകീയ സമരങ്ങളിൽ യാതൊരു പങ്കുമില്ലാത്ത, യാതൊരു പൈതൃകവും അവകാശപ്പെടാനില്ലാത്ത ഭാരതത്തെ ബഹുരാഷ്ട്ര കുത്തകകൾക്കും കോർപറേറ്റുകൾക്കും പണയം വെക്കുന്ന പ്രതിലോമശക്തികളാണ് രാജ്യസ്നേഹികളായി സ്വയം പ്രഖ്യാപിക്കുന്നത്.

അധികാരം, അതിരുകവിഞ്ഞ ദേശീയത അശ്ലീലമാണെന്ന് പ്രഖ്യാപിച്ച നമ്മുടെ ദേശീയഗാനത്തിന്റെ രചയിതാവ് മഹാകവി പോലും ഏകാധിപത്യത്തിന്റെ പ്രതീകമായി അവതരിപ്പിക്കപ്പെടുന്നു. ഇന്ത്യൻ ജനതയുടെ ദുരന്തപൂർണമായ നാളുകൾ മടങ്ങിവരികയാണ് എന്നു തോന്നത്തക്ക രീതിയിൽ ജനാധിപത്യമൂല്യങ്ങളെ തകിടംമറിച്ചുകൊണ്ട്, എതിർ ശബ്ദങ്ങളെ ഇല്ലാതാക്കിക്കൊണ്ട് അധികാരം മുഴുവൻ ഒരു ഏകാധിപതിയിൽ കേന്ദ്രീകരിക്കപ്പെടുന്നു. ഒരിക്കൽക്കൂടി പ്രതിഷേധങ്ങൾക്കും സമരങ്ങൾക്കും സമയമായി. ഏകാധിപത്യത്തിനെതിരെ, ജനാധിപത്യത്തിനുവേണ്ടി, കപടദേശീയതയ്ക്കെതിരെ, യഥാർത്ഥ ദേശസ്നേഹികളുടെ പ്രധിഷേധം. ഏകാധിപതികൾക്കെതിരെ മഹാസഖ്യം രൂപംകൊള്ളേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. പണിയെടുക്കുന്നവന്റെ, പണിയില്ലാത്തവന്റെ, ചൂഷണംചെയ്യപ്പെടുന്നവന്റെ, അടിച്ചമർത്തപ്പെടുന്നവന്റെ, ദരിദ്രന്റെ, ഒന്നും നഷ്ടപ്പെടാനില്ലാത്തവന്റെ മഹാസഖ്യം. വിപ്ലവബോധമുള്ള ആചാര്യന്റെ വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ നിന്നുവ്യതിചലിക്കാത്ത സംഘടനബോധമുള്ള ഒരു ഇടത് ജനകീയപക്ഷത്തിന്റെ ആരംഭത്തിനായി നൂറ് പുഷ്പങ്ങൾ വിരിയുന്ന നാളുകൾക്കായി, അന്യന്റെ വാക്കുകൾ സംഗീതമായി ആസ്വദിക്കുന്ന നിമിഷങ്ങൾക്കായി നമുക്ക് കാതോർക്കാം.

**രാജ്യസുരക്ഷയായിരുന്നു ഭരണകൂടം അടിയന്തരാവസ്ഥയ്ക്ക് പൊതുവായി പറഞ്ഞത്. ഇപ്പോഴത്തെ ഭരണാധികാരികൾ പറഞ്ഞത് ദേശസ്നേഹമാണ്. നാല് പതിറ്റാണ്ടുകൾക്ക് ശേഷം രാജ്യസുരക്ഷ ദേശസ്നേഹമായി പരിണമിച്ചെന്നേയുള്ളൂ.**

ഇടവഴികൾ ചുറ്റിയുള്ള യാത്രയിൽ
വനമദ്ധ്യേ
ഒരു കൂട്ടം ചെന്നായ്ക്കൾ
സിദ്ധാർത്ഥനുമുന്നിൽ ചാടിവീണു.
പഥികന്റെ വഴി തടഞ്ഞു.
സിദ്ധാർത്ഥൻ ചോദിച്ചു:
നിങ്ങളാരാണ്?
കാടിന്റെ അതിരുകൾക്കുള്ളിൽ
അധികാരത്തിന്റെ സ്വരം മുറുകി:
ഇത് ഞങ്ങളുടെ കാട്.
ഞങ്ങളാണ് കാടിന്റെ അധികാരികൾ
സിദ്ധാർത്ഥൻ സൗമ്യനായി
തിരിച്ചുചോദിച്ചു:

ആരാണീ ഞങ്ങൾ?
ഏതാണീ ഞങ്ങളുടെ
കാട്?



# ജനാധിപത്യം പൗരത്വം മതം

പത്മജിത്.എം

"ദേശങ്ങൾ ദേശീയത സൃഷ്ടിക്കുകയല്ല;
മറിച്ച് ദേശീയതയാണ്
ദേശങ്ങളെ സൃഷ്ടിക്കുന്നത്"

**ഏണസ്റ്റ് ഗെൽനർ**

ദേശീയതയുടെ അർഥവും അതിന്റെ മാറുന്ന തലങ്ങളും കണ്ടെത്താൻ രാജ്യത്തെ ധൈഷണിക ചിന്തകരും വിവിധ സർവ്വകലാശാലകളിലെ അദ്ധ്യാപക - വിദ്യാർത്ഥി സമൂഹവും നടത്തുന്ന ശ്രമങ്ങൾ വളരെ ക്രിയാത്മകമാണ്. ദേശീയതയുടെ പേരിലുള്ള ഭരണകൂട ധാർഷ്ട്യത്തിനെതിരെ മൗലികമായൊരു പ്രധിഷേധം കൂടിയാണീ ശ്രമങ്ങൾ.



കൊളോണിയൽ ഭരണത്തിനു ശേഷം സ്വാതന്ത്ര്യത്തിന് നീണ്ട എഴുപതു വർഷങ്ങൾ പിന്നിട്ടിട്ടും അഭിപ്രായത്തെയും ആവിഷ്കാര സ്വാതന്ത്ര്യത്തെയും അടിച്ചമർത്താൻ കൊളോണിയൽ ഭരണാധികാരികൾ ഉപയോഗിച്ച അതേ നിയമങ്ങൾ ഈ സ്വതന്ത്രരാഷ്ട്രം ഉപയോഗിക്കുന്നു എന്ന തികച്ചും വിരോധാഭാസകരമായ രംഗങ്ങളിലൂടെയാണ് സമകാലിക ഇന്ത്യ കടന്നുപോകുന്നത്. ഇന്ത്യൻ ഭരണകൂടത്തെ ബിജെപി എന്ന വർഗീയ വലതുപക്ഷം കൈയടക്കിയതും പരിണതഫലമായി ആർഎസ്എസ് നേതൃത്വം നൽകുന്ന ഹിന്ദു മത മൗലികവാദത്തിന്റെ ഉയർത്തെഴുന്നെൽപ്പുമാണ് അതിനിടയാക്കിയത്.

1920-കളിൽ ദേശീയപ്രസ്ഥാനം കൂടുതൽ ജനകീയമായി മാറിയ ഘട്ടത്തിൽ ദേശീയതയിൽ അന്തർലീനമായിരുന്ന വ്യത്യസ്ത സാധ്യതകൾ സൂക്ഷ്മ പരിശോധനകൾക്ക് വിധേയമായി നിസ്സഹകരണപ്രസ്ഥാന സമയത്തുണ്ടായ കലാപത്തിന് പിന്നാലെ ഗാന്ധിജിയും ടാഗോറും തമ്മിലുണ്ടായ സംഭാഷണം ആക്രമണോത്സുക ദേശീയത ഉയർത്തിയ ഉൽക്കണ്ഠയിലേക്കുള്ള ചൂണ്ടു പലകയാണ്. ഗാന്ധിജി ദേശീയതയുടെ വിമോചനപരമായ സാധ്യതയിലൂന്നിയപ്പോൾ ടാഗോർ അതിന്റെ ആക്രമണോത്സുകത സ്വഭാവത്തിലേക്ക് ശ്രദ്ധക്ഷണിച്ചു. ജവഹർലാൽ നെഹ്റു തന്റെ ഇന്ത്യയെ കണ്ടെത്തൽ എന്ന പ്രശസ്ത കൃതിയിൽ ദേശീയതയുടെ ചരിത്രപരമായ വേരുകൾ കണ്ടെത്താനൊരു ഒരു ശ്രമം നടത്തി. എല്ലാ ഭാരതീയനും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണിത്. ഈ ഉദാഹരണങ്ങല്ലാതെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിൽ പങ്കെടുത്തിട്ടുള്ള മറ്റുള്ളവരാരും ഈ ദിശയിൽ ശ്രദ്ധേയമായ പരിശ്രമങ്ങൾ നടത്താത്തതിനു കാരണം അപ്പോഴേക്കും ദേശീയത സ്വാധീനശക്തിയുള്ള മനോവികാരമായിമാറിക്കഴിഞ്ഞതാവണം. മറ്റു ഭൗതികവും രാഷ്ട്രീയവുമായ കാരണങ്ങളുമാകാം. യഥാർത്ഥത്തിൽ ദേശീയതയുടെ സാധ്യമായ സംശയങ്ങളെല്ലാം അപഭ്രംശങ്ങളോടല്ല. ബഹുസ്വര ദേശീയതയുടെ വൈവിധ്യങ്ങളും അതിന്റെ ചരിത്രപരമായ സഞ്ചാരപഥങ്ങളിലുമാണ് ധൈഷണിക ഇടപെടലുകൾ നടന്നിട്ടുള്ളത്. ദേശീയവാദത്തിന് മുമ്പ് ഇന്ത്യ ഒരു ദേശമായി നിലനിന്നിരുന്നില്ലെന്നത് വാദയുക്തമാണെങ്കിലും ഇൻഡസ് നദീതടസംസ്കാരത്തോളം എത്തിനിൽക്കുന്നു അതിന്റെ പുരാതനത്വമെന്ന് സ്ഥാപിച്ചെടുക്കാനുള്ള പരിശ്രമങ്ങൾ ഇന്ന് ശക്തമാണ്.

### ദേശീയതയുടെ സത്ത

ദേശീയതയുടെ സത്ത എന്തെന്ന് വിശദീകരിക്കാൻ വളരെ സങ്കീർണമാണ്. പ്രാദേശികമായ



ദേശഭക്തി, സാംസ്കാരിക വ്യക്തിത്വം, രാഷ്ട്രീയ പാരമ്പര്യം എന്നിവയൊക്കെ അതിന്റെ നിർമ്മാണത്തിന് സഹായകമാവുന്നെങ്കിലും അതിലുപരി അത് സമൂഹത്തിലെ ഘടനാപരമായ മാറ്റങ്ങളുടെയും പുതിയ വർഗ്ഗത്തിന്റെയും പുതിയ സാങ്കേതികത്വത്തിന്റെയും ഉദയത്തിന്റെ ഫലമാണ്.

പല രാജ്യങ്ങളിലും ദേശീയത പല വിധത്തിൽ ആവിർഭവിക്കുന്നതുകൊണ്ട്. യൂറോപ്പിൽ ദേശരാഷ്ട്രങ്ങളുടെ രൂപീകരണത്തിലൂടെയാണ് ദേശീയത പ്രത്യക്ഷമായതെങ്കിൽ ഇന്ത്യയിലേത് സാമ്രാജ്യത്തിനെതിരായിട്ടുള്ള പോരാട്ടത്തിന്റെ സൃഷ്ടിയാണ്. കാരണം ഇന്ത്യയിലെ വൈവിധ്യമാർന്ന സമൂഹത്തെ പൊതുവേദിയിലേക്ക് ഒന്നിപ്പിച്ചത് സാമ്രാജ്യത്വ വിരുദ്ധതയായിരുന്നു ഇതിനർഥം സാമ്രാജ്യത്വമാണ് ഇന്ത്യൻ ദേശീയത സംഭാവന ചെയ്തത് എന്നല്ല. മറിച്ച് ഇന്ത്യയിൽ സാമ്രാജ്യത്വ ഭരണം ഉള്ളതുകൊണ്ടാണ് ദേശീയതയുടെ ആവിർഭാവം സാധ്യമായത് എന്നാണ്. ആധുനിക പ്രതിഭാസം എന്നതിനോടൊപ്പം ദേശീയത ആധുനീകരിക്കുന്ന ഒരു തത്വചിന്താപരമായ വിശദീകരണമായാലും രാഷ്ട്രീയ വഴക്കായാലും സാമ്രാജ്യത്വ വിരുദ്ധ ദേശീയതയുടെ നിർവചനാത്മകമായ ഗുണം മതനിരപേക്ഷതയാണ്. അത് ഒരേ സമയം ഇന്ത്യൻ സമൂഹത്തിന്റെ സാംസ്കാരിക മതപരമായ വൈവിധ്യങ്ങളെ അംഗീകരിക്കുകയും ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലുള്ള വിവേചനത്തിനെതിരായി നിലകൊള്ളുകയും ചെയ്തു. സാർവ്വലൗകികവും മാനവികവുമായ ആചാരങ്ങളും മതപരവും സാംസ്കാരികവുമായ സംവാദങ്ങളിലൂടെ ജനങ്ങൾ വളർത്തിയെടുത്ത പാരസ്പര്യവും മതനിരപേക്ഷ ലിബറൽ ജനാധിപത്യമെന്ന ആശയത്തിലേക്ക് നയിച്ചു. ലിബറലിസമായിരുന്നു അതിന്റെ തത്വസംഹിത വിപ്ലവദേശീയവാദികളും കമ്മ്യൂണിസ്റ്റുകളുമിതിനെതിരായിരുന്നത് ചർച്ചക്കിടമൊരുക്കി. ഡോ.ബി.ആർ അംബേദ്കർ മുഖ്യശിൽപിയായ ഇന്ത്യൻ ഭരണഘടന രൂപം കൊടുത്ത ജനാധിപത്യ

**സാർവ്വലൗകികവും മാനവികവുമായ ആചാരങ്ങളും മതപരവും സാംസ്കാരികവുമായ സംവാദങ്ങളിലൂടെ ജനങ്ങൾ വളർത്തിയെടുത്ത പാരസ്പര്യവും മതനിരപേക്ഷ ലിബറൽ ജനാധിപത്യമെന്ന ആശയത്തിലേക്ക് നയിച്ചു.**

**സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളായ ആദിവാസികൾ, ദലിതർ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ എന്നിവരൊന്നും സാമ്രാജ്യത്വവിരുദ്ധ ദേശീയ തയുടെ മുഖ്യധാരയിൽ ഭാഗമായില്ല.**

മതനിരപേക്ഷ ലിബറൽ തത്വങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരുപകരണമായാണ്. തത്വത്തിൽ ഇന്ത്യൻ ദേശീയതയുടെ കാതലാണ് ഭരണഘടന.

## ദേശീയ വാദത്തിന്റെ ദൗർബല്യങ്ങൾ

ദേശീയ വിമോചനത്തിന്റെ രാഷ്ട്രീയ പദ്ധതിയെ അലട്ടിയ ഒരുപാട് പിളർപ്പുകൾ സമൂഹത്തിലുണ്ടായിരുന്നു. അതിലേറ്റവും പ്രകടമായത് പാർശ്വവൽക്കരിക്കപ്പെട്ടവര ദേശീയതയിൽ ഉൾപ്പെടുത്താത്തതായിരുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളായ ആദിവാസികൾ, ദലിതർ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ എന്നിവരൊന്നും സാമ്രാജ്യത്വവിരുദ്ധ ദേശീയതയുടെ മുഖ്യധാരയിൽ ഭാഗമായില്ല. ഇവരുടെ ദുഃഖങ്ങൾ ദേശീയവാദരാഷ്ട്രീയത്തിന്റെ പരിധിക്കുള്ളിൽ പരിഹരിക്കപ്പെട്ടില്ല. ആഭ്യന്തരവൈരുധ്യങ്ങളായ ജാതി, വർഗ്ഗം, ലിംഗം തുടങ്ങിയവയിലും സമൂഹത്തിൽ അടിച്ചമർത്തപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും അവകാശങ്ങളിലും ശ്രദ്ധകേന്ദ്രീകരിച്ചവർ മുഖ്യധാര ദേശീയതയ്ക്ക് പുറത്തായി.

പെരിയോർ രാമസ്വാമിയുടെയും അംബേദ്കറുടെയും ദേശീയ പ്രസ്ഥാനത്തോടുള്ള നിലപാട് ഈ കാഴ്ചപ്പാടിലധിഷ്ഠിതമായിരുന്നു. സാമ്രാജ്യത്വ വിരുദ്ധ ദേശീയതയുടെ പരിമിതികളെ ചോദ്യം ചെയ്ത പെരിയാറിന്റെ പ്രസിദ്ധമായ ചോദ്യമിതായിരുന്നു.'ബ്രാഹ്മണ ഭരണം പറയരു സ്വരാജ്യമാണോ?പൂച്ചയുടെ ഭരണം എലിക്കു സ്വരാജ്യമാണോ? മുതലാളിയുടെ ഭരണം തൊഴിലാളിക്കു സ്വരാജ്യമാണോ? ദൗർഭാഗ്യകരമെന്നു പറയട്ടെ, ഇന്നും അടിസ്ഥാന മൗലികാവകാശ-പൗരാവകാശങ്ങൾ നിഷേധിക്കപ്പെടുകയും കടുത്ത വിവേചനവും മർദ്ദനവുമടക്കം ഏൽക്കേണ്ടിവരുന്ന ദളിത അവർണരും സവർണ മേധാവിത്തവും ഇന്ത്യയിൽ നിലനിൽക്കുന്നു എന്നത് ഈ ചോദ്യങ്ങളെ എന്നും കാലിക പ്രസക്തമാക്കി നിലനിർത്തുന്നു. ആരുടെ താൽപര്യത്തെയാണ് ദേശീയത പ്രതിനിധാനം ചെയ്യുന്നതെന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യം അത് മുന്നോട്ട് വെക്കുന്നു. ന്യൂനപക്ഷങ്ങളുടെ സ്ഥാനം എവിടെയാണെന്ന ചോദ്യവും ദേശീയ പ്രസ്ഥാനത്തിനകത്ത് സങ്കീർണതയുണ്ടാക്കി. മതനിരപേക്ഷ ലക്ഷ്യം തേടിയുള്ള സുഖമവും തടസങ്ങളില്ലാത്തതുമായ കഥയല്ല ദേശീയപ്രസ്ഥാനത്തിന്റേത് വിപരീതമായി ഹിന്ദു-മുസ്ലീംങ്ങൾക്കിടയിലുള്ള മതപരമായ സാമുദായിക അവബോധത്തിന്റെ വളർച്ചക്കൊപ്പമാണ് പ്രസ്ഥാനത്തിന്റെ പുരോഗതിയാരംഭിച്ചത്. ബ്രഹ്മസമാജവും പ്രാർത്ഥനാസമാജവും സാർവ്വദേശീയ കാഴ്ചപ്പാടുള്ളവയായിരുന്നെങ്കിൽ പിന്നീടുവന്ന ആര്യസമാജം ഹിന്ദുക്കൾക്കിടയിൽ മതപരമായ ഐക്യം സൃഷ്ടിക്കാൻ ശക്തമായ പങ്കുവഹിച്ചവയായിരുന്നു പുനരുദ്ധാരണമായിരുന്നു അവർ ലക്ഷ്യമിട്ടത്. അതുപോലെ വഹാബി, അലിഗഡ് പ്രസ്ഥാനങ്ങൾ മുസ്ലിം മതാവബോധം ഉണ്ടാക്കിയെടുക്കാൻ പ്രേരകമായി. മതപരമായ സംസർഗ്ഗമുള്ള രാഷ്ട്രീയപാർട്ടികളായ ഹിന്ദു മഹാസഭയും മുസ്ലീംലീഗും പോലുള്ളവയുടെ രൂപീകരണത്തോടെ മതാത്മക കാഴ്ചപ്പാടുള്ള രാജ്യത്തിന് അടിത്തറയിട്ടു. എതിരൽക്കാൻ ശ്രമിച്ചിരുന്നെങ്കിലുംദേ ശീയപ്രസ്ഥാനത്തിലുടനീളം ഹിന്ദുക്കൾക്കും മുസ്ലീ ങ്ങൾക്കും ഇടയിൽ മതാത്മക സ്വത്വത്തിന്റെ അടിയൊഴുക്ക് നിലനിന്നിരുന്നു. വിടവുകൾ വളർത്തുന്നതിന് സാമ്രാജ്യത്വം പ്രത്യക്ഷത്തിൽ തന്നെ പണി യെടുത്തിരുന്നു.

സാമ്രാജ്യത്വ വിരുദ്ധ സമരത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ഇന്ത്യൻ ദേശീയത ചിതറിയ ഒന്നായിരുന്നു മത ജാതി വർഗ്ഗം എന്നിവയുടെ ആഭ്യന്തര വൈരുധ്യങ്ങളാൽ കീറിപ്പറിഞ്ഞ് വേർപ്പെട്ടതും പാക്കിസ്ഥാന്റെ രൂപീകരണവുമെല്ലാം സംഭവിച്ചിട്ടും ഇന്ത്യയെ ഒരു മതേതര ജനാധിപത്യ റിപ്പബ്ലിക്കായി രൂപമെടുക്കാൻ

സഹായിച്ചത് മതമൗലിക വാദതിനോടുള്ള സാമ്രാജ്യത്വ വിരുദ്ധ ദേശീയതയുടെ സന്ധി യില്ലായ്മയാണ്.

ഇന്ത്യ ഇനിയും ഒരു ഫാസിസ്റ്റ് രാഷ്ട്രമായി മാറിയിട്ടില്ല. സമരതന്ത്രങ്ങൾക്ക് ഇനിയും കുറച്ചിടം ബാക്കിയുണ്ട്. ഈ സാഹചര്യത്തിൽ ഭരണകടത്തിന്റെ ഉപകരണങ്ങളാണങ്കിൽ കൂടിയും സർക്കാരിന്റെ സമ്മർദങ്ങൾക്ക് പെട്ടെന്ന് വഴങ്ങുമെന്ന് സംശയിക്കപ്പെടുന്ന പോലീസും സ്വതന്ത്ര അധികാരഘടനയും ബഹുവംശ സമ്മിശ്രവുമായ നീതിന്യായ സംവിധാനവുമാണ് സ്വേച്ഛാധിപത്യത്തിന്റെ കടന്നു കയറ്റത്തിനെതിരെ സാധ്യമായ സംരക്ഷകർ.

എതിർക്കുന്ന ആരെയും ദേശവിരുദ്ധരായി മുദ്രകുത്തുകയും ദേശദ്രോഹക്കുറ്റത്തിന് ശിക്ഷിക്കുകയും ചെയ്യുന്ന ഈ വർഗ്ഗീയ അജണ്ടയുടെ ജയവും പരാജയവും വലിയൊരളവിൽ പൗരസമൂഹത്തിന്റെ പ്രതിരോധത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഈ വിളിയോട് പൗരസമൂഹം എങ്ങനെ പ്രതികരിക്കുമെന്നത് ദേശത്ത സംബന്ധിച്ചിടത്തോളം, വളരെ പ്രധാനമാണ്.

പൗരവകാശ സംരക്ഷണത്തിനായി ജനങ്ങൾ ആശ്രയിക്കുന്ന മേഖലയിലുള്ളവരാണ് വൈജ്ഞാണികരും മാധ്യമപ്രവർത്തകരും കാവി വൽക്കണത്തിനും ആവിഷ്കാര സ്വാതന്ത്ര്യ നിഷേധത്തിനുമെതിരായി ബുദ്ധിജീവികൾ വലിയൊരളവിൽ രംഗത്ത് വന്നത് നല്ല ലക്ഷണമാണ്. വലിയൊരു ശതമാനം ഇപ്പോഴും നിശബ്ദമായിരിക്കുകയാണ്. മാധ്യമങ്ങളിലും ഒരു വിഭാഗം നിർണ്ണായകമാവുമ്പോൾ മറുവിഭാഗം നിഷ്പക്ഷമായി ഭരണകൂടത്തിന്റെ ബ്രാൻഡ് അംബാസിഡർമാരായി മാറുന്നു.

ദേശീയത വലിയ ഭീഷണിയാണെന്ന് ടാഗോർ വളരെ മുൻപ് തന്നെ നമുക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. ദേശീയത വലിയൊരു ഭീഷണിയായി തീർന്ന കാലത്താണോ നാമിപ്പോൾ ജീവിക്കുന്നതെന്ന ചോദ്യം പ്രസക്തമാണ്.

"ഒരു പ്രത്യേക ഭൂപ്രദേശത്ത് ജനിച്ചത് കൊണ്ട് മറ്റുള്ളവരെല്ലാം ശത്രുക്കളാകുന്ന വിവരകേടിന്റെ പേരാണ് ദേശീയത" ബർണാഡ്ഷാ

ഇന്ത്യയും പാക്കിസ്ഥാനും ബംഗ്ലാദേശും അമേരിക്കയും ബ്രിട്ടനും സൗദിഅറേബ്യയും ഇറാനും ജർമനിയും...അങ്ങനെയെല്ലാം കേവലം മനുഷ്യർ വരച്ചുണ്ടാക്കിയ സ്വാർത്ഥതയുടെ അടയാളപ്പെടുത്തലുകളാണ്. വിവരക്കേടുകൾ നിർമ്മിച്ച ഈ വേലിക്കെട്ടുകൾ തകർത്തുകൊണ്ട് നമുക്കറക്കെ ശാന്തിഃ ഗീതമാലപിക്കാം: "ലോകാ സമസ്താ സുഖിനോ ഭവന്തു"

**കാവി വൽക്കണത്തിനും ആവിഷ്കാര സ്വാതന്ത്ര്യനിഷേധത്തിനുമെതിരായി ബുദ്ധിജീവികൾ വലിയൊരളവിൽ രംഗത്ത് വന്നത് നല്ല ലക്ഷണമാണ്.**



ശ്രീബ.എം

# ദൈവത്തിന്റെ മരണം

പ്രളയത്തിന് ശേഷം ഇടിഞ്ഞുപൊളിഞ്ഞ കൽപ്രതിമകൾക്കിടയിൽ കിടന്ന് ദൈവത്തിന് ശ്വാസം മുട്ടി. ദൈവം ഇറങ്ങി നടന്നു. അനന്തവും തനിക്കുപോലും അജ്ഞാതവുമായ ഏകാന്തത ആ സ്വരൂപത്തെ വലയം ചെയ്തു."ഇരുണ്ട തമോഗർത്തങ്ങളിൽ, ദൈവത്തെ പ്രതിഷ്ഠിക്കാൻ ശ്രമിച്ചവർ അവന് സ്തുതി പാടുക" എന്ന വചനം ഓർത്തുകൊണ്ട് ദൈവം തെരുവിലേക്കിറങ്ങി.

ദൈവം പരിപൂർണ്ണ നഗ്നനായിരുന്നു. തെരുവിൽ കീറിപ്പറിഞ്ഞു കിടക്കുന്ന പച്ചയും കാവിയും നിറമുള്ള തുണികൾ എടുത്ത് ധരിക്കാൻ ദൈവത്തിന് ഭയം തോന്നി. ഹേതുവില്ലാത്ത ഭയം. ഒരു പക്ഷേ തന്റെ ഇച്ഛയ്ക്ക് പാത്രിഭവിക്കാൻ വേണ്ടിയാണി തുണികളെന്ന് പോലും ദൈവത്തിനറിയില്ലായിരുന്നു. അയാൾ വീണ്ടും നടന്നു, അവതാര കഥകൾ, പ്രവാചക കഥകൾ, അയ്യായിരം അപ്പവും വീഞ്ഞും, രാമൻ, ഗാന്ധി, ഗോഡ്സെ അങ്ങനെ വിരുദ്ധങ്ങളായ ബിംബങ്ങൾ ദൈവത്തിന്റെ ഉൾക്കണ്ണിന്റെ കാഴ്ച കുറച്ചു. വല്ലാത്ത വിശപ്പ്, വല്ലാത്ത ദാഹം...തെരുവിൽ ആരും ഉണ്ടായിരുന്നില്ല. മരണത്തിന്റെ തണുപ്പ് തെരുവിന്റെ സിരകളിൽ പടർന്നുകയറി. അഭയാർഥികളുടെ ആധാർ കാർഡുകൾ ഓടകളിൽ കിടന്ന് പൗരത്വത്തിന് വേണ്ടി കരഞ്ഞു, പക്ഷേ ദൈവം കേട്ടില്ല.
തെരുവിന്റെ അറ്റത്ത് സിഗരറ്റ് വലിച്ചു കൊണ്ട് ഒരു സ്ത്രീ ഇരിക്കുന്നുണ്ടായിരുന്നു. അവളുടെ കണ്ണുകൾ താണിരുന്നു. ചുണ്ടുകൾ നിരന്തരം ചുംബനങ്ങൾ കൊണ്ട് പുറത്തേക്ക് തള്ളിനിന്നിരുന്നു. പാതികരിഞ്ഞ മുല്ലപ്പൂ ചൂടിയ ആ സ്ത്രീ. വഴിവിളക്കിന്റെ വെളിച്ചത്തിൽ അവൾ ദൈവത്തെ കണ്ടു. നഗ്നനായ ദൈവം!!! അവൾ ദൈവത്തിന്റെ അടുത്തേക്ക് ചെന്നു.

"ആരാണ്?"
"ദൈവം"
സ്ത്രീ പരിഹാസപൂർവ്വം ചിരിച്ചു.
"നീ നിറമില്ലാത്ത ഒരു ചേല തരൂ, എനിക്ക് ധരിക്കാൻ..."
"നിറമില്ലാത്ത ചേലയോ? എന്റെ കൂടെ വരൂ"
ദൈവം അവളുടെ കൂടെ നടന്നു. "നീ ആരാണ്?"
"ഞാനൊരു വേശ്യാ സ്ത്രീയാണ്."
"നിനക്ക് പേരില്ലേ ?" ദൈവം ചോദിച്ചു.
"ഞങ്ങൾക്ക് പേരില്ല. ഞങ്ങൾ ശരീരം കൊണ്ടാണ് ഭൂമിയിൽ അടയാളപ്പെടുത്തുന്നത്. ചിലപ്പോൾ രാത്രിയുടെ ഓരോ യാമങ്ങളിൽ ഞങ്ങൾ ഓരോ വേഷങ്ങൾ കടഞ്ഞിടുന്നു."
"നിങ്ങൾക്ക് അതിരുകളില്ല അല്ലേ?"
ദൈവം ചോദിച്ചു.
ഇല്ല. ഞങ്ങൾ ദൈവത്തെപോലെയാണ് അതിരുകളില്ലാതെ,



"ഞങ്ങൾക്ക് പേരില്ല. ഞങ്ങൾ ശരീരം കൊണ്ടാണ് ഭൂമിയിൽ അടയാളപ്പെടുത്തുന്നത്. ചിലപ്പോൾ രാത്രിയുടെ ഓരോ യാമങ്ങളിൽ ഞങ്ങൾ ഓരോ വേഷങ്ങൾ കടഞ്ഞിടുന്നു."

**അവൾ ആകെ ഉണ്ടായിരുന്ന റൊട്ടി കഷ്ണം ദൈവത്തിനു നൽകി.
ദൈവം റൊട്ടി രണ്ടായി മുറിച്ച് ഒരു കഷ്ണം അവൾക്ക് നൽകി.
അവൾ അത് വാങ്ങാതെ ദൈവത്തിന്റെ കണ്ണുകളിൽ നോക്കി നിന്നു.**



പേരുകൾ തന്നെ വ്യത്യസ്തം.
"എനിക്ക് വല്ലാതെ വിശക്കുന്നു. ദാഹിക്കുന്നു"
അവർ ഇടിഞ്ഞു പൊളിഞ്ഞ
വേശ്യാഗൃഹത്തിലെത്തി. അവൾ ആകെ
ഉണ്ടായിരുന്ന റൊട്ടി കഷ്ണം ദൈവത്തിനു നൽകി.
ദൈവം റൊട്ടി രണ്ടായി മുറിച്ച് ഒരു കഷ്ണം അവൾക്ക്
നൽകി. അവൾ അത് വാങ്ങാതെ ദൈവത്തിന്റെ
കണ്ണുകളിൽ നോക്കി നിന്നു.
രാത്രിയുടെ അവസാനയാമത്തിൽ ഇണചേർന്നു.
സ്ത്രീയെ അറിയാതെ പൂർണജ്ഞാനമില്ല എന്നോർത്ത
പ്പോൾ ദൈവത്തിന് തന്നെ
ചിരി വന്നു.
ആ രാത്രി ഉടയാടയുടെ ബന്ധനം ഇല്ലാതെ കിടക്കുന്ന
വേളയിൽ ദൈവം അവളോട് ചോദിച്ചു.
'ഇയ് താണ ജാതി ആണോ?'
അവൾ ദൈവത്തിന്റെ കരണത്ത് ആഞ്ഞടിച്ചു.
അയാളോട് ചോദിച്ചു
ആധാർ ഇല്ലാതെ കിടക്ക പങ്കിട്ടത് തന്നെ തെറ്റ്.
നീ ശരീരം ആധാറുമായി ലിങ്ക്
ചെയ്യാത്തവനാണ്.
ആ നീ ജാതി ചോദിക്കുന്നോ?
ദൈവം പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു ഞാൻ
ദൈവമാണ്.
വേശ്യ ചോദിച്ചു "ഹിന്ദു ദൈവമാണോ,
മുസ്ലിം ആണോ? സിഖ് ആണോ?"
ദൈവം ചോദിച്ചു "ഇതൊക്കെ എന്താണ്?'
"നിന്റെ സൃഷ്ടികളാണ് ഇവരൊക്കെ"
വേശ്യ പറഞ്ഞു.
"നീ നീയാണെന്ന് തെളിയിക്കൂ". നിന്റെ ശരീരം ഏത്
മതത്തിന്റെയാണെന്ന് തെളിയിക്കൂ.
നീ പൗരത്വമുള്ളവനാകും. പിന്നെ പൂർണസ്വാതന്ത്ര്യ
മാണ്." വേശ്യ ചിരിച്ചു കൊണ്ട് പറഞ്ഞു.
ദൈവത്തിന് സിരയിലൂടെ മരണം കയറി.
ഹൃദയാഘാതം വന്ന ദൈവം മരിച്ചു.



വിണ്ടുകീറിയ ഭൂമിയുടെ കാഴ്ചകൾ
കണ്ട് സിദ്ധാർത്ഥൻ നിശ്ചലനായി.
അവിടെ ചോര കൊണ്ട്
തടമൊരുക്കിയിരുന്നു.
ദൂരെ നിന്ന് കാലത്തിന്റെ വിമോചന ശബ്ദം
അലയടിച്ചു കൊണ്ടിരുന്നു. ആ ശബ്ദവും
തേടി സിദ്ധാർത്ഥൻ നടന്നു





# അസ്ഥികൾ കൊയ്യുന്നിടം

അക്ഷയ്.കെ

കാലങ്ങളായി ജനമനസുകളിൽ അലയടിക്കുന്ന 'ജയ് ജവാൻ ജയ് കിസാൻ' എന്ന ആപ്തവാക്യം ഇനി നമുക്കന്യമാണ്. സ്വന്തം കാലുകളിൽ രാഷ്ട്രത്തിന്റെ ചോര കിനിയുന്ന ഭൂപടം അടയാളപ്പെടുത്തിയവരെ വിസ്മരിക്കുന്ന രണ്ട് കരിനിയമങ്ങൾ വീണ്ടും പിറവിയെടുത്തു. ഇനിയും എത്ര ചോരയൊഴുകണം? എത്ര കഴുത്തുകൾ കയറുകളാൽ കൊയ്യപ്പെടുക്കണം?

**വൻകിട കമ്പനികൾ പറയുന്ന വിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ ഉൽപാദിപ്പിച്ച് കൊടുക്കുന്ന പാവകളായി കർഷകരെ മാറ്റുന്നതിനുള്ള ബോധപൂർവ്വമുള്ള നിയമനിർമാണമാണിത്.**

നിങ്ങൾ ആ കരച്ചിൽ കേൾക്കുന്നുണ്ടോ? കയർ കൊണ്ട് സ്വന്തം ജീവിതം കൊയ്തെടുത്തവരുടെ കരച്ചിൽ...ഇല്ല നിങ്ങളത് കേൾക്കുന്നില്ല. കേട്ടിരുന്നെങ്കിൽ നിങ്ങളിങ്ങനെ നിശബ്ദമാവുമായിരുന്നില്ല. ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ നിന്ന് വീണ്ടും പുതിയ ഉത്തരവുകളിറങ്ങുന്നു. സുതാര്യമല്ലാതെയും ജനാധിപത്യ പ്രക്രിയകളെ കണക്കിലെടുക്കാതെയുള്ള തുടർച്ചയായ ജനവിരുദ്ധ നടപടികളിലൂടെ രാജ്യത്തെ പ്രതിസന്ധിയിലാഴ്ത്തുകയാണ് കേന്ദ്ര സർക്കാർ. ജനരോക്ഷം ഉയരുമ്പോൾ അതിൽനിന്ന് രക്ഷപ്പെടാനായി വർഗീയതയും രാജ്യസുരക്ഷയും എടുത്തണിഞ്ഞുകൊണ്ട് വമ്പൻമൂലധനമുടക്കും ലാഭവും ഉറപ്പാക്കുന്ന രണ്ടു കരിനിയമമാണ് കേന്ദ്രസർക്കാർ പാർലമെന്റിൽ അടിച്ചേൽപ്പിച്ചത്. കർഷികോൽപന്ന വ്യാപാര വാണിജ്യ (പ്രോൽസാഹനവും സൗകര്യമൊരുക്കലും) 2020, കർഷകശാക്തികരണ സംരക്ഷണ ബിൽ 2020 , എന്നിവയാണ് ജനാധിപത്യവിരുദ്ധമായി മോദി സർക്കാർ പാസാക്കിയെടുത്ത കരിനിയമങ്ങൾ. കാർഷികോൽപന്നങ്ങളുടെ സ്വതന്ത്ര വ്യാപാരം, സർക്കാരിന്റെ ഇടപെടലില്ലാത്ത സ്വതന്ത്ര കരാർ എന്നിവ കർഷകരെ രക്ഷിക്കാനാണെന്ന പേരിൽ കോർപ്പറേറ്റുകൾക്ക് കാർഷിക മേഖലയെ തീറെഴുതി കൊടുക്കുവാനുള്ള ആദ്യത്തെ ചുവടുവെപ്പാണ്. പൂഴ്ത്തി വെയ്പ്പും കരിഞ്ചന്തയും നിയമവിധേയമാക്കുവാനാണ് സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ APSC (agricultural produce market committe) നിയമങ്ങളിലൂടെ രൂപീകരിക്കപ്പെട്ട സമിതികളും കാർഷിക ചന്തകളും കർഷകരെ ചൂഷണം ചെയ്യുകയാണ്, ഇത് ഇല്ലാതാക്കുകയാണ് ബില്ലുകളുടെ ഒരു ലക്ഷ്യം എന്നാണ് കേന്ദ്ര സർക്കാർ വാദം. ഇത്തരം കാർഷിക സമിതികളുമായി ബന്ധപ്പെട്ട് ഒരുപാട് ആക്ഷേപങ്ങൾ നിലനിൽക്കുന്നു എന്നത് വസ്തുതയാണ്. ഇടനിലക്കാരുടെയും ഉദ്യോഗസ്ഥരുടെയും ഒത്തുകളിയുമാണ് ഇവിടെ നിയന്ത്രിക്കേണ്ടത്. ഇതിനുപകരം ഈ സംവിധാനത്തെ തന്നെ ഇല്ലാതാക്കുന്നതോടെ കർഷകോൽപ്പന്നങ്ങൾക്ക് ലഭിക്കുന്ന ഇപ്പോഴത്തെ വിലപോലും ഭാവിയിൽ ലഭിക്കാത്ത അവസ്ഥ നേരിടേണ്ടിവരും. വൻകിട കമ്പനികൾ പറയുന്ന വിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ ഉൽപാദിപ്പിച്ച് കൊടുക്കുന്ന പാവകളായി കർഷകരെ മാറ്റുന്നതിനുള്ള ബോധപൂർവ്വമുള്ള നിയമനിർമാണമാണിത്. കാർഷിക വിളകളുടെ വില സംബന്ധിച്ച ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കണമെന്നാണ് പ്രൈസ് എഷ്വറൻസ് ബില്ലിലെ വാഗ്ദാനമെങ്കിലും, കുറഞ്ഞവില ഉറപ്പുവരുത്തുന്നതിനെപ്പറ്റി ബില്ലിൽ പരാമർശിക്കുന്നില്ല. ഈ അവസ്ഥ വരുന്നതോടെ പതിറ്റാണ്ടുകളായി നിലവിലുള്ള താങ്ങുവില ഇല്ലാതാകുമെന്നതാണ് കർഷക സംഘടനകളുടെ ആശങ്ക. വിളകളുടെ ഉത്പാദനം ആരംഭിക്കുന്നതിന് മുൻപ് തന്നെ വിളകൾ വാങ്ങുന്ന സ്വകാര്യ കമ്പനികളുമായി കരാറിൽ ഏർപ്പെടാനും വില നിശ്ചയിക്കാനും പുതിയ ബിൽ കർഷകർക്കു സ്വാതന്ത്ര്യം നൽകുന്നുണ്ട്. കരാറിൽ ഏർപ്പെടുമ്പോഴുള്ള കടബാധ്യതയെ പറ്റിയുള്ള ആകുലതകളേറെയാണ്. കരാറിൽ പിൽക്കാലത്ത് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ കോടതിയെ സമീപിക്കുവാനും നീതി ലഭിക്കാനും കർഷകർ യുദ്ധം ചെയ്യേണ്ടി വരിക വൻകിട കോർപ്പറേറ്റുകളോടാവും. ഈ കർഷക - കോർപ്പറേറ്റ് ബന്ധത്തെ ഇതിനുമുമ്പ് പല രാജ്യങ്ങളും കൊണ്ടുവന്നപ്പോൾ ജനരോക്ഷം കൊണ്ട് തള്ളിക്കളഞ്ഞതാണ്. കോർപ്പറേറ്റുകൾ ഇന്ത്യൻ കർഷക മണ്ണിൽ വേരുറപ്പിക്കുമ്പോൾ സാധാരണക്കാരായ കർഷക തൊഴിലാളിയുടെ ഭാവി ജീവിതം ഒരു ചോദ്യചിഹ്നമായി മാറുകയാണ്.കോവിഡ് വ്യാപനത്തിൽ രാജ്യത്തെ സമ്പത് വ്യവസ്ഥ കൂപ്പുകുത്തിയപ്പോൾ ഏറ്റവും വളർച്ച രേഖപ്പെടുത്തിയത് കാർഷികമേഖലയായിരുന്നു. ജനജീവിതം ദുസ്സഹമാക്കിയ മഹാമാരിയുടെ പിടിയിൽനിന്നും അതിജീവനത്തിനായി പോരാടുന്ന ജനതയെ കൈപിടിച്ചുയർത്തുന്ന ഭരണനയങ്ങ



ളാണ് കാലഘട്ടം ആവശ്യപ്പെടുന്നത്. ഇനി വരുന്ന പോരാട്ടങ്ങളെല്ലാം അന്നത്തിനുവേണ്ടിയാണെന്ന തിരിച്ചറിവാണ് കാർഷിക മേഖലയെ തിരിഞ്ഞുനോക്കാൻ പ്രേരിപ്പിക്കുന്നത്. എന്നാൽ അന്നം നൽകുന്നവർക്ക് കൊലക്കയർ സമ്മാനിക്കുന്ന കേന്ദ്രസർക്കാരിന്റെ നയങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അധികാരദുർവിനിയോഗത്തിലൂടെ പാർലമെന്റിനെ മറികടന്ന് കുത്തകകൾക്ക് വേണ്ടി നിയമങ്ങൾ നിർമിക്കുന്നവർക്കെതിരെ ശക്തമായ പ്രക്ഷോഭം അലയടിക്കാൻ തുടങ്ങിയിരിക്കുന്നു. കേന്ദ്രമന്ത്രി തന്നെ രാജിവെച്ചത് പ്രക്ഷോഭത്തിന് ആക്കം കൂട്ടുന്നു. കർഷക ശബ്ദമുയരുന്ന പഞ്ചാബിലെയും ഹരിയാനയിലെയും രാഷ്ട്രീയ പ്രത്യാഘാതങ്ങളും ചെറുതായിരിക്കില്ല. പാർലമെന്റിനകത്തെന്ന പോലെ രാജ്യത്തിനകത്തും പ്രക്ഷോഭങ്ങളിൽ ഇടതുകക്ഷികളുടെ നേതൃത്വത്തിലുള്ള കർഷകമുന്നണിയാണ് എന്നത് ആശാവഹമാണ്. രാജ്യത്തെ അന്നമൂട്ടുന്ന കൈകളെ പ്രവർത്തനരഹിതമാക്കിക്കൊണ്ട് കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന നയങ്ങൾ നിരന്തരം വന്നുകൊണ്ടിരിക്കുമ്പോൾ ഇന്നത്തെ ഇന്ത്യയുടെ ഭാവി കണ്ടറിയേണ്ടിയിരിക്കുന്നു.

**അന്നം നൽകുന്നവർക്ക് കൊലക്കയർ സമ്മാനിക്കുന്ന കേന്ദ്രസർക്കാരിന്റെ നയങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അധികാരദുർവിനിയോഗത്തിലൂടെ പാർലമെന്റിനെ മറികടന്ന് കുത്തകകൾക്ക് വേണ്ടി നിയമങ്ങൾ നിർമിക്കുന്നവർക്കെതിരെ ശക്തമായ പ്രക്ഷോഭം അലയടിക്കാൻ തുടങ്ങിയിരിക്കുന്നു**

ആകാശ് മേനോൻ

# നുണ



സ്വപ്നം കാണുന്നു എന്നൊക്കെ
വെറുതെ പറയുന്നതാണ്.
ബോധം തെറ്റുമ്പോൾ ചുമ്മാ
നടക്കാത്തൊരു ഓർമിപ്പിക്കൽ.

ഇനി നിങ്ങൾക്ക്,
നിങ്ങൾക്ക് മാത്രം
സ്വപ്നം കാണാൻ കഴിയുന്നുവെങ്കിൽ
ഒറ്റപ്പെടുന്നതിന് മുൻപേ കാണിക്കുക
അതൊരു അസുഖമാണ്.

കവികൾ നുണ പറഞ്ഞതല്ലേ
മനുഷ്യൻ സ്വപ്നം കാണാറില്ല.

# ബുദ്ധനെ തൊടുമ്പോൾ

പ്രസൂൺ.വി.എസ്

*Wake up , wake up :*
*my sweet butterfly*
*jonint to me : my journey*
Basho

ജാപ്പനീസ് കവികളിൽ പ്രസിദ്ധനായ
മാറ്റ്സുവോ ബഷോയുടെ ഒരു ഹൈക്കുവാണിത്.
പൂമ്പാറ്റയുടെ ഹൃദയവുമായി നടത്തുന്ന ഓരോ
യാത്രയും ഹൃദ്യമായ അനുഭവമായി മാറുന്നു.
മനസ്സിനും ശരീരത്തിനും ഭാരമില്ലാതെ,
നവ്യമായ എല്ലാത്തിനേയും സ്വാഗതം ചെയ്യുന്ന
മനസ്സുമായി സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലൂടെ
പ്രപഞ്ചത്തെ അടുത്തറിയുവാനുള്ള ശ്രമങ്ങളായി
ഓരോ യാത്രയും മാറുന്നു. യാത്രകൾ പുത്തൻ
അനുഭവങ്ങളുടെ വാതായനങ്ങളാണ്.
അവ തുറന്നു തരുന്ന ലോകമാവട്ടെ
അത്ഭുതത്തിന്റേയും.



**പറഞ്ഞ കഥകളും കേട്ട കഥകളും ഒക്കെ മോഹിപ്പിച്ചു കൊണ്ടേയിരുന്നു. ധ്യാനനിമിഷങ്ങൾ സമ്മാനിച്ച ചിതറാലിലേയ്ക്ക് ഇനിയും എത്തിച്ചേരാൻ.**



ഓരോ യാത്രയിലെയും അനുഭവങ്ങൾ വിഭിന്നം. ഒരിക്കൽ ഇറങ്ങിയ പുഴയിൽ പിന്നീട് ഇറങ്ങാൻ കഴിയാത്തതു പോലെ. ചിലത് നാമറിയാതെ ചില ധ്യാന മുഹൂർത്തങ്ങളിലേക്ക് നയിക്കും.
ധ്യാനം: അറിഞ്ഞതിൽ നിന്നും മനസിനെ ശൂന്യമാക്കലാകുന്നു. അറിഞ്ഞത് ഭൂതകാലമാകുന്നു. ശൂന്യമാക്കൽ ശേഖരിക്കലിന്റെ അന്ത്യത്തിലല്ല മറിച്ച് ശേഖരിക്കാതിരിക്കുക എന്നതാണതിനർത്ഥം. ധ്യാനിക്കുക എന്നാൽ സമയാതീതമാവുക എന്നാണ്. ചിന്ത അതിന്റെ നേട്ടങ്ങളിലൂടെ സഞ്ചരിക്കുന്ന ദൂരമത്രെ സമയം.
(ധ്യാനങ്ങൾ - ജെ.കൃഷ്ണമൂർത്തി)

ജീവിതത്തിൽ അടുത്തിടെ കടന്നുപോയ യാത്രകളിൽ. അവിചാരിതമായി എത്തിപ്പെട്ട ധ്യാനനിമിഷങ്ങളാണ് ഓർമ്മച്ചിത്രങ്ങളിൽ. ദക്ഷിണ അറേബ്യയിലെ തന്നെ ഏറ്റവും ഉയരം കൂടിയ സ്ഥലമായ ജബൽ അക്തർ എന്നെന്നേക്കുമുള്ള ഒരു അനുഭവമായി മനസിൽ നിറച്ച ശേഷമുള്ള മടക്കയാത്ര. ആ ദിവസത്തെ കാഴ്ചകളെല്ലാം കൂടി മനസിനെ സാർത്ഥകമാക്കി കഴിഞ്ഞിരുന്നു. മടങ്ങിയപ്പോഴേക്കും സന്ധ്യയായി. മസ്കറ്റിലേക്കുള്ള പാത. മുൻപിൽ അനന്തമായി യാതൊരു പച്ചപ്പുകളും അവശേഷിപ്പില്ലാതെ മലകൾക്കിടയിലൂടെ നീണ്ടുകിടക്കുന്നു. കാറിൽ ഏതോ ഒരു വാദ്യോപകരണധ്വനി യാതൊരു ശല്യപ്പെടുത്തലുമില്ലാതെ ഒഴുകുന്നു. ഏതോ ഒരു നിമിഷത്തിൽ. വാദ്യനാദവും വാഹനത്തിന്റെ ഒഴുക്കും ഒന്നായതു പോലെ. മങ്ങിയ വെളിച്ചത്തിൽ റോഡിന്നിരുപുറവും കൂർത്ത മുനമ്പുകളോടെ നിൽക്കുന്ന നഗ്നമായ വലിയ മലകൾ മാത്രം. കൂടെയുള്ളവരെല്ലാം മയക്കത്തിലേക്ക് വഴുതി വീണിരിക്കുന്നു. ഉണർച്ചയിൽ ഞങ്ങൾ മുൻസീറ്റുകാർ മാത്രം. ഇടയ്ക്കെപ്പോഴോ ഏതൊക്കെയോ സംസാരങ്ങളിൽ നിന്നും ഞങ്ങളും വഴുതിയിറങ്ങി ഒരു നീണ്ട മൗനത്തിലേക്ക്. വാദ്യധ്വനി. കാറിന്റെ ഒഴുക്ക്. ചുറ്റിലുമുള്ള സന്ധ്യാംബരിയിലെ പ്രശാന്തഗംഭീരമായ മലനിരകൾ. മങ്ങിയ വെളിച്ചം എന്നിവയെല്ലാം ചേർന്ന് മനസിന്റെ ഭാരമൊഴിച്ച അവസ്ഥ. ഞങ്ങളുടെ തുറന്നു പിടിച്ച കണ്ണുകൾക്കിടയിൽ മണിക്കൂറുകളോളം മനസിന്റെ ഭാരങ്ങളെ ഇല്ലാതാക്കിക്കൊണ്ട് നിറഞ്ഞുനിന്ന നിമിഷങ്ങൾ മാത്രം. നമ്മെത്തന്നെ മറന്ന നിമിഷങ്ങൾ. ഏറെ നാളായി കാണാൻ കൊതിച്ചിരുന്ന ഒരിടമാണ് ചിതറാൽ. കേരള ചരിത്രപാഠത്തിനിടയിൽ ജൈനമത കേന്ദ്രങ്ങളെക്കുറിച്ചുള്ള പരീക്ഷാപഠനങ്ങൾക്കിടയിൽ നിന്ന് മനസിൽ സ്ഥിരതാമസമാക്കിയ ഒരിടം. കേരളത്തിൽ നിന്നും വഴുതി മാറിപ്പോയ മനോഹരമായ കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡത്തിനടുത്തു നിന്നും 8 കിലോമീറ്ററോളം മാറിയിട്ടാണ് മലൈകോവിൽ എന്ന പേരിൽ പ്രസിദ്ധമായ ചിതറാൽ ജൈനക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കവലയിൽ വലിയ സൈൻബോർഡുകൾ. നിശബ്ദത മാത്രം. ഓരോരുത്തരും ഓരോ ഭാഗത്തേയ്ക്ക് നടന്നു. നമ്മെ അലിയിച്ചില്ലാതാക്കുന്ന പ്രകൃതി മുഹൂർത്തിലേയ്ക്ക്. സമയമറിയാതെ. പോകാനുള്ള ദൂരമോർക്കാതെ നടന്നു തീർത്ത നിമിഷങ്ങൾക്കൊടുവിൽ ക്ഷേത്രത്തിലെ ജൈനഭിക്ഷുവുമായി കുറച്ചു നേരം. പറഞ്ഞ കഥകളും കേട്ട കഥകളും ഒക്കെ മോഹിപ്പിച്ചു കൊണ്ടേയിരുന്നു. ധ്യാനനിമിഷങ്ങൾ സമ്മാനിച്ച ചിതറാലിലേയ്ക്ക് ഇനിയും എത്തിച്ചേരാൻ. ഇനിയൊരു ദിനത്തിൽ തിരിച്ചെത്തുമെന്ന ഉറപ്പിലായിരുന്നു ആ രാത്രിയിലെ മലയിറക്കം. കണ്ട കാഴ്ചയുടെ അത്ഭുതം വറ്റാതെ അവിടെ നിന്നുമനുഭവിച്ച തൂവൽഭാരത്തെ വീണ്ടു വീണ്ടും ഓർത്തുകൊണ്ട് ഒരു ശ്രീലങ്കൻ യാത്രക്ക് പുറപ്പെട്ടപ്പോൾ മനസിൽ കുറെ ആഗ്രഹങ്ങൾ നിറഞ്ഞിരുന്നു. ബുദ്ധന്റെ പല്ല് സൂക്ഷിച്ച കാന്റി. സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിലൂടെ മനസിനെ മോഹിപ്പിച്ച സിഗിരിയ, രാജാക്കന്മാരും ബുദ്ധമതവും ഇടകലർന്ന പോലോനൗർവ, ഗയയിൽ നിന്നും എത്തിയ ബോധിവൃക്ഷവുമുള്ള അനുരാധപുര, ഡാർക്ക് ടൂറിസത്തിന്റെ അടയാളമായി ശ്രീലങ്കൻ സർക്കാർ അനുഭവവേദ്യമാക്കിയ ജാഫ്ന എന്നിങ്ങനെ ഒട്ടേറെ കാഴ്ചകൾക്ക്



തിരക്കുപിടിച്ച മനസ്സ്. സിഗിരിയ എന്ന അത്ഭുതം കണ്ട് കാടിന്നടിയിലുള്ള ഗ്രാമത്തിൽ താമസിക്കുമ്പോഴാണ് ഞങ്ങൾക്ക് താമസമൊരുക്കിയ ദിനേഷ് ഹീനയാനചിന്തകളെക്കുറിച്ച് പറഞ്ഞത്. സംസാരത്തിനിടയിൽ എപ്പോഴോ, അവരുടെ വാക്കുകളിൽ നിന്നും ഒരിടം തെറിച്ചു വീണു. പിദുരംഗല. സിഗിരിയയുടെ അടുത്തുതന്നെയുള്ള സ്ഥലമാണെന്നും ബുദ്ധമതകേന്ദ്രങ്ങളിൽ അതിപ്രാചീനമെന്നും എന്നാൽ ഇന്നും ആരും കടന്നുചെന്ന് ടൂറിസത്തിന്റെ ഭാഗമാക്കി തിരക്കിൽപ്പെടുത്താത്ത ഒരിടം കൂടിയാണ് പിദുരംഗല എന്നും പറഞ്ഞ് അവർ മോഹിപ്പിച്ചു. അവിടെ നിന്നുള്ള ഉദയസൂര്യന്റെ കാഴ്ച അതിമനോഹരമാണെന്ന് കൂടി പറഞ്ഞപ്പോൾ ഞങ്ങൾ ഉടനടി അടുത്ത ചോദ്യത്തിലെത്തി. എങ്ങിനെ പോകും? ഒരു ടുക് ടുക് ഏർപ്പാടാക്കിയാൽ മതി എന്ന് ദിനേഷ് (നമ്മുടെ ഓട്ടോറിക്ഷയാണ് ശ്രീലങ്കയിലെ ടുക് ടുക്). പക്ഷെ വഴിയിൽ ആനയെ കണ്ടേക്കാമെന്നുള്ളത് കൊണ്ട് എല്ലാവരും അതിരാവിലെ വണ്ടിയെടുക്കില്ല എന്നയാൾ കൂട്ടിച്ചേർത്തു. വഴിയിലെ ആനക്കാഴ്ചയെ സൗകര്യപൂർവം കേട്ടില്ലെന്ന് നടിച്ച് കൊണ്ട് ഒരു ടുക് ടുക് ഏർപ്പാടാക്കി ഞങ്ങൾ യാത്രക്ക് തയ്യാറായി. രാവിലെ 5 മണിയ്ക്ക് തന്നെ കുളിച്ച് റെഡിയായി ടുക് ടുക്ൽ യാത്ര. സിഗിരിയയുടെ ഒരു ഭാഗം ചുറ്റിക്കൊണ്ട് കാട്ടിലൂടെ ടുക് ടുക് ലുള്ള യാത്ര ചെറിയൊരു ഭയത്തെതന്നു. ഒരു പാറയുടെ താഴെയുള്ള പടികൾക്കടുത്ത് ടുക് ടുക് നിർത്തി. തിരിച്ചിറങ്ങുമ്പോൾ വിളിച്ചാൽ മതിയെന്ന് പറഞ്ഞ് ഫോൺ നമ്പർ തന്ന് കാട്ടിനുള്ളിലെ വഴിയിലേക്ക് പ്രഭാതത്തിലെ ഇരുട്ടിൽ ടുക് ടുക് ഡ്രൈവറും വണ്ടിയും അപ്രത്യക്ഷമായി. താഴെ

**സിഗിരിയയുടെ അടുത്തുതന്നെയുള്ള സ്ഥലമാണെന്നും ബുദ്ധമതകേന്ദ്രങ്ങളിൽ അതിപ്രാചീനമെന്നും എന്നാൽ ഇന്നും ആരും കടന്നുചെന്ന് ടൂറിസത്തിന്റെ ഭാഗമാക്കി തിരക്കിൽപ്പെടുത്താത്ത ഒരിടം കൂടിയാണ് പിദുരംഗല എന്നും പറഞ്ഞ് അവർ മോഹിപ്പിച്ചു.**

**വഴിയിൽ ഒരു വശത്ത് ഒരു കൈ തലയിൽ വെച്ച് നീണ്ടുനിവർന്ന് ചരിഞ്ഞുകിടന്നുറങ്ങുന്ന ബുദ്ധൻ. പിന്നിട് വഴി കാണാനില്ലാത്ത ചില പാറക്കൂട്ടങ്ങൾക്ക് മുകളിൽ കറച്ച് ചുവന്ന വഴിയടയാളങ്ങൾ മാത്രം.**

ചെറിയൊരു കെട്ടിടം. അതിൽ ബുദ്ധപ്രതിമകളുമായി ഒരാൾ. പ്രവേശനത്തിനുള്ള ടിക്കറ്റ് എടുത്തപ്പോൾ മുൻപിലെ പടികൾ കാണിച്ച്. അതിലൂടെ കയറിയാൽ പാറയ്ക്ക് മുകളിലെത്താം എന്നയാൾ പറഞ്ഞു. ഞങ്ങൾ പതുക്കെ കയറാൻ തുടങ്ങി. വഴിയിൽ വെളിച്ചം വീണു തുടങ്ങുന്നേയുള്ളൂ. കാട്ടുപിടിച്ച പാറക്കെട്ടുകൾക്കിടയിലൂടെയുള്ള പൊട്ടിപ്പൊളിഞ്ഞ പഴയ കൽപ്പടവുകൾ, ഭാർഗവീനിലയവും യക്ഷിയുമൊക്കെ ഓർമിപ്പിച്ചു. വലിയ ധൈര്യം സമ്പാദിച്ച് ഞങ്ങൾ ആ കാട്ടുവഴികളിലൂടെ,ഇടിഞ്ഞുപൊളിഞ്ഞ പടവുകളിലൂടെ,വഴികളെന്നു തോന്നിപ്പിക്കുന്ന പാറയിടുക്കകളിലൂടെ മുകളിലേയ്ക്ക്.കറച്ച് കയറിച്ചെന്നപ്പോൾ കണ്ട ഒഴിഞ്ഞ ഇടവും ഞങ്ങളെ നോക്കിച്ചിരിച്ചു കൊണ്ടിരിക്കുന്ന ബുദ്ധപ്രതിമയും. വിനേഷ് പറഞ്ഞ വഴിയിൽത്തന്നെയാണ് ഞങ്ങളെന്ന് ധൈര്യപ്പെടുത്തി. വീണ്ടും പടികളിലൂടെ മുകളിലോട്ട് കയറുന്നതിനിടയിൽ മുമ്പിൽ ഒരു സീൽക്കാരശബ്ദത്തോടെ ചെറിയ പാമ്പിനെ കണ്ടതും കൂടെയുള്ള ആളിന്റെ നല്ല ജീവനങ്ങു പോയതും ഒരുമിച്ച്. തിരിച്ച് പോയാലോ എന്ന ചോദ്യം പിന്നാലെ. ഏതായാലും കയറി വന്നതല്ലേ, നമുക്ക് കയറാമെന്ന വാക്കിൽ വീണ്ടും മുന്നോട്ട്. വഴിയിൽ ഒരു വശത്ത് ഒരു കൈ തലയിൽ വെച്ച് നീണ്ടുനിവർന്ന് ചരിഞ്ഞുകിടന്നുറങ്ങുന്ന ബുദ്ധൻ. പിന്നിട് വഴി കാണാനില്ലാത്ത ചില പാറക്കൂട്ടങ്ങൾക്ക് മുകളിൽ കറച്ച് ചുവന്ന









വഴിയടയാളങ്ങൾ മാത്രം. അവയ്ക്കിടയിലൂടെ ആഴ്ന്ന് കയറി മുകളിലേയ്ക്കെത്തിയപ്പോൾ എത്തിയത് ഒരു വലിയ പാറപ്പരപ്പിൽ. മൂന്നു ഭാഗവും തുറന്ന് പ്രകൃതിയിലേയ്ക്ക് മുൻഭാഗം കൂർപ്പിച്ചുകൊണ്ട് നിൽക്കുന്ന ഒരു പാറമലയുടെ പരന്ന പ്രതലം. ചുറ്റിലുമുള്ള കാഴ്ചകൾ അവിസ്മരണീയം. സൂര്യൻ ഉദിച്ചിട്ടില്ലെങ്കിലും ഒരു നാട്ടുവെളിച്ചമുണ്ട്. ഒരു ഭാഗത്ത് സിഗിരിയ ഉയർന്നു നിൽക്കുന്നത് കാണാം. കിഴക്കേതെന്ന് ഊഹിച്ച് സൂര്യന്റെ വരവും നോക്കി ഇരിപ്പുറപ്പിച്ചു. എത്രനേരമിരുന്നുവെന്ന് അറിയില്ല. മുന്നിൽ ചുറ്റിലുമുള്ള അനന്തമായ നിശ്ശബ്ദപ്രകൃതി മാത്രം. ദൂരത്തു നിന്നും വെള്ളിമേഘങ്ങൾ താഴ്വരയിലൂടെ

അടുത്തേയ്ക്ക് വന്നുകൊണ്ടേയിരിക്കുന്നു. അവ വളരെയടുത്തെത്തിയപ്പോഴാണ് രണ്ടുപേരും നിൽക്കുന്ന ഇടത്തെക്കുറിച്ച് തിരിച്ചറിഞ്ഞത്. അപ്പോഴേക്കും ആ ഇരിപ്പ് മണിക്കൂറുകൾ മറികടന്നിരിക്കുന്നു.കടയില്ലാതെ, സൂര്യനെക്കാണാതെ വൻമഴയെപ്പേടിച്ച് ചാറ്റൽമഴയിൽ വേഗം മലയിറങ്ങുമ്പോൾ, ഭയം അമ്പരപ്പിലേയ്ക്കും പേരറിയാത്ത ഒരു സന്തോഷത്തിലേയ്ക്കും മാറിക്കഴിഞ്ഞിരുന്നു. അറിയാതെയെത്തിയ ധ്യാനസ്ഥലങ്ങളും ഈ മുഹൂർത്തങ്ങളും എന്നിൽ നിറച്ചതെന്ത് എന്നന്വേഷിക്കുമ്പോൾ, മനസ്സിൽ തെളിയുന്നത് രാമചന്ദ്രൻ മാഷിന്റെ അജന്ത എന്ന കവിതയാണ്.മലയാള വിഭാഗത്തിലെ മുൻ അധ്യാപകൻ എന്നത് ഒരു അമിത സ്വാതന്ത്ര്യമായെടുത്ത് ആ അനുഭവങ്ങളെ ഞാൻ ഇങ്ങനെ ചുരുക്കട്ടെ. 'അറിയുന്നു ഞാൻ എൻ മനസ്സിൽ തെളിയുന്നിതാ നപാർദ്രം തഥാഗത മന്ദസ്മിതം".

കിഴക്കേതെന്ന് ഊഹിച്ച് സൂര്യന്റെ വരവും നോക്കി ഇരിപ്പുറപ്പിച്ചു. എത്രനേരമിരുന്നുവെന്ന് അറിയില്ല. മുന്നിൽ ചുറ്റിലുമുള്ള അനന്തമായ നിശ്ശബ്ദപ്രകൃതി മാത്രം. ദൂരത്തു നിന്നും വെള്ളിമേഘങ്ങൾ താഴ്വരയിലൂടെ അടുത്തേയ്ക്ക് വന്നുകൊണ്ടേയിരിക്കുന്നു. അവ വളരെയടുത്തെത്തിയപ്പോഴാണ് രണ്ടുപേരും നിൽക്കുന്ന ഇടത്തെക്കുറിച്ച് തിരിച്ചറിഞ്ഞത്.



അനന്ദു.സി

# അതിരിട്ട മനുഷ്യന്റെ അടയാളങ്ങൾ

'എന്റെ മനോജ്ഞമായ
രാജ്യത്തിലെ അരാഷ്ട്രീയ ബുദ്ധിജീവികളെ ,
നിങ്ങൾക്ക് ഉത്തരം നൽകാനാവില്ല
മൗനത്തിന്റെ ഒരു കഴുകൻ
നിങ്ങളുടെ കുടൽ തിന്നുതീർക്കും
നിങ്ങളുടെ തന്നെ നിസ്സഹായത
നിങ്ങളുടെ ആത്മാവ് കരണ്ടുതിന്നും
നിങ്ങളുടെ ലജ്ജ
നിങ്ങളെ നിശബ്ദരാക്കും "

ഒട്ടേറെനേ കാസിലോയുടെ ഈ വരികൾ ആമുഖമാക്കി തന്നെ പറഞ്ഞുതുടങ്ങാം. കാലം നിങ്ങളെ വേട്ടയാടുക തന്നെ ചെയ്യും . കഴുമരങ്ങൾ നിങ്ങളെ അറപ്പോടെ എതിരേൽക്കും. എന്തെന്നാൽ നീതിയുടെ രാഷ്ട്രീയം അടിച്ചമർത്തിയവർക്കൊപ്പം നിലകൊള്ളുന്നതിനാൽ. നമ്മുടെ രാജ്യത്തിന്റെ, ഇന്ത്യയുടെ പൗരത്വത്തെകുറിച്ച് ആദ്യത്തെ ലിഖിതങ്ങൾ ഉണ്ടാകുന്നത് 1955 ൽ ആണ്. ഇവ ഇഴചേർത്തുവെച്ചിരിക്കുന്നത് ഭരണഘടനയിലെ ഇന്ത്യൻ പൗരത്വനിയമത്തി

ലെ 5 മുതൽ 11 വരെയുള്ള വകുപ്പുകളിലും. ഭരണഘടനയുടെ രണ്ടാം ഭാഗത്തിൽ ഇത് വ്യക്തമായി പ്രതിപാദിക്കുന്നു.

കേവലം ഒരു കടലാസ് പേപ്പറിനപ്പുറം ഭരണഘടന രാജ്യത്തെ പൗരന് നൽകുന്ന സംരക്ഷണം വല്യതാണ്. ആർട്ടിക്കിൾ 15 - ൽ പറയുന്ന ജാതി , മതം , വർഗം , ലിംഗം , ജനനസ്ഥലം തുടങ്ങിയവയുടെ പേരിൽ വേർതിരിച്ച് കാണാതിരിക്കാനുള്ള അവകാശം , മൗലികസ്വാതന്ത്ര്യത്തിനുള്ള അവകാശം തുടങ്ങി രാജ്യത്തിന്റെ പ്രഥമസ്ഥാനങ്ങളിൽ എത്തുവാനും , മഹത്തായ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമാകുവാൻ വരെ പൗരത്വം നമ്മെ പ്രാപ്തനാക്കുന്നു.
1955 - ലെ നിയമത്തെ ഭേദഗതി ചെയ്യുന്നതാണ് " പൗരത്വ ഭേദഗതി നിയമം 2019 ".നിയമം പറയുന്നതെന്തെന്നാൽ " 2014 ഡിസംബർ 31-നോ അതിനുമുൻപോ പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ ഇന്ത്യയുടെ അയൽരാജ്യങ്ങളിൽ നിന്നുള്ള അവിടുത്തെ മതന്യൂനപക്ഷങ്ങളായ ഹിന്ദുക്കൾ, സിഖുകാർ, ജൈനന്മാർ, ബുദ്ധമതക്കാർ, പാഴ്സികൾ, ക്രിസ്ത്യാനികൾ എന്നിവർക്ക് രാജ്യത്തിന്റെ പൗരത്വം ലഭിക്കും". കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ മുസൽമാൻമാർ ഒഴികെ എല്ലാവർക്കും പൗരത്വം. സ്വാഭാവികമായി രാജ്യത്തിലെ മറ്റുമതക്കാർക്ക് സന്തോഷിക്കാം. നാം സുരക്ഷിതരാണെന്ന്.ഈ അവസ്ഥയിൽ നമുക്ക് ചരിത്രം കൂടെ പരിശോധിക്കാം. എന്തെന്നാൽ ഫാസിസം അത് നിലനിൽക്കുന്ന സമൂഹത്തിനനുസൃതമായി രൂപമാറ്റം ചെയ്യുന്നുവെങ്കിലും ആത്മാവ് വിട്ടൊഴിയാൻ അത് തയ്യാറാകുന്നില്ല.

" 1935 - ൽ സെപ്റ്റംബർ 15 ന് ജർമനിയിൽ ഒരു നിയമം നിലവിൽ വന്നു." ന്യൂറം ബർഗ് " നിയമമനുസരിച്ച് ജൂതർക്ക് നിയമപരമായ അധികാരവകാശങ്ങൾ ഇല്ലാതാക്കുകയും ക്രമേണ പൗരത്വം തന്നെ നിഷേധിക്കുകയും ചെയ്തു. തുടർന്ന് ജൂതരുടെ സ്വത്ത് കണ്ടുകെട്ടുകയും തൊഴിൽ നൽകാൻ പാടില്ലെന്നുമുള്ള നിയമങ്ങളും നിലവിൽ വന്നു.1935 മുതൽ ഉള്ള ഈ നിയമദിനങ്ങളെ " ദൈവം മരണപ്പെട്ട ദിനങ്ങൾ " എന്നാണ് ചരിത്രം വിശേഷിപ്പിച്ചിരുന്നത്. അന്ന് ജർമനി ഭരിച്ചതും ഇന്ന് ഇന്ത്യ ഭരിക്കുന്നതും

**1935 - ൽ സെപ്റ്റംബർ 15 ന് ജർമനിയിൽ ഒരു നിയമം നിലവിൽ വന്നു." ന്യൂറം ബർഗ് " നിയമമനുസരിച്ച് ജൂതർക്ക് നിയമപരമായ അധികാരവകാശങ്ങൾ ഇല്ലാതാക്കുകയും ക്രമേണ പൗരത്വം തന്നെ നിഷേധിക്കുകയും ചെയ്തു.**



വിപ്ലവത്തിന്റെ കാലത്ത് ആറ്റം ബോംബുകൾ
കടലാസ് പൂക്കളാണ്".



ഫാസിസം തന്നെയാണ് എന്ന വസ്തുത ഈ അവസരത്തിൽ കൂട്ടിവായിക്കേണ്ടതാണ്.
ഈ നാടിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ നമുക്ക് കൃത്യമായി അടയാളപ്പെടുത്താൻ കഴിയുന്ന ഒന്നാണ് നമ്മുടെ മുസ്ലിം പൈതൃകം. ആർ.എസ്.എസിന്റെ ഭരണഘടനയായ വിചാരധാരയിൽ പറയുന്നുണ്ട് ഭാരതത്തിൽ നിന്ന് ആദ്യം പുറത്താക്കേണ്ട വർഗം മുസ്ലീങ്ങളാണെന്ന്.ആ വിചാരധാരയെ അടിസ്ഥാനമാക്കി രാജ്യം ഭരിക്കുന്നവർ ആ പൈതൃകത്തെയാണ് ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. സ്വാതന്ത്ര്യസമരം മുതൽ ഈ നാടിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ നമുക്ക് തണലായി നിന്നവരെയാണ് ഇന്ന് ആട്ടിപ്പായിക്കാൻ ശ്രമിക്കുന്നത്.
ഇപ്പോഴത്തെ ഈ "വേട്ടക്കാരുടെ" രാഷ്ട്രീയമെന്താണ് ?
സ്വാതന്ത്ര്യസമരത്തിൽ നിങ്ങളുടെ പങ്ക് എന്താണ് ?
ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കുശേഷം നിങ്ങൾ എത്ര തവണ നിരോധിക്കപ്പെട്ടു ?
നിങ്ങൾക്ക് ഈ രാജ്യത്തിന്റെ ചരിത്രത്തിൽ വ്യക്തമായ പങ്കില്ല. നിങ്ങൾ രക്തദാഹികളുടെ പിന്മുറക്കാരാണ്."അന്തിക്രിസ്തുകൾ"

മുകുന്ദന്റെ കടന്നാക്കുന്ന ചോയി എന്ന നോവലിൽ, കടൽ കടന്നു പോകുന്ന ചോയി മാധവൻ എന്ന കുട്ടിയുടെ കയ്യിൽ ലക്കോട്ട് നൽകുന്നു. ആ കുറിപ്പിൽ എന്താണ് എന്ന് ആർക്കും മനസ്സിലാകുന്നില്ല. ചോയി മരിച്ച് തിരികെ ജഡം വരുമ്പോൾ മാധവൻ ലക്കോട്ട് തുറക്കുന്നു.
"എന്റെ നാട് ഇന്ത്യയാണ് ഞാൻ മരിച്ചാൽ എന്റെ ശരീരം ദേശീയ പതാകയിൽ പൊതിഞ്ഞ് ചിതയിലെടുക്കണം." "കടന്നാക്കുന്ന ചോയി" ഈ നാട്ടിലെ പുറത്താക്കപ്പെടുന്നവരുടെ പ്രതീകമാണ്. സ്വന്തം നാടിന്റെ സ്വത്വത്തിൽ മരിക്കുമ്പോഴും ഇഴുകി ചേരാനുള്ള എതൊരു സാധാരണക്കാരന്റെയും പ്രതീകം. മരിച്ചു കിടക്കുമ്പോഴും ആത്മാഭിമാനവും രാജ്യ സ്നേഹവും വിട്ടുകളയാത്തവരുടെ പ്രതീകം. പ്രതിഷേധങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ മഹാനായ മാവോയുടെ വാക്കുകൾ കടമെടുക്കാം. "വിപ്ലവത്തിന്റെ കാലത്ത് ആറ്റം ബോംബുകൾ കടലാസ് പൂക്കളാണ്".

# വിജ്ഞാനഭാഷ എന്ന നിലയിലുള്ള മലയാളത്തിന്റെ വളർച്ച ഇപ്പോഴും പരിമിതമാണ്.

**ഇന്റർവ്യൂ** / സുനിൽ പി ഇളയിടം / മാഗസിൻ സമിതി

**● കേരളം ഭാഷാടിസ്ഥാനത്തിൽ രൂപപ്പെട്ട ഒരു സംസ്ഥാനമാണ്. എങ്കിലും വിജ്ഞാന ഭാഷ എന്ന നിലയിലേക്ക് മലയാള ഭാഷ ഉയർന്നു വന്നിട്ടുണ്ടോ ? ഒരു ഭാഷ അധ്യാപകൻ എന്ന നിലയിൽ മാഷിന്റെ അഭിപ്രായം എന്താണ് ?**

വിജ്ഞാനഭാഷ എന്ന നിലയിലുള്ള മലയാളത്തിന്റെ വളർച്ച ഇപ്പോഴും പരിമിതമാണ്.
വാസ്തവത്തിൽ മലയാളഭാഷ നേരിടുന്ന രണ്ട് പ്രധാന പരിമിതികളിൽ ഒന്ന് വിജ്ഞാനഭാഷ എന്ന നിലയിലുള്ള മലയാള ഭാഷയുടെ വളർച്ചയുടെ പോരായ്മ. രണ്ട് , ഭരണ ഭാഷയായിട്ട് മലയാളത്തെ മാറ്റുന്നതിലുള്ള പോരായ്മ.
ഈ രണ്ട് പോരായ്മകളും ഇന്നും മലയാളത്തെ വളരെ കൂടുതൽ ബാധിക്കുന്നുണ്ട്.
ഒരുപക്ഷേ ഒരു വിജ്ഞാന മേഖല മൊത്തത്തിൽ എടുത്താൽ ചരിത്രം പോലൊരു സാമൂഹ്യശാസ്ത്ര വിഷയം പ്രബലമായിട്ട് മലയാളത്തിൽ ഉണ്ട്. പക്ഷേ അതേ അളവിൽ മറ്റ് സാമൂഹ്യവിജ്ഞാനങ്ങൾ ഇല്ല. ശാസ്ത്ര വിജ്ഞാനം വളരെ ദുർബലമാണ്. അങ്ങനെ വിജ്ഞാനഭാഷാ വികാസം മലയാളത്തിൽ ആധുനിക ഘട്ടത്തിൽ സ്തംഭിച്ചു പോയതാണ്.
അതേസമയം ആധുനിക പൂർവ്വ ഘട്ടങ്ങളിൽ മലയാളത്തിൽ വൈജ്ഞാനികമായ ബലം പൊതുവിൽ ഉണ്ടായിരുന്നു. അതിനെ വികസിപ്പിക്കാൻ ആധുനിക ഘട്ടത്തിൽ വേണ്ടപോലെ കഴിഞ്ഞില്ല എന്നതാണ് ഈ പോരായ്മയുടെ കാരണം.

**● സാംസ്കാരിക - രാഷ്ട്രീയ പരമായി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമാണ് കേരളം,സാക്ഷരതയിൽ ഏറെ മുന്നിൽ നിൽക്കുന്നു.എന്നിട്ടും എന്തുകൊണ്ടായിരിക്കാം മലയാള ഭാഷക്ക് പലപ്പോഴും വേണ്ടത്ര പ്രാധിനിത്യം ലഭിക്കാതെ പോയത്**



**ഒരു വിജ്ഞാന മേഖല മൊത്തത്തിൽ എടുത്താൽ ചരിത്രം പോലൊരു സാമൂഹ്യശാസ്ത്ര വിഷയം പ്രബലമായിട്ട് മലയാളത്തിൽ ഉണ്ട്. പക്ഷേ അതേ അളവിൽ മറ്റ് സാമൂഹ്യവിജ്ഞാനങ്ങൾ ഇല്ല. ശാസ്ത്ര വിജ്ഞാനം വളരെ ദുർബലമാണ്.**

ഒരു രാഷ്ട്രത്തെ എങ്ങനെ നിർവ്വചിക്കണമെന്നതാണ് ദേശീയത എന്നതിന്റെ അടിസ്ഥാന സങ്കൽപം.





ഒരുപാട് രാഷ്ട്രീയ പ്രസ്ഥാനങ്ങളും സാംസ്കാരിക സംഘടനകളും സജീവമായി നിലനിൽക്കുന്ന ഇടമാണ് കേരളം. പലതരത്തിലുള്ള സമരങ്ങൾക്കും സംവാദങ്ങൾക്കും ഈ സംഘടനകൾ നേതൃത്വം നൽകുന്നുണ്ട്.എന്നാൽ ഭാഷയുടെ ഉന്നമനത്തിനു വേണ്ടിയുള്ള പോരാട്ടങ്ങൾക്ക് ഏറ്റെടുക്കാൻ എന്തു കൊണ്ടാണെന്നറിയില്ല ഇവരിൽ പലരും പിന്നോട്ടടിക്കുന്നു.ഇത് മലയാള ഭാഷയുടെ ഔന്നിത്യത്തിന് ഗുണകരമാവില്ല.

**● കേരളം വലിയ പ്രധിഷേധം ഉയർത്തിയ ഒന്നായിരുന്നു പൗരത്വ ഭേദഗതി നിയമം. ദേശീയതയെക്കുറിച്ച് ഒരുപാട് പഠിക്കുകയും നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്ന ഒരു വ്യക്തി എന്ന നിലയ്ക്ക് പൗരത്വ ഭേദഗതി ബില്ല് ദേശീയതയ്ക്ക് ഏത് തരത്തിലാണ് വെല്ലുവിളിയാവുന്നത് ?**

ഒരു രാഷ്ട്രത്തെ എങ്ങനെ നിർവ്വചിക്കണമെന്നതാണ് ദേശീയത എന്നതിന്റെ അടിസ്ഥാന സങ്കൽപം.
എന്താണ് ഒരു രാഷ്ട്രം ?
ഇന്ത്യയിൽ മതാത്മകമായി ദേശീയതയെ സങ്കല്പിച്ച പാരമ്പര്യമുണ്ട്.

1920 മുതൽ മതനിരപേക്ഷമായ ജനകിയ സങ്കൽപം ഉയർന്നുവരുന്നുണ്ട്. അതാണ് പിന്നീട് ഇന്ത്യ എന്ന ആശയമായി മാറിയത്.അതിൽ പൗരത്വം എന്ന് പറയുന്നത് ഒരു മതത്തെയോ , സംസ്കാരത്തെയോ , മൂല്യത്തെയോ ഒന്നും മുൻനിർത്തിയല്ല.
ആവാസത്തെ മുൻനിർത്തിയാണ്.
ഒരു പ്രദേശത്ത് വസിക്കുന്നവർ അവിടത്തെ പൗരത്വത്തിന് അർഹതയുള്ളവരാണ്.
ആവാസം എന്നതിന് പകരം മതം ഒരു പരിഗണനാ വിഷയമായി മാറുന്നു എന്നുള്ളതാണ് ഈ ഭേദഗതിയുടെ അടിസ്ഥാനം.
അങ്ങനെ മതം പൗരത്വത്തെ നിർണയിക്കുന്നതിന്റെ അടിസ്ഥാനമാകുമ്പോൾ ആ രാഷ്ട്രം ഒരു മത രാഷ്ട്രം ആയി തീരും. അത് ഇന്ത്യൻ ദേശീയതയുടെ യഥാർത്ഥ സ്വഭാവത്തിന് എതിരാണ്. ആദ്യ ഘട്ടത്തിൽ മതാത്മക ദേശീയത ഉണ്ടായിരുന്നു.
എന്നാൽ അതിനെ മറികടന്നാണ് നമ്മൾ മതനിരപേക്ഷ രാഷ്ട്രമായി തീർന്നത്.







**● ഡിജിറ്റൽ ഇന്ത്യ എന്ന ആശയം മുന്നോട്ട് വച്ചുകൊണ്ട് അധികാരത്തിൽ വന്ന സർക്കാർ പല തരത്തിലുള്ള പ്രശ്നങ്ങളുടെ പേരിൽ കശ്മീർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ഇന്റർനെറ്റ് കട്ട് ചെയ്യുന്ന തരത്തിലുള്ള വിരോധാഭാസം നമ്മൾ നാൾക്കുനാൾ കാണുന്നു. ഇത് ഒരുതരം ഭരണകൂട ഭീകരത തന്നെയല്ലേ..?**

തീർച്ചയായും..ഡിജിറ്റൽ ഇന്ത്യ എന്നൊരാശയം ഇന്ത്യയിലെ ഏത് സമൂഹത്തിലേക്കാണെത്തുക എന്നൊരു ചോദ്യമുണ്ട്. ഇന്ത്യയിലെ എഴുപത് ശതമാനത്തോളം വരുന്ന മനുഷ്യരുടെ ഗ്രാമ ജീവിതത്തിലേക്ക് ഈ ഡിജിറ്റൽ സാധ്യതകളെ എതളവിൽ എത്തിച്ചു എന്നാലോചിച്ചാൽ തന്നെ ഒരു മധ്യവർഗ്ഗ നാഗരികതയ്ക്കപ്പുറത്തേയ്ക്ക് സഞ്ചരിക്കാനിപ്പോഴും ഒരുപാട് പരിമിതികളുള്ള ആശയമാണ്.
ഒരു ഭാഗത്ത് പൊളിറ്റിക്കൽ സ്ലോഗനായിട്ട് ഡിജിറ്റൽ ഇന്ത്യ എന്ന് പറയുകയും മറുഭാഗത്ത് ഈ ഡിജിറ്റൽ സാധ്യതകളെ മുഴുവൻ നിരസിക്കുന്ന വിധത്തിലുള്ള , അടിസ്ഥാനങ്ങളെ പൂർണ്ണമായും തള്ളിക്കളയുന്ന നിലയിലുള്ള നിലപാടുകൾ സ്വീകരിക്കുകയാണ് ഭരണകൂടം.
ഇത് ഒരു തരത്തിൽ ചിന്തിച്ചാൽ അവകാശങ്ങൾക്ക് മുകളിലേക്കുള്ള ഭരണകൂടത്തിന്റെ കടന്നുകയറ്റമാണ്.

**● ഭൂരിപക്ഷ ഭീകരതയോളം ശക്തിപ്രാപിക്കുന്ന ഒന്നായി ന്യൂനപക്ഷ ഭീകരതയും മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.**

**ഒരു ഭാഗത്ത് പൊളിറ്റിക്കൽ സ്ലോഗനായിട്ട് ഡിജിറ്റൽ ഇന്ത്യ എന്ന് പറയുകയും മറുഭാഗത്ത് ഈ ഡിജിറ്റൽ സാധ്യതകളെ മുഴുവൻ നിരസിക്കുന്ന വിധത്തിലുള്ള , അടിസ്ഥാനങ്ങളെ പൂർണ്ണമായും തള്ളിക്കളയുന്ന നിലയിലുള്ള നിലപാടുകൾ സ്വീകരിക്കുകയാണ് ഭരണകൂടം**

മതരാഷ്ട്രീയത്തിന്റെ ഏത് തരത്തിലുള്ള ആവിഷ്കാരവും ഒരു ജനാധിപത്യ സമീപനത്തെ സംബന്ധിച്ച് സ്വീകാര്യമല്ല. ഏത് തരത്തിലുള്ള ആവിഷ്കാരത്തെയും അത് നിരസിക്കേണ്ടതുണ്ട്.



**ഒരു മതനിരപേക്ഷ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇത് എത്രമാത്രം വെല്ലുവിളി ഉയർത്തുന്നതാണ് ?**

മതരാഷ്ട്രീയത്തിന്റെ ഏത് തരത്തിലുള്ള ആവിഷ്കാരവും ഒരു ജനാധിപത്യ സമീപനത്തെ സംബന്ധിച്ച് സ്വികാര്യമല്ല. ഏത് തരത്തിലുള്ള ആവിഷ്കാരത്തെയും അത് നിരസിക്കേണ്ടതുണ്ട്. മതം ഒരു രാഷ്ട്രീയ പ്രയോഗത്തിന്റെ അടിസ്ഥാന യുക്തി ആവുന്നതിനോട് ഒട്ടും യോജിക്കുന്നില്ല. മാത്രമല്ല.. പലപ്പോഴും ഇതിനകത്ത് മതത്തെ ഒരു പ്രമേയമാക്കുക വഴി ആരെയാണോ നിങ്ങൾ എതിർക്കാൻ ആഗ്രഹിക്കുന്നത് അതിന്റെ തന്നെ അജണ്ടയിലേക്ക് വിഷയങ്ങളെ കൊണ്ട് ചെല്ലാനും അത് സഹായകമാവും. അതാണ് അടിസ്ഥാന കാര്യം.
പിന്നെ ഇന്ത്യൻ കോണ്ടസ്റ്റിനെ ലാർജർ ലെവലിൽ നോക്കുന്ന സമയത്ത് ഹിന്ദുത്വം ഒരു ഫാസിസ്റ്റ് ഭീഷണി ഉയർത്തുന്നുണ്ട് എന്നുള്ള ഒരു സവിശേഷ പ്രശ്നം നിലനിൽക്കുന്നുണ്ട്. ഈ ഒരു ഫാസിസത്തെ ചെറുത്തുതോല്പിക്കാൻ മറ്റൊരു ഫാസിസത്തിന് ഒരിക്കലും സാധ്യമാവില്ല. ഇത് ജനാധിപത്യ മതനിരപേക്ഷ രാഷ്ട്രത്തിന് വലിയ വെല്ലുവിളിയായി മാറുകയാണ് ചെയ്യുക.

**● മാർക്സിനെയും ഗാന്ധിയെയും കുറിച്ച് പലതരത്തിലുള്ള പഠനങ്ങൾ നടത്തിയ വ്യക്തിയാണ് അങ്ങ്. ഇന്ത്യയിലെ സാഹചര്യങ്ങളിൽ ഏത് തരത്തിലാണ് മാർക്സിനെയും ഗാന്ധിയെയും നമ്മൾ വായിക്കേണ്ടത് ?**

മാർക്സും ഗാന്ധിയും വളരെ വ്യത്യസ്തമായ പാരമ്പര്യമുള്ളവരാണ്. വ്യത്യസ്തമായ നിലപാടുള്ളവർ. പക്ഷേ അതേ സമയം ഇവരിൽ നിന്ന് നമുക്ക് നമ്മുടെ കാലത്ത് സംഭവിക്കുന്ന ചില

മൗലികമായ ഉൾക്കാഴ്ചകൾ സാധ്യമാണ്. അത് ഒരുപക്ഷേ ഇന്ന് ഇന്ത്യ നേരിടുന്ന മതവർഗ്ഗീയതയുടെ പ്രശ്നം , ലോകത്തെയാകെ വിഴുങ്ങുന്ന മൂലധനത്തിന്റെ പ്രശ്നം എന്നിവയൊക്കെ അഡ്രസ്സ് ചെയ്യാനായി നമുക്ക് മാർക്സിനെയും ഗാന്ധിയുടെയും ഉൾക്കാഴ്ചകൾ ഉപകാരപ്പെട്ടതാവുന്നതാണ്. അത് അവർ ഒരേ വഴിയിലാണ് എന്ന അർത്ഥത്തിൽ അല്ല. അവർക്കിടയിലെ വൈരുദ്ധ്യങ്ങൾ അവരുടെ ചരിത്ര സന്ദർഭങ്ങളുടെ പ്രശ്നങ്ങളായിരുന്നു. ആ വൈരുദ്ധ്യങ്ങളെക്കാൾ നമ്മുടെ കാലത്തോട് അവർ എന്താണ് സംസാരിക്കുന്നത് എന്നാണ് നമ്മൾ നോക്കേണ്ടത്.

**● സമകാലിക ഇന്ത്യയിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പ്രസക്തി എത്രമാത്രമാണ് ?**

ഇടതുപക്ഷം അതിന്റെ രാഷ്ട്രീയ ആശയത്തെ കൂടുതൽ ജാഗ്രതയോടെ ചിന്തിക്കേണ്ടതാണ്. ഇന്ന് ഇന്ത്യ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള ഉത്തരം വലിയൊരളവുവരെ ഇടതുപക്ഷമാണ്. സാമ്പത്തിക നയമായും മതനിരപേക്ഷ നയമായുമൊക്കെ ഇടതുപക്ഷ രാഷ്ട്രീയ ആശയങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. ആ പ്രസക്തി പൊതുജീവിതത്തിൽ എത്തിക്കുന്നതിൽ ഇനിയും ശ്രദ്ധാപൂർവ്വം ഇടപെടേണ്ടതുണ്ട്.

**● സമകാലിക കോടതി വിധികളിൽ വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യത്തിനെതിരെ വലിയ തരത്തിലുള്ള കടന്നുകയറ്റം ഉണ്ടായിട്ടുണ്ട്. സമൂഹത്തിന്റെ പല ഭാഗത്തുനിന്നും വിദ്യാർത്ഥി രാഷ്ട്രീയം എന്നത് വളരെ ദോഷകരമായ ഒന്നായി കാണപ്പെടുന്നു. ഒരു കോളേജ് യൂണിയൻ ചെയർമാൻ കൂടിയായിരുന്ന താങ്കൾ എങ്ങനെയാണ് ഇത് വിലയിരുത്തുന്നത് ?**

കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ദുർബ്ബലപ്പെടുത്തുന്നതിൽ ഒരുപാട് ഘടകങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനമായി കാണുന്ന കാര്യം ജാതി മത സാമുദായികതയ്ക്ക് നമ്മുടെ വിദ്യാഭ്യാസ കാര്യത്തിൽ കൈവന്ന മേൽക്കൈയാണ്. ഇത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ തകർക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. അല്ലാതെ വിദ്യാർത്ഥി സംഘടന പ്രവർത്തനം വിദ്യാഭ്യാസ രംഗത്തെ പിന്നോട്ടടിക്കുന്നു എന്ന തരത്തിലുള്ള ചിന്തകളൊക്കെ വളരെ അർത്ഥശൂന്യമാണ്. നിങ്ങളാലോചിച്ചു നോക്കൂ..വിദ്യാർത്ഥി രാഷ്ട്രീയമില്ലായിരുന്നെങ്കിൽ രാഷ്ട്രീയ ബോധം ഇല്ലാത്ത അടഞ്ഞ ക്യാമ്പസുകളാണ് ഇന്ത്യയിലുള്ളതെങ്കിൽ ഈ പൗരത്വ ബില്ല് നിസ്സംഗമായി കടന്നുപോവുമായിരുന്നു. അതുകൊണ്ടുതന്നെ രാഷ്ട്രീയം വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് സംഘടനാ തലത്തിലുണ്ട്..വൈജ്ഞാനിക തലത്തിലുണ്ട്. ജീവിതത്തിന്റെ എല്ലാ വിഭാഗങ്ങളിലും അതുണ്ടാവണം.

ഇന്ന് ഇന്ത്യ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള ഉത്തരം വലിയൊരളവുവരെ ഇടതുപക്ഷമാണ്. സാമ്പത്തിക നയമായും മതനിരപേക്ഷ നയമായുമൊക്കെ ഇടതുപക്ഷ രാഷ്ട്രീയ ആശയങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്.


മാറ്റി നിർത്തപ്പെട്ട
അക്ഷരങ്ങളും
അധ്യായങ്ങളും
കോപത്താൽ
സൂര്യനെ മായ്ക്കാൻ
ശ്രമിച്ചു. അതിവേഗം
ഇരുട്ട്
കീഴ്പ്പെടുത്തിയ
പാതകൾ കണ്ട്
സിദ്ധാർഥൻ
നിശബ്ദനായി




# നിഴൽ മരിച്ച പാഠഭാഗം

അലീന.എസ്.പ്രജ

കേന്ദ്രഗവൺമെന്റിന്റെ നേതൃത്വത്തിൽ നിരന്തരമായി നടന്നുവരുന്ന ഒരു രാഷ്ട്രം, ഒരു വിദ്യാഭ്യാസവ്യവസ്ഥ, ഒരു കരിക്കുലം എന്ന ഏകീകൃത സമീപനത്തിലൂന്നുന്നതും, വിദ്യാഭ്യാസത്തിലെ ഫെഡറൽ മൂല്യങ്ങളെയാകെ തകർത്തുകളയുന്നതുമായ അക്കാദമിക സമഗ്രാധിപത്യത്തിന്റെ ഭാഷയാണ് പുതിയ വിദ്യാഭ്യാസനയം സംസാരിക്കുന്നത്.




നമ്മുടെ വിദ്യാഭ്യാസത്തിൽ പരിമിതമായെങ്കിലും നിലനിൽക്കുന്ന സാമൂഹികനീതിയുടെയും സമത്വാധിഷ്ഠിത, സൗജന്യ നിർബന്ധിത വിദ്യാഭ്യാസത്തിന്റെയും നിലപാടുതറയിൽനിന്നുള്ള പ്രകടമായ വ്യതിയാനത്തെയാണ് പുതിയ നയം സൂചിപ്പിക്കുന്നത്.

മാനുഷിക വികസന സൂചികയുടെ അടിസ്ഥാനശില ഒരു സ്റ്റേറ്റിന്റെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹ്യരചനയുടെ ക്രിയാത്മകമായ ഉള്ളടക്കം വിദ്യാഭ്യാസത്തിന്റെ പരിപ്രേക്ഷ്യത്തിലാണ് അടങ്ങിയിരിക്കുന്നത്. ഒരു ജനത എന്തായിരിക്കണമെന്ന് ഒരു രാജ്യം എങ്ങനെ ആയിരിക്കണമെന്നും തീരുമാനം എടുക്കുന്നത് വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടുതന്നെ അനന്തവൈവിധ്യങ്ങളുടെ ഭൂസ്വരസമൂഹങ്ങളിൽ പാഠ്യപദ്ധതി തീരുമാനിക്കപ്പെടുമ്പോൾ അതീവ ഗൗരവത്തോടെയാണ് ഭരണകൂടം ആ കാര്യം നിർവഹിക്കേണ്ടത്.ഇന്ത്യ സ്വതന്ത്രമാകുന്നതിന് മുമ്പേയും. കരിക്കുലം സംബന്ധിച്ച് വിശദമായ ചർച്ചകളും സംവാദങ്ങളും ഇന്ത്യയിലുടനീളം നടന്നിട്ടുണ്ട്.അതിന്റെയെല്ലാം ഫലമായി നിരവധി വിദ്യാഭ്യാസ കമ്മീഷനുകൾ നിലവിൽ വന്നിട്ടുണ്ട്. അതിൽ പ്രഥമഗണനീയമായിട്ടുള്ളത് കോത്താരി റിപ്പോർട്ടാണ്. ഒരു ഫെഡറൽ സമൂഹ വ്യവസ്ഥ നിലനിൽക്കുന്ന ഇന്ത്യയിൽ വിവിധഭാഷകളിൽ ഗോത്രഭാഷയുൾപ്പെടെ നിരവധി പ്രാദേശിക ഭാഷക ളും നിലനിൽക്കുന്നുണ്ട് എന്നൊരു വസ്തുത ദേശീയ പാഠ്യപദ്ധതിയുടെ പരിഷ്കരണ ഘട്ടത്തിൽ ഭൂരിപക്ഷ സംസ്ഥാനങ്ങളും ത്രിഭാഷ പാഠ്യബോധന രീതിയാണ് നിലനിൽക്കുന്നത്. എന്നാൽ ചില ഉപദേശീയതകൾ ത്രിഭാഷ രീതികൾ അംഗീകരിക്കുന്നില്ല.ഇത് ബോധനമാധ്യമ രീതിയെ സംബധിച്ചുള്ള ചില വസ്തുതകളാണ്.




പുതിയ പാഠ്യപദ്ധതി സംബന്ധിച്ചുള്ള കരട് നിർദ്ദേശങ്ങളിൽ ലഭ്യമായിട്ടുണ്ട്. അത് പ്രധാനമായും ഊന്നൽ നൽകുന്നത് മതനിരപേക്ഷവും ജനാധിപത്യപരമായ വിദ്യാഭ്യാസത്തിന്റെ അസ്ഥിവാരത്തിനെ ചൂർത്തികലയുന്നതും പകരം മധ്യകാല ഇന്ത്യ പുനസൃഷ്ടിക്കുന്നുള്ള തീവ്രമായ ആശയമാണ്.ഇന്ത്യയിലെ പല യൂണിവേഴ്സിറ്റികളിലും ഇന്ന് ജ്യോതിഷം കരികുലത്തിൽ ഉൾപ്പെടുത്തുകയും അന്ധവിശ്വാസത്തിന്റെ അബദ്ധജഡിലമായ അവസ്ഥയിലേക്ക് ഒരു സമൂഹത്തെ ഉന്തി തള്ളിവിടുന്ന ആപൽക്കരമായ വസ്തുത ഇപ്പൊൾ നമ്മുടെ മുമ്പാകെ ഉണ്ട്. അശാസ്ത്രീയമായ പല ജ്യോതിഷ രീതികളും പുതിയ തലമുറയിൽ എങ്ങനെയാണ് ഒരു ഭരണകൂടം അടിച്ചേൽപ്പിക്കുന്നത് എന്ന് മനസ്സിലാക്കാം. ചുറ്റിലും ഇരുട്ട് വിതച്ച് ഇത്തരം ജ്യോതിഷ രൂപങ്ങൾ ശാസ്ത്രമാണ് എന്നവർ പറഞ്ഞു ഫലിപ്പിക്കുകയും ചെയ്യും.ഒരു ജനായത്തസാമൂഹികസംഘടനയ്ക്കുകളുടെപോലും ദളിതരും മറ്റ പാർശവൽകൃത ജനവിഭാഗങ്ങൾ ഇന്നും വിദ്യാഭ്യാസത്തിന്റെ പുറമ്പോക്കിലാണ് ജീവിക്കുന്നത്.

"ക്ഷുദ്രനക്ഷത്രസംയുക്തേതത് ദൂരതപരിവർജയേത്" എന്നൊക്കെ കേട്ടിരുന്ന നാടാണ് നമ്മുടേത്. ഇന്നും വിദ്യാഭ്യാസരംഗത്ത് സവർണതയുടെ അപശ്രുദോതികരണം നടന്നുകൊണ്ടിരിക്കുകയാണ്.അങ്ങനെയുള്ള ഒരു കാലത്ത് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം വീണ്ടും വീണ്ടും മധ്യകാല യുഗത്തിലേക്ക് തിരിച്ച് നടത്താനുള്ള ശ്രമമാണ് പുതിയ പാഠ്യപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്ന് ഒറ്റനോട്ടത്തിൽ തന്നെ ഏതൊരാൾക്കും ബോധ്യമാവുന്നതാണ്. മനുവാദികളുടെ സ്മൃതിശിഖങ്ങളിലെ ഫോസിലുകൾ സ്കൂൾ ലൈബ്രറികളിൽ അലമാരയിൽ സ്ഥാനം പിടിക്കാൻ പോകുന്നു. ഏക ശില നിർമ്മിതമായ കരിക്കുലം മൂഷകളിൽ വെന്തു പാകമാകുന്നുണ്ട്.വിമോചകവും ജനാധിപത്യ മതനിരപേക്ഷവുമായ ഒരു വിദ്യാഭ്യാസ പദ്ധതിക്ക് വേണ്ടിയുള്ള ജനമുന്നേറ്റം നമ്മുടെ നാട് ഇപ്പൊൾ പ്രതീക്ഷിക്കുന്നുണ്ട്

**ഇന്നും വിദ്യാഭ്യാസരംഗത്ത് സവർണതയുടെ അപശ്രുദോതികരണം നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഒരു കാലത്ത് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം വീണ്ടും വീണ്ടും മധ്യകാല യുഗത്തിലേക്ക് തിരിച്ച് നടത്താനുള്ള ശ്രമമാണ് പുതിയ പാഠ്യപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്**

ഗാലറിയുടെ ആർപ്പുവിളികൾ
സാക്ഷിനിർത്തി, പരിധികളുടെയും
പരിമിതികളുടെയും കുമ്മായവര
കൾക്കപ്പുറത്തേക്ക്
കാലിൽ പന്തുമായി
എതിരാളിയുടെ ഗോൾമുഖം
ലക്ഷ്യമാക്കി
ഓടിയകലുന്ന ഗോളിയെ കണ്ടപ്പോൾ
കൊട്ടാരത്തിലെ അധികാരവും
ആഡംബരത്ത്വവും വലിച്ചെറിഞ്ഞ്
ചീവിടുകളുടെ മാത്രം ആരവം
സാക്ഷിനിർത്തി രാത്രിയിൽ
കൊട്ടാരം വിട്ട്
മരത്തണലുതേടിയലഞ്ഞ
ഒരു പഴയ രാജകുമാരനെ
സിദ്ധാർത്ഥൻ ഓർത്തെടുത്തു



# എൽ പൊർത്തേറോ വൊളാദോർ

## THE FLYING GOALKEEPER

വസിഷ്ഠ് എം.സി



> പെനാൽറ്റി കിക്ക് കാത്തുനിൽക്കുന്ന
> ഗോളിയുടെ ഏകാന്തത. എല്ലാവരാലും
> ഒറ്റുകൊടുക്കപ്പെട്ട് രണ്ട് കൈകളും വിടർത്തി
> ഗോളി പെനാൽറ്റി കിക്ക് കാത്തുനിൽക്കുന്നു.
> ഗ്യാലറികളിൽ അൻപതിനായിരം തുപ്പൽ
> വറ്റിയ തൊണ്ടകൾ അപ്പോൾ
> നിശബ്ദമായിരിക്കും. ഒരു കാണിമാത്രം
> ഇടയ്ക്ക് മൂന്ന് തവണ കൂകും.

മലയാളത്തിലെ പ്രശസ്തനായ കഥാകൃത്ത് എൻ.എസ്.മാധവന്റെ "ഹിഗ്വിറ്റ" എന്ന ചെറുകഥയിലെ ചില ഭാഗങ്ങളാണ് മേൽ ഉദ്ധരിച്ചത്. റിനെ ഹിഗ്വിറ്റ ലാറ്റിനമേരിക്കൻ രാജ്യമായ കൊളംബിയയുടെ വിഖ്യാതനായ ഗോൾകീപ്പറായിരുന്നു.1990ലെ ഇറ്റാലിയൻ ലോകകപ്പിൽ ഹിഗ്വിറ്റ എന്ന സാധാരണ ഗോളി പെനാൽറ്റി ബോക്സിനെ മറികടന്ന് കളിക്കുക എന്ന അസാധാരണ കൃത്യം ചെയ്യാൻ തുടങ്ങിയതോടുകൂടിയാണ് ലോകമെമ്പാടുമുള്ള ഫുട്ബോൾ പ്രേമികളുടെ ശ്രദ്ധാകേന്ദ്രമായത്. മലയാള സാഹിത്യ രചനയുടെ മേൽ ലാറ്റിൻ അമേരിക്ക ചെലുത്തിയ സ്വാധീനത്തിന് ഉത്തമ ഉദാഹരണമായിരുന്നു "ഹിഗ്വിറ്റ".

ലാറ്റിൻ അമേരിക്കൻ ഫുട്ബോളിനെയും ലാറ്റിൻ അമേരിക്കൻ സാഹിത്യത്തെയും വേർതിരിക്കുക എന്നത് ശ്രമകരമായ കാര്യമാണ്. പട്ടിണിയും പ്രകൃതിദുരന്തങ്ങളും നിരന്തരം വിഴുങ്ങികൊണ്ടിരിക്കുമ്പോഴും ഈ മൂന്നാം ലോകരാജ്യങ്ങളിൽ രണ്ട് കലകൾ വളർന്നു. ഫുട്ബോളും സാഹിത്യവും." മാർക്കേസിന്റെ മാജിക്കൽ റിയലിസത്തിൽ നിന്ന് മറഡോണയുടെ മാന്ത്രിക താളത്തിലേക്കുള്ള ദൂരം അധികമല്ല". ( സി. പ്രകാശ് - ഭൂമിയിലേക്ക് വഴിതെറ്റിയ മാന്ത്രികൻ. കലാകൗമുദി ലക്കം : 1369 , പേജ് : 23 ) ലാറ്റിൻ അമേരിക്കൻ ഫുട്ബോളും ലാറ്റിനമേരിക്കൻ സാഹിത്യവും എതാണ്ട് ഒരേ സമയത്താണ് മലയാള മനസ്സിനെ കീഴടക്കാൻ തുടങ്ങിയത്. അത് കേവലമൊരു യാദൃശ്ചികത മാത്രമായിരുന്നോ? ഒരു അന്യഭൂഖണ്ഡത്തിന്റെ സാഹിത്യ ധാരകളും ഫുട്ബോൾ ശൈലിയും കേരളീയന്റെ ഹൃദയത്തിൽ താദാത്മ്യം പ്രാപിച്ചത് എന്തുകൊണ്ട്? മലയാളി അമേരിക്കൻ സാഹിത്യത്തിലൂടെ ലാറ്റിനമേരിക്കൻ ഫുട്ബോളിന്റെ ഗുരുത്വ കേന്ദ്രത്തിലേക്ക് ആകർഷിക്കപ്പെടുകയായിരുന്നോ? ഈ ചോദ്യങ്ങൾക്ക് സ്പഷ്ടമായ ഉത്തരമില്ലെങ്കിലും ചില വസ്തുതകൾ ചില നിഗമനങ്ങളിലേക്ക് വെളിച്ചം വീശുന്നു.

1970-കൾക്ക് ശേഷമാണ് കേരളത്തിൽ ലാറ്റിനമേരിക്കൻ സാഹിത്യകൃതികൾ അവയുടെ തർജ്ജമകളിലൂടെ അനിതരസാധാരണമാം വിധം പ്രചരിക്കാൻ തുടങ്ങിയത്.(ലാറ്റിൻ അമേരിക്കൻ സാഹിത്യ കൃതികളുടെ തർജ്ജമ ഇപ്പോഴും തുടരുന്നു) വിശ്വപ്രസിദ്ധ ചിലിയൻ കവിയായ പാബ്ലോ നെരൂദ,കൊളംബിയൻ സാഹിത്യകാരനായ ഗബ്രിയേൽ ഗാർസ്യ മാർക്വേസ്,മെക്സിക്കൻ എഴുത്തുകാരനായ ഒക്റ്റോവിയോപാസ് എന്നിവരായിരുന്നു കേരളത്തിൽ ഏറ്റവും വായിക്കപ്പെട്ട ലാറ്റിനമേരിക്കൻ സാഹിത്യകാരന്മാർ. താഴെ പറയുന്ന പരാമർശങ്ങൾ ഈ പ്രസ്താവനയെ സാധൂകരിക്കുന്നു. " കേരളത്തിലെ വായനക്കാരന് കാഫ്കയെക്കാളും എം പി നാരായണപിള്ളയെക്കാളും പരിചിതനാണ് മാർക്വേസ്".( ഡി.വിനയചന്ദ്രൻ അനേകം ജനങ്ങളുടെ ഏകാന്തതകൾ,ലാറ്റിൻ അമേരിക്കൻ കഥകൾ.ഡി.സി.ബുക്ക്സ് പേജ് 13) "മലയാളത്തിലെ ഏറ്റവും ജനപ്രിയ ലാറ്റിൻ






അമേരിക്കൻ എഴുത്തുകാരനാണ് മാർക്വേസ് എന്ന് എൻ.എസ്.മാധവൻ പറയുന്നു". (സച്ചിദാനന്ദൻ - സാംസ്കാരിക കൈരളി, സെപ്റ്റംബർ 18,കൈരളി ടിവി ശനിയാഴ്ചകളിൽ സംപ്രേഷണം ചെയ്തിരുന്ന ഈ പരിപാടി ഇപ്പോഴില്ല)
"ഏറ്റവും നല്ല മലയാളം എഴുത്തുകാരൻ, ഒരുപക്ഷേ നന്ദിനി കേട്ടു കാണണം, അദ്ദേഹമാണ് ഗബ്രിയേൽ ഗാർസ്യ മാർക്വേസ്".(എൻ.എസ്. മാധവൻ, ആയിരമത്തെ രാവ്, തിരുത്ത്, പേജ് 67)

കേരളത്തിലെപ്പോലെ ലാറ്റിൻ അമേരിക്കൻ സാഹിത്യവും ഫുട്ബോളും ഒരേപോലെ സ്വാധീനിച്ച ഒരു പ്രദേശവും ഇന്ത്യയിലില്ല. നെരൂദയുടെ കവിതകൾ മലയാളത്തിൽ തർജ്ജമ ചെയ്യുന്നതിൽ പ്രധാന പങ്കുവഹിച്ചത് സച്ചിദാനന്ദനാണ്. കറുത്ത കവിത, പാബ്ലോ നെരൂദയുടെ കവിതകൾ എന്നിവയാണ് സച്ചിദാനന്ദന്റെ പ്രധാന ലാറ്റിൻ അമേരിക്കൻ തർജ്ജമകൾ. 1976 ലാണ് നെരൂദയുടെ കകവിതകൾ ആദ്യത്തെ മലയാള പരിഭാഷ പ്രസിദ്ധീകരിക്കപ്പെട്ടത്. ഇവർക്ക് പുറമേ ജോർജ് ലൂയി ബോർഹസ്, ജൂലിയോ കോർട്ടാസം എന്നീ ലാറ്റിൻ അമേരിക്കൻ എഴുത്തുകാരും കേരളത്തിൽ ഏറെ വായിക്കപ്പെട്ടവരാണ്. ലാറ്റിൻ അമേരിക്കൻ സാഹിത്യശൈലിയും ഫുട്ബോൾ ശൈലിയും മാത്രമായിരുന്നില്ല അവരുടെ സിനിമകളിലെ പരുഷമായ ജീവിത സാഹചര്യങ്ങളും മലയാളിയെ സ്വസ്ഥരഹിതമാക്കാൻ പോന്ന വിധം ശക്തങ്ങളായിരുന്നു. കേരളീയർക്ക് പരിചിതമായിരുന്ന ലാറ്റിൻ അമേരിക്കൻ സിനിമാസംവിധായകരിൽ പ്രശസ്തരായ ഗ്ലോബൽ റോഷ.(ബ്രസീൽ) മിഗൽ ലിറ്റിൻ.(ചിലി)റൗൾ റൂസ്(ചിലി) എന്നിവർ മറവിയുടെ ഇരുളിൽ മറയാതെ നിലനിൽക്കുന്നത് മറ്റൊന്നും കൊണ്ടല്ല.

ലാറ്റിൻ അമേരിക്കൻ ചരിത്രപഠനത്തിന് നമ്മുടെ അക്കാദമിക് വൃത്തങ്ങളിൽ വേണ്ടത്ര പരിഗണന നൽകിയില്ലെങ്കിലും ലാറ്റിൻ അമേരിക്കൻ സാഹിത്യകൃതികളും സാഹിത്യകാരന്മാരും വളരെപ്പെട്ടെന്നാണ് മലയാളിയുടെ മനസ്സ് കീഴടക്കിയത്.(ഇന്ത്യയിലെ ലാറ്റിൻ അമേരിക്കൻ ചരിത്ര പഠനം പ്രധാനമായും ജവഹർലാൽ നെഹ്റു സർവകലാശാലയിൽ ഒതുങ്ങുന്നു)

**ലാറ്റിൻ അമേരിക്കൻ ചരിത്രപഠനത്തിന് നമ്മുടെ അക്കാദമിക് വൃത്തങ്ങളിൽ വേണ്ടത്ര പരിഗണന നൽകിയില്ലെങ്കിലും ലാറ്റിൻ അമേരിക്കൻ സാഹിത്യകൃതികളും സാഹിത്യകാരന്മാരും വളരെപ്പെട്ടെന്നാണ് മലയാളിയുടെ മനസ്സ് കീഴടക്കിയത്.**

തർജ്ജമ ചെയ്യപ്പെട്ട ലാറ്റിൻ അമേരിക്കൻ കവിതകളിൽ പ്രാധാന്യം നൽകപ്പെട്ടത് അവയുടെ വൃത്തങ്ങൾക്കായിരുന്നില്ല, മറിച്ച് അവ മുന്നോട്ട് വെച്ച ആശയങ്ങൾക്കായിരുന്നു.

കേരളത്തിലെ സർവ്വകലാശാലകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് ലാറ്റിനമേരിക്കൻ ചരിത്രം മുഖ്യപഠന വിഷയമല്ല.

1970-കൾക്ക് ശേഷം കേരളത്തിലെ രാഷ്ട്രീയ സാംസ്കാരിക മേഖലകളിലുണ്ടായ പുത്തനുണർവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ലാറ്റിനമേരിക്കൻ കവിതകൾ കേരളത്തിൽ വൻ പ്രചാരം നേടാൻ തുടങ്ങിയത്. മനുഷ്യമഹത്വത്തെ ഉയർത്തിപ്പിടിച്ച, മനുഷ്യവിമോചനത്തെക്കുറിച്ച് നവീന സങ്കല്പങ്ങൾ മുന്നോട്ടുവെച്ച ലാറ്റിനമേരിക്കൻ കൃതികൾക്ക് വേരോടാനുള്ള രാഷ്ട്രീയാന്തരീക്ഷമാണ് 1970-കൾക്ക് ശേഷം കേരളത്തിലുണ്ടായിരുന്നത്. ആഗോളവ്യാപകമായി രാഷ്ട്രീയവും സാംസ്കാരികവുമായ മേഖലകളിലുണ്ടായ ഉയർത്തെഴുന്നേൽപ്പിന്റെ ഭാഗമായിരുന്നു കേരളത്തിലെ ഈ പുത്തനുണർവ്വ് എന്നാണ് പൊതുവെ നിരീക്ഷിക്കപ്പെടുന്നത്.( കേരളത്തിലെ ഭൗതിക വൈജ്ഞാനിക മേഖലകളെ മാത്രമല്ല ലാറ്റിനമേരിക്കൻ കൃതികൾ സ്വാധീനിച്ചത്. 1986 -ൽ ജനകീയ പങ്കാളിത്തത്തോടെ നിർമ്മിക്കപ്പെട്ട ജോൺ എബ്രഹാമിന്റെ പ്രശസ്തമായ "അമ്മ അറിയാൻ" എന്ന ചിത്രത്തിൽ നെരൂദയുടെ കവിതകളുടെ ആവിഷ്ക്കാരവുമായിരുന്നു) 1970 -കൾക്ക് ശേഷം മലയാളത്തിൽ കൂടുതൽ ശക്തമായ ഗദ്യകവിതകളുടെ മേൽ ലാറ്റിൻ അമേരിക്കൻ സ്വാധീനം പ്രകടവും വ്യക്തവുമാണ്. തർജ്ജമ ചെയ്യപ്പെട്ട ലാറ്റിൻ അമേരിക്കൻ കവിതകളിൽ പ്രാധാന്യം നൽകപ്പെട്ടത് അവയുടെ വൃത്തങ്ങൾക്കായിരുന്നില്ല, മറിച്ച് അവ മുന്നോട്ട് വെച്ച ആശയങ്ങൾക്കായിരുന്നു. ഏതാണ്ട് ഇതേ സന്ദർഭത്തിലാണ്, അതായത്, 1987-ലെ ലോകകപ്പ് മുതൽക്കാണ് ലാറ്റിനമേരിക്കൻ ഫുട്ബോളിന്റെ സൗന്ദര്യം ടി.വി.യിലൂടെ നേരിട്ട് കണ്ട് ആസ്വദിക്കാൻ കേരളത്തിലെ ഫുട്ബോൾ പ്രേമികൾക്ക് അവസരം ഉണ്ടാകുന്നത്. ( 1986 മുതൽക്കാണ് ദൂരദർശൻ കേരളത്തിൽ ലോകകപ്പ് മത്സരങ്ങൾ സംപ്രേഷണം ചെയ്യാൻ ആരംഭിച്ചത് ) ഡീഗോ മറഡോണയായിരുന്നു മെക്സിക്കൻ ലോകകപ്പിന്റെ താരം. 1986 ലോകകപ്പ് ഫൈനലിലെ ആവർത്തനമാണ് 1990-ലെ ഇറ്റാലിയൻ ലോകകപ്പിൽ ഉണ്ടായത്. ലോകകപ്പ് ഫുട്ബോളിന്റെ ചരിത്രത്തിലെ ഏറ്റവും വിരസമായ ഫൈനലിൽ ഒരു പെനാൽട്ടി കിക്കിലൂടെ ജർമനി അർജന്റീന കീഴടക്കി. പക്ഷേ ഇറ്റാലിയൻ ലോകകപ്പിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ടീമുകൾ പ്രീ ക്വാർട്ടർ ഫൈനലിൽ പരാജയപ്പെട്ട കൊളംബിയയും ക്വാർട്ടർ ഫൈനലിൽ പരാജയപ്പെട്ട കാമറൂണും ആയിരു



ന്നു. (1962-ൽ ലോകകപ്പിന് 28 വർഷങ്ങൾക്ക് ശേഷം, അതായത് 1990 ലാണ് കൊളംബിയ ലോകകപ്പ് കളിക്കാൻ എത്തിയത്. ലോകകപ്പിലെ കൊളംബിയയുടെ മികച്ച പ്രകടനവും അതേ വർഷം തന്നെയായിരുന്നു.ആ ലോകകപ്പിൽ അവർ പ്രീ ക്വാർട്ടർ വരെ എത്തി ) മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇറ്റാലിയൻ ലോകകപ്പിന്റെ പ്രിയതാരങ്ങൾ കൊളംബിയൻ ഗോളിയായ ഹിഗ്വിറ്റയും കാമറൂണിന്റെ കളിക്കാരൻ റോജർ മില്ലയുമായിരുന്നു.

## ഗോളിയുടെ ഏകാന്തത

"ഗോളി പെനാൽറ്റി ബോക്സിന് പുറത്ത് കടക്കരുത്" എന്ന ഗോൾകീപ്പർ മാരെ കുറിച്ചുള്ള എല്ലാ "യാഥാസ്ഥിതിക സങ്കല്പങ്ങളും" ഇറ്റാലിയൻ ലോകകപ്പിൽ ഹിഗ്വിറ്റ കടത്തെറിഞ്ഞു.( പെനാൽറ്റി ബോക്സുകൾ മറികടന്ന ഗോളികൾ ഇന്ത്യൻ ഫുട്ബോൾ ചരിത്രത്തിൽ അപൂർവ്വമാണ് ). പലപ്പോഴും ഹിഗ്വിറ്റ പെനാൽറ്റി ബോക്സിന് പുറത്ത് കടക്കുകയും ഡിഫൻഡറുടെ ജോലി ഏറ്റെടുക്കുകയും ചെയ്തു.ഹിഗ്വിറ്റയുടെ ഈ പ്രത്യേകതയാണ് അയാളെ മറ്റ് ഗോൾക്കീപ്പർമാരിൽ നിന്നും വേർതിരിച്ച് നിർത്തിയത്. സ്വാഭാവികമായും പെനാൽറ്റി ബോക്സിന് പുറത്ത് പലപ്പോഴും പ്രവേശിച്ച ഹിഗ്വിറ്റയും അദ്ദേഹത്തിന്റെ സവിശേഷമായ ഭാവപ്രഭാവങ്ങളും സ്വകീയമായ ചേഷ്ടകളും ലോകത്തിലെ ഫുട്ബോൾ പ്രേമികൾക്കും മാധ്യമങ്ങൾക്കും പ്രാധാന്യം നിറഞ്ഞതും പ്രിയങ്കരവുമായ വാർത്തയായി മാറി. ഗോളി പെനാൽറ്റി ബോക്സിൽ ചുറ്റിത്തിരിഞ്ഞാൽ പോരെന്നും തന്റെ ടീമിനെ പ്രതിരോധിക്കാനും ചിലപ്പോൾ ആക്രമണങ്ങൾക്ക് മൂർച്ച കൂട്ടാനും പരിധികൾക്കും പരിമിതികൾക്കും അപ്പുറത്തേക്ക് കടക്കണമെന്നുമാണ് ഹിഗ്വിറ്റ തന്റെ അനന്യമായ കേളി ശൈലിയിലൂടെ ഉദ്ഘോഷിച്ചത്. ലാറ്റിൻ അമേരിക്കയിൽ മാത്രമല്ല, ലോകത്തിലെ വിവിധ ഭാഗങ്ങളിലും ഹിഗ്വിറ്റക്ക് അനേകം പിൻഗാമികളുണ്ടായി.

40 ഗോളടിച്ച ചിലാവർട്ട്, ഒരു സീസണിൽ മെക്സിക്കോ ലീഗിലെ ടോപ് സ്കോററായ ജോർജ് കാംപോസ, ഇപ്പോഴിതാ മിഡ്ഫീൽഡറായും ഗോൾകീപ്പറായും കളിച്ച് ഗോളടിക്കുന്ന ഉറുഗ്വേയുടെ കുട്ടി ഗോളി നെസ്റ്റർ. പിന്നെ ഫുട്ബോളിന്റെ നിർവചനങ്ങളെയും ലാവണ്യനിയമങ്ങളെയും മറികടക്കുന്ന ലാറ്റിൻ അമേരിക്കയിലെ 'ഭ്രാന്തൻ ഗോൾകീപ്പർ'മാരുടെ വംശാവലി പെരുകുകയാണ്.(മാതൃഭൂമി, 2000 ജൂലായ് 1)
ലാറ്റിൻ അമേരിക്കൻ സാഹിത്യവും ലാറ്റിൻ അമേരിക്കൻ ഫുട്ബോളും മലയാളികൾക്ക് ഏറെ പരിചിതമായികഴിഞ്ഞിരുന്ന 1990 -കളുടെ ആരംഭത്തിലാണ് "ഹിഗ്വിറ്റ " രചിക്കപ്പെട്ടത്. പെനാൽറ്റി ബോക്സ് മറികടക്കുന്ന ഹിഗ്വിറ്റയും തന്റെ പരിധികളെ മറികടക്കുന്ന ഗീവർഗ്ഗീസ് അച്ചനും മലയാള സാഹിത്യലോകത്തെ കീഴടക്കാൻ അധികം സമയം വേണ്ടി വന്നില്ല.
ഗീവർഗീസ് അച്ചൻ മറ്റു രണ്ടു ഗോളികളെ ത്യജിച്ച് ഹിഗ്വിറ്റയെ മാത്രമായി ശ്രദ്ധിക്കാൻ തുടങ്ങിയത് അയാൾ പെനാൽറ്റി കിക്ക് നേരിടുന്നത് ആദ്യമായി കണ്ടപ്പോഴാണ്. രണ്ടു കൈകളും വായുവിൽ വീശി, ഒരു ഓർക്കസ്ട്രയുടെ കണ്ടക്ടറെപ്പോലെ, ചന്ദ്രക്കലപോലെ, വളഞ്ഞു കിടക്കുന്ന സ്റ്റേഡിയത്തിലെ കാണികൾക്കായി ആശ്രാവ്യമായ സംഗീതത്തിന്റെ ഉച്ചസ്ഥായികൾ ഹിഗ്വിറ്റ തീർത്തു.(എൻ.എസ്.മാധവൻ, ഹിഗ്വിറ്റ, പേജ് 13 ) ഹിഗ്വിറ്റയെക്കുറിച്ച് മാധവന്റെ ഈ വിവരണം വായനക്കാരുടെ മനസ്സിലേക്ക് ഹിഗ്വിറ്റയുടെ രൂപവും ചേഷ്ടകളും എളുപ്പം കൊണ്ടുചെന്നെത്തിക്കുന്ന ഒന്നാണ്.

ലോകത്തിലെ ഏറ്റവും ദരിദ്ര രാജ്യങ്ങളിൽ ഒന്നാണ് കൊളംബിയ. ലാറ്റിനമേരിക്കയിലെ ഏറ്റവും പഴക്കം ചെന്നതും ഏറ്റവും ഭീകരമായ ആഭ്യന്തരയുദ്ധത്തിന്റെ കേന്ദ്രമായിരുന്ന കൊളംബിയൻ ഗവൺമെന്റും FARC,ELN തമ്മിലാണ് പ്രധാനമായും ആഭ്യന്തര യുദ്ധം നടന്നത്. 1964 - കളിലെ ആഭ്യന്തര യുദ്ധം ഇപ്പോഴും തുടരുന്നു. കൊളംബിയയിലെ ഭീകര

**"ഗോളി പെനാൽറ്റി ബോക്സിന് പുറത്ത് കടക്കരുത്" എന്ന ഗോൾകീപ്പർ മാരെ കുറിച്ചുള്ള എല്ലാ "യാഥാസ്ഥിതിക സങ്കല്പങ്ങളും" ഇറ്റാലിയൻ ലോകകപ്പിൽ ഹിഗ്വിറ്റ കടത്തെറിഞ്ഞു**

**60 ശതമാനത്തോളം വരുന്ന കൊളംബിയൻ ജനതയുടെ കയ്യിൽ ഇന്ന് 3 ശതമാനം ഭൂമി മാത്രമേയുള്ളൂ**





മായ ആഭ്യന്തരയുദ്ധത്തിൽ ഏതാണ്ട് മൂന്ന് ലക്ഷം പേർ കൊല്ലപ്പെട്ടിട്ടുണ്ട്. കൂടാതെ ലോകത്തിലെ മൂന്നാമത്തെ വലിയ അഭയാർത്ഥി പ്രശ്നമാണ് ആഭ്യന്തരയുദ്ധം സൃഷ്ടിച്ചിരുന്നത്. കൊളംബിയയുടെ ഏറ്റവും വലിയ ജനകീയ വിനോദമാണ് ഫുട്ബോൾ. നവലിബറൽ പരിഷ്കാരങ്ങൾക്ക് ശേഷം ശക്തമായ ആഭ്യന്തര യുദ്ധങ്ങളുടെയും മാഫിയയുടെയും പിടിയിലമർന്ന ആ രാജ്യവും ആ രാജ്യത്തെ ഫുട്ബോൾ ടീമും പ്രതിസന്ധികളും പ്രതിബന്ധങ്ങൾക്കും മുന്നിൽ തളരാതെ മനുഷ്യൻ നടത്തുന്ന പോരാട്ടത്തിന് പ്രതീകമാണ്. 1990 കൾക്ക് ശേഷം കൊളംബിയയിൽ നടപ്പിലാക്കപ്പെട്ട നവലിബറൽ ഭരണപരിഷ്കാരങ്ങൾ വർഗ്ഗവ്യത്യാസങ്ങൾ രൂക്ഷമായിരിക്കുകയാണ്. 37 ഭൂവുടമകളുടെ നിയന്ത്രണത്തിലാണ് കൊളംബിയയിലെ പകുതിയിലേറെ ഭൂമി. അതേസമയം 60 ശതമാനത്തോളം വരുന്ന കൊളംബിയൻ ജനതയുടെ കയ്യിൽ ഇന്ന് 3 ശതമാനം ഭൂമി മാത്രമേയുള്ളൂ. മയക്കുമരുന്നു മാഫിയയ്ക്ക് കൊളംബിയൻ ഭരണകൂടത്തിനു മേലുള്ള സ്വാധീനം പ്രകടവും വ്യക്തവുമാണ്. കൊക്കെയ്ൻ ഉൽപാദനത്തിന്റെ പ്രധാന കേന്ദ്രമായ കൊളംബിയയുടെ മയക്കുമരുന്ന് മാഫിയയാണ് അമേരിക്കൻ സഹായത്തോടെ മദ്ധ്യ അമേരിക്കയിലെ വിപ്ലവ പ്രസ്ഥാനങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സൈന്യങ്ങളുടെ പ്രധാന സാമ്പത്തിക സ്രോതസ്സ്. ആശ്വസിക്കാൻ ഒന്നുമില്ലാത്ത കൊളംബിയൻ ജനതയുടെ അവസാനത്തെ ആശ്രയമാണ് ഫുട്ബോൾ. കൊളംബിയൻ ഫുട്ബോൾ ടീമിലെ സുപ്രസിദ്ധ അംഗമായ ഹിഗ്വിറ്റ അങ്ങനെ മനുഷ്യപോരാട്ടത്തിന്റെ പ്രതീകമായി മാറുന്നു. മൂന്ന് കഥാപാത്രങ്ങളിലൂടെയാണ് 'ഹിഗ്വിറ്റ'യുടെ കഥ വികസിക്കുന്നത്. ഗീവർഗ്ഗീസച്ചൻ, ലൂസി, ജബ്ബാർ എന്നിവരാണ് 'ഹിഗ്വിറ്റ'യിലെ പ്രധാന കഥാപാത്രങ്ങൾ. ഗീവർഗ്ഗീസച്ചൻ യഥാർത്ഥത്തിൽ വിമോചന ദൈവശാസ്ത്ര ആശയങ്ങളുടെ പ്രതീകമാണ് എന്ന് മനസ്സിലാക്കാം. (എൻ.എസ്. മാധവന്റെ 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന കഥയിലും വിമോചന ദൈവശാസ്ത്ര ആശയങ്ങളു

ടെ സ്വാധീനം കാണാം. ഈ കഥയിൽ സിഖ് യുവതികളുടെയുംബാലന്റെയും രക്ഷക്കെത്തുന്ന സിസ്റ്റർ അഗത എന്ന കഥാപാത്രത്തെ ഓർമ്മിക്കുക) വിമോചന ദൈവശാസ്ത്രത്തിന്റെ ഉത്ഭവവും ലാറ്റിനമേരിക്കയിലായിരുന്നു എന്നത് ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതുണ്ട്.

മലയാളികൾക്ക് വിമോചന ദൈവശാസ്ത്രത്തിന്റെ ആശയങ്ങളെ പരിചയപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചത് പൗലോസ് മാർ പൗലോസ് ആയിരുന്നു. 1980 കൾക്ക് ശേഷമാണ് കേരളീയർ വിമോചന ദൈവശാസ്ത്രത്തിന്റെ ആശയങ്ങളെ കൂടുതൽ പരിചയപ്പെടാൻ തുടങ്ങിയത്. (ദരിദ്രരെയും മർദ്ദിതരെയും സ്വാതന്ത്രനാക്കുന്ന നൽകുന്ന വിമോചകൻ എന്നതാണ് യേശുക്രിസ്തുവിന്റെ അടിസ്ഥാനപരമായ പ്രാധാന്യം എന്നു വാദിക്കുന്ന സിദ്ധാന്തമാണല്ലോ വിമോചന ദൈവശാസ്ത്രം). പെറുവിലെ പുരോഹിതനായഗുസ്താവോ ഗിറ്റസിന്റെ 'തിയോളജി ഓഫ് ലിബറേഷൻ' (1973) എന്ന ഗ്രന്ഥമാണ് വിമോചന ദൈവശാസ്ത്രത്തിന് ആശയപരമായ അടിത്തറ നൽകിയത്. ഗോൾകീപ്പർമാരുടെ യഥാസ്ഥിതിക സങ്കല്പങ്ങൾ തകർത്തെറിഞ്ഞ ഹിഗ്വിറ്റയെപ്പോലെ ക്രൈസ്തവ പുരോഹിതരെക്കുറിച്ചുള്ള പരമ്പരാഗത സങ്കല്പത്തിൽ നിന്ന് വിധിച്ചിരിക്കുകയാണ് ഗീവർഗ്ഗീസച്ചൻ.

പെനാൽറ്റി ബോക്സിന് (പൗരോഹിത്യത്തിന്റെ അധികാരപരിധി എന്ന് വായിക്കുക )അകത്തു നടക്കുന്ന അന്യായങ്ങൾ തടയണമെന്നാണ് ഗീവർഗ്ഗീസച്ചനും അതേപോലെ മറ്റു പുരോഹിതന്മാരും പരമ്പരാഗതമായി പഠിച്ചത്. പക്ഷേ ഈ ശീലം ഗീവർഗ്ഗീസച്ചൻ തെറ്റിക്കുകയാണ്. 'പെനാൽറ്റി ബോക്സിന് ' പുറത്തു നടക്കുന്ന അന്യായങ്ങളും തടുക്കേണ്ടതാണെന്നും അവ കണ്ടില്ലെന്ന് നടിക്കരുതെന്നുമാണ് ഗീവർഗ്ഗീസച്ചന്റെ പിന്നീടുള്ള പ്രവർത്തികൾ വായനക്കാരെ ബോധ്യപ്പെടുത്തുന്നത് .തിന്മക്കെതിരെ പ്രതികരിക്കുന്ന നന്മയുടെ പ്രതീകമായിയുംദൈവരാജ്യത്തിന്റെ ഗോൾപോസ്റ്റിലേക്ക് പാപികൾ ഗോൾ അടിക്കുമ്പോൾ ആ ഗോൾ പോസ്റ്റ് കാക്കുന്ന ഗോളിയായും ഗീവർഗ്ഗീസച്ചൻ നിലകൊള്ളുന്നു. ലൂസിയുടെ രക്ഷകനായി മാറുന്ന ഗീവർഗീസച്ചൻ യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ യഥാർത്ഥ ചുമതലയാണ് നിർവഹിക്കുന്നത്. 'ദൈവശാസ്ത്രജ്ഞന്മാർ അവരുടെ സുഖകരമായ പഠനമുറികളിൽ വിശുദ്ധ ആധ്യായികകൾ എഴുതി ഒതുങ്ങി കൂടാൻ പാടില്ല. അവർ ദേവശാസ്ത്ര നിശ്ചലതയിൽ നിന്നും പുറത്തുവരണം. എന്നിട്ട് വിവാദപരമായ പ്രസ്താവനകളിലൂടെ അപാരമായ ധീരത പ്രകടിപ്പിക്കണം. അപ്പോൾ മാത്രമേ മർദിതരും ചൂഷിതരുമായി താദാത്മ്യം പ്രാപിച്ച് കൊണ്ട് പൗരസ്വാതന്ത്ര്യങ്ങൾക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടി പൊരുതിക്കൊണ്ട് വിമോചനത്തിന് വേണ്ടി സമരം ചെയ്യുന്നവരുമായി പങ്കു ചേർന്നു കൊണ്ട് ജീവിതത്തിലെ ഗൗരവകരമായ പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനാകൂ. അതാണ് ദൈവശാസ്ത്രം ചെയ്യുക എന്നതിനർത്ഥം'.( നൈനാൻ കോശി ബിഷപ്പ് പൗലോസ് മാർ പൗലോസ് ചെറുത്തുനിൽപ്പിനെ സംസ്കാരം എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ നിന്ന് - പേജ് 19 ).ലൂസിയെ ജബ്ബാർ നിന്ന് രക്ഷിക്കുക വഴി ഗീവർഗ്ഗീസച്ചൻ ദൈവശാസ്ത്രമാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഒരു ഫുട്ബോൾ കളിക്കാരനായ. ഗോളിയായ ഹിഗ്വിറ്റ, ഫുട്ബോളിലൂടെ മൂന്നാംലോക രാജ്യങ്ങളിലെ മനുഷ്യവ്യവസ്ഥിതിക്കെതിരെ നടത്തുന്ന ചെറുത്തുനിൽപ്പിന്റെ പ്രതീകമായി മാറുന്നു. ഹിഗ്വിറ്റയിലെ ഗീവർഗ്ഗീസച്ചൻ മർദ്ദിതരുടെയും ചൂഷിതരുടെയും മോചനത്തിനായി മാത്രം നിലകൊള്ളണമെന്ന് പരോക്ഷമായി സമർത്ഥിക്കുകയും ചെയ്യുന്നു.

വിഷയത്തിന്റെ വ്യതിരിക്തതയും ഭാഷയുടെ മനോഹരമായ പ്രയോഗവും കഥ പറയുന്നതിൽ സ്വീകരിച്ച അസാമാന്യമായ നൂതനത്വവും "ഹിഗ്വിറ്റ"യുടെ പ്രത്യേകതകളാണ്. ഒപ്പം മലയാള സാഹിത്യത്തിന്റെ മേൽ ലാറ്റിനമേരിക്കൻ സ്വാധീനത്തിന്റെ തെളിവുകൂടിയാണ് "ഹിഗ്വിറ്റ".

# College Union 2020

മലബാർ ക്രിസ്ത്യൻ കോളേജ് / കോഴിക്കോട്



സഞ്ജയ് ഹരി ടി
ചെയർമാൻ



ജാൻവി.കെ.സത്യൻ
വൈസ് ചെയർമാൻ



മേഘ കെ
യു യു സി



പത്മജിത്ത് എം
ജന : സെക്രട്ടറി



ലിഫ്സ എ.എം
യു യു സി



അക്ഷയ പി
ജോ : സെക്രട്ടറി



മിൻഹാജ്.വി
ജന : ക്യാപ്റ്റൻ



അനഘ കെ.വി
ഫൈൻ ആർട്സ്
സെക്രട്ടറി



അരുൺ എം എസ്
എഡിറ്റർ



ഡോ.എൽസമ്മ ജേക്കബ്
സ്റ്റാഫ് അഡ്വൈസർ



റോഷ്നി പ്രഭാകർ
സ്റ്റാഫ് എഡിറ്റർ



ഡോ.ഗോഡ്‌വിൻ സാമ്രാജ് ഡി.പി
പ്രിൻസിപ്പാൾ



സായ്ഗീത എ.സ്
കൾച്ചറൽ ഓഫീസർ



ഡോ.സുരേഷ് പുത്തൻപറമ്പിൽ
കൾച്ചറൽ ഓഫീസർ



**അൻഷൽ മുസ്തഫ**
1st DC റെപ്രസന്റേറ്റിവ്



**സക്കിർ ഹുസൈൻ**
2nd DC റെപ്രസന്റേറ്റിവ്



**അതുൽ എസ്.കെ**
3rd DC റെപ്രസന്റേറ്റിവ്



**അങ്കിത് അനിഷ്**
PG റെപ്രസന്റേറ്റിവ്



**അച്യുത് നാരായണൻ**
എക്കണോമിക്സ് അസോസിയേഷൻ
സെക്രട്ടറി



**ഷാഹുൽ ഹമീദ്**
ഹിസ്റ്ററി അസോസിയേഷൻ
സെക്രട്ടറി



**അക്ഷയ് കെ**
മലയാളം അസോസിയേഷൻ
സെക്രട്ടറി



**നിർമൽ സാം ജോസഫ്**
ഇംഗ്ലീഷ് അസോസിയേഷൻ
സെക്രട്ടറി



**അനൽ ദേവദാസ്**
ഫിസിക്സ് അസോസിയേഷൻ
സെക്രട്ടറി



**യമീമ**
സുവോളജി അസോസിയേഷൻ
സെക്രട്ടറി



**അഭിനന്ദ് ജി.എസ്**
കെമിസ്ട്രി അസോസിയേഷൻ
സെക്രട്ടറി



**നിഹാല മുനീർ**
MCJ അസോസിയേഷൻ
സെക്രട്ടറി

# College Union 2020

മലബാർ ക്രിസ്ത്യൻ കോളേജ് / കോഴിക്കോട്



**മുഹമ്മദ് അലി ജൗഹർ**
കൊമേഴ്സ് അസോസിയേഷൻ
സെക്രട്ടറി



**സിദ്ധാർത്ഥ് ഷെജിൽ**
മാത്സ് അസോസിയേഷൻ
സെക്രട്ടറി

# Editorial Bord

മലബാർ ക്രിസ്ത്യൻ കോളേജ് മാഗസിൻ 2020



അരുൺ എം എസ്
സ്റ്റുഡന്റ് എഡിറ്റർ



റോഷ്നി പ്രഭാകർ
സ്റ്റാഫ് എഡിറ്റർ



ഡോ.ഗോഡ്‌വിൻ സാമ്രാജ് ഡി.പി
ചീഫ് എഡിറ്റർ



ആഷിക് എ.എം
സബ് എഡിറ്റർ



അക്ഷയ് കുമാർ



നക്ഷത്ര മനോജ്



ആത്മ മനു



അഭിനവ് ശങ്കർ



അഭിനന്ദ് പി.ടി



ചന്ദന എസ് രാജ്



ഗൗതം കൃഷ്ണ

# കോളേജ് യൂണിയൻ റിപ്പോർട്ട് 2019 - 2020

ഒരു പോരാട്ടങ്ങളും വെറുതെയാവില്ല,ഒരു തെരുവുകളും നിശബ്ദമാവില്ല. തുരുമ്പെടുക്കുന്നത് ആയുധങ്ങൾ മാത്രമാണ് നിശബ്ദമാകുന്നത് ഭരണകൂടങ്ങളും. എത്ര കോൺസൻട്രേഷൻ ക്യാമ്പുകൾ നിങ്ങൾ ഉയർത്തിയാലും നിലക്കാത്ത മർത്യശബ്ദങ്ങൾ തെരുവിൽ ഉയരുക തന്നെ ചെയ്യും.

മനുഷ്യനെ മതം കൊണ്ട് അടയാളപ്പെടുത്തുമ്പോൾ പാഠപുസ്തകങ്ങൾ മടക്കിവെച്ച് വിമോചനത്തിന്റെ രക്തനക്ഷത്രാങ്കിത ശുഭ്രപതാകയേന്തി സമരസപ്പെടാത്ത നിലപാടുമായി ഉമിനീര് വറ്റാത്ത തൊണ്ടകൾ ഇൻക്വിലാബ് വീണ്ടെടുക്കുമ്പോൾ വിദ്യാർത്ഥി സമരത്തിന്റെ ബൃഹദാഖ്യാനങ്ങൾ ഇന്ത്യ എന്ന മഹാഭൂമികയിൽ ഉദയം കൊള്ളുമ്പോൾ ജെ എൻ യുവിലും ജാമിയ മില്ലിയയിലും ഗുജറാത്ത് സെൻട്രൽ യൂണിവേഴ്സിറ്റിയിലും നമ്മുടെ എം സി സി യിലുമൊക്കെ പുതിയൊരു ഇന്ത്യയുടെ വിപ്ലവഭേരി മുഴങ്ങുന്നു.

ക്ലാസ് മുറിയിൽ വെടിയുണ്ടകൾ നേരിടുകയും പേനയിൽ നിന്ന് രക്തം ഒലിച്ചിറങ്ങുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ നമ്മളിങ്ങനെ കൂടിയിരിക്കുന്നത് പോലും ഒരു വിപ്ലവം തന്നെയാണ്. രാജ്യം വർഗീയതയുടെ കാവി കൊണ്ട് മൂടപ്പെടുമ്പോഴും ഭാവിയിൽ ഈ പോരാട്ടങ്ങളൊക്കെയും ചരിത്രത്തിന്റെ ചുവരുകളിൽ ചുവന്ന അക്ഷരങ്ങൾ കൊണ്ട് അടയാളപ്പെടുത്തുക തന്നെ ചെയ്യും.

കേവലം എണ്ണത്തിന്റെ മാത്രം ബലത്തിൽ ഭരണഘടനയെ വളച്ചൊടിക്കുന്ന അധികാര വർഗത്തിനു മുന്നിൽ ഭജനമിരിക്കാതെ ഇന്ത്യയുടെ ഇന്ദ്രിയങ്ങളാണ് വിദ്യാർഥികളെന്ന് വിട്ടുവീഴ്ചയില്ലാതെ ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ട് മലബാർ ക്രിസ്ത്യൻ കോളേജിലെ പ്രബുദ്ധരായ വിദ്യാർഥികൾ നെഞ്ചേറ്റിയ കോളേജ് യൂണിയൻ...

മലബാർ ക്രിസ്ത്യൻ കോളേജിലെ ഇടനാഴികളിലെ ഇൻക്വിലാബിന്റെ ഇടിമുഴക്കങ്ങൾ ഇന്നും നിലയ്ക്കുന്നില്ല. ഞങ്ങളുടെ പൂർവികർ ഉയർത്തിയ കൊടി ഒരിക്കലും താഴാനനുവദിക്കാതെ അവർ വിളിച്ച മുദ്രാവാക്യങ്ങൾ നിലയ്ക്കാനനുവദിക്കാതെ 22 വർഷക്കാലം കോളേജ് യൂണിയനെ മുന്നിൽ നിന്ന് നയിച്ചവരെ നിങ്ങളുടെ വിപ്ലവ ചേതന ഞങ്ങളിൽ തട്ടി പ്രതിധ്വനിക്കട്ടെ.

ഇന്ത്യയിലാകമാനം വിദ്യാർത്ഥി സമൂഹം കേന്ദ്ര സർക്കാരിന്റെ ഫാസിസ്റ്റ് വിരുദ്ധ നയങ്ങൾക്കെതിരെ പോരാടുകയും വലിയൊരു മാറ്റത്തിലേക്ക് വിദ്യാർത്ഥി സമരങ്ങൾ ഉയർന്നു വരികയും ചെയ്യുന്ന കാലഘട്ടത്തിലാണ് നമ്മുടെ ഈ വർഷത്തെ കോളേജ് യൂണിയന്റെ വിവിധങ്ങളായിട്ടുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്ത് മുന്നോട്ട് പോയിട്ടുള്ളത്. സാമൂഹിക മാറ്റത്തിനായുള്ള പോരാട്ട വീഥികളിൽ അണിനിരക്കുന്ന വിദ്യാർത്ഥി സമൂഹത്തോട് തികഞ്ഞ ഉത്തരവാദിത്വം പുലർത്തിക്കൊണ്ടും, നിങ്ങളുടെ വിശ്വാസത്തെ പരിക്കേൽക്കാതെ സംരക്ഷിച്ചുകൊണ്ടും 2019 - 20 അധ്യയന വർഷത്തെ കോളേജ് യൂണിയൻ നടത്തിയ പ്രവർത്തനങ്ങളുടെ ചുരുക്ക രൂപമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

2019 സെപ്തംബർ അഞ്ചിന് നടന്ന തെരഞ്ഞെടുപ്പിൽ പ്രത്യയശാസ്ത്രങ്ങളുടെ വിധിനിർണയത്തിൽ മലബാർ ക്രിസ്ത്യൻ കോളേജിലെ വിദ്യാർത്ഥികൾ രക്തസാക്ഷികളുടെ വിപ്ലവവീര്യവും ശുഭ്രവെള്ളക്കൊടിയും ഇടനെഞ്ചോട് ചേർത്തുപിടിച്ചുകൊണ്ട് എസ് എഫ് ഐയുടെ പാനലിനെ യൂണിയൻ ഭരണസാരഥ്യം ഏൽപ്പിച്ചു.

## യൂണിയൻ ഭാരവാഹികൾ

ചെയർമാൻ : സഞ്ജയ് ഹരി.ടി
വൈസ് ചെയർമാൻ : ജാൻവി.കെ.സത്യൻ
ജനറൽ സെക്രട്ടറി : പ്രത്യജിത്ത്.എം
ജോയിന്റ് സെക്രട്ടറി : അക്ഷയ.പി
മാഗസിൻ എഡിറ്റർ : അരുൺ.എം.എസ്
ഫൈൻ ആർട്സ് സെക്രട്ടറി : അനഘ.കെ.വി
യു യു സി : ലിഹ്സ.എ.എം
യു യു സി : മേഘ.കെ
ജനറൽ ക്യാപ്റ്റൻ : മിൻഹാജ്.വി

## ഇയർ പ്രതിനിധികൾ

1st year : അൻഷൽ മുസ്തഫ
2nd year : സക്കീർ ഹുസൈൻ
3rd year : അതുൽ.എസ്.കെ
PG : അംഗിത്

## അസോസിയേഷൻ സെക്രട്ടറിമാർ

ഇംഗ്ലീഷ് : നിർമൽ സാം ജോസഫ്
ഹിസ്റ്ററി : ഷാഹുൽ ഹമീദ്.ടി
മലയാളം : അക്ഷയ്.കെ
ഇക്കണോമിക്സ് : അച്യുത് നാരായണൻ
കെമിസ്ട്രി : അഭിനന്ദ്.ജി.എസ്
സുവോളജി : യമിമ
മാത്സ് : സിദ്ധാർഥ് ഷെജിൽ
എം.സി.ജെ : നിഹാല മുനീർ
ഫിസിക്സ് : അനഘ് ദേവദാസ്
ബി.കോം : മുഹമ്മദ് അലി ജൗഹർ

പ്രിൻസിപ്പാളിന്റെ സാന്നിധ്യത്തിൽ നടന്ന പ്രഥമ കോളേജ് യൂണിയൻ ജനറൽ കൗൺസിൽ യോഗത്തിൽ Dr.എൽസമ്മ ജേക്കബ് മിസ്സിനെ സ്റ്റാഫ് അഡ്വൈസർ ആയി തീരുമാനിച്ചു. സ്റ്റാഫ് എഡിറ്റർ ആയി ഇംഗ്ലീഷ് വിഭാഗത്തിലെ റോഷ്നി ടീച്ചറെയും കൾചറൽ-ഇൻ-ചാർജ് ആയി മലയാളവിഭാഗം അധ്യാപകൻ സുരേഷ് മാഷേയും ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക സായ്ഗിത ടീച്ചറെയും 3 യൂണിയൻ എക്സിക്യൂട്ടീവിനെയും ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

ഒക്ടോബർ മൂന്നിന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് 2019 - 20 വർഷത്തെ കോളേജ് യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ പ്രിൻസിപ്പാളിന്റെ സാന്നിധ്യത്തിൽ സ്റ്റാഫ് അഡ്വൈസർ Dr.എൽസമ്മ ജേക്കബ് മിസ്സ് ചൊല്ലിതന്നു. യൂണിയൻ ഭാരവാഹികൾ അതേറ്റുചൊല്ലികൊണ്ട് ചുമതലയേറ്റു.

സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും മുന്നേ തന്നെ 2019 - 20 വർഷത്തെ കോളേജ് യൂണിയൻ വിവിധങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരുന്നു. മഹാത്മാഗാന്ധിയുടെ 150 - മത്തെ ജന്മവാർഷികത്തോടനുബന്ധിച്ച് കോളേജ് യൂണിയൻ നേതൃത്വത്തിൽ ഗ്രീൻ പ്രോട്ടോകോളുമായി സഹകരിച്ചുകൊണ്ട് "greenary 2k19" എന്ന പരിപാടി സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി കോളേജിൽ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് കോഴിക്കോട് ബീച്ചിലേക്ക് റാലി സംഘടിപ്പിക്കുകയും തുടർന്ന് ബീച്ചിലെ കൾച്ചറൽ സോൺ ശുചീകരിക്കുകയും ചെയ്തു. അസോസിയേഷൻ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ക്ലാസ് മുറികളും ക്യാമ്പസും ശുചീകരിച്ചു. ഒരാഴ്ച നീണ്ടു നിന്ന ശുചീകരണ യജ്ഞത്തിൽ വിദ്യാർത്ഥികളും അധ്യാപകരും ഒരേ മനസ്സോടെ പ്രവർത്തിച്ചു കൊണ്ട് "greenary 2k19" വലിയൊരു വിജയമായി മാറി.

2019-20 വർഷത്തെ കോളേജ് യൂണിയൻ ഉദ്ഘാടനം "കാലോസ്സ്" ഒക്ടോബർ 11ന് പ്രശസ്ത സാഹിത്യകാരൻ വി.ടി.ജയദേവൻ നിർവഹിച്ചു. സിനിമ താരവും ചിത്രകാരനുമായ മിനോൺ ജോൺ മുഖ്യാതിഥിയായിരുന്നു. സ്റ്റാഫ് അഡ്വൈസർ സ്വാഗതമാശംസിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ Dr.ഗോഡ്വിൻ സാംരാജ് സാർ അധ്യക്ഷത വഹിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി പരമജിത്ത് യൂണിയന്റെ ഭാവി പ്രവർത്തനം വിശദീകരിച്ചു. ചിത്രകാരൻ മിനോൺ ജോൺ തത്സമയം ഒരു ചിത്രം വരച്ചുകൊണ്ട് ചടങ്ങിന് മിഴിവേകി. ഫൈൻ ആർട്സ് സെക്രട്ടറി അനഘ. കെ.വി ഫൈൻ ആർട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ രൂപരേഖ അവതരിപ്പിച്ചു. ഫൈൻ ആർട്സ് ലോഗോ മിനോൺ ജോൺ വരച്ചുകൊണ്ട് അവതരിപ്പിച്ചു. ചെയർമാൻ സഞ്ജയ് ഹരി ചടങ്ങിന് നന്ദി പറഞ്ഞു. ശേഷം വിദ്യാർത്ഥികളുടെ വ്യത്യസ്തമായ കലാപരിപാടികൾ അരങ്ങേറി.

കോളേജ് യൂണിയൻ അധികാരമേൽക്കുമ്പോൾ പറഞ്ഞ കാര്യങ്ങളിലൊന്നാണ് അസോസിയേഷൻ ഉദ്ഘാടനങ്ങൾ നേരത്തെ നടത്തിക്കൊണ്ട് അസോസിയേഷൻ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുമെന്ന്. ഇതിന്റെ ഭാഗമായി ഒക്ടോബർ 15 ന് ഇക്കണോമിക്സ് അസോസിയേഷൻ ഉദ്ഘാടനം നടത്തി.

ഒക്ടോബർ 15 ന് കാലിക്കറ്റ് സർവ്വകലാശാല യൂണിയന്റെ കലാജാഥ കോളേജ് യൂണിയന്റെ നേതൃത്വത്തിൽ കോളേജിൽ അവതരിപ്പിച്ചു.

'World students day' - യുടെ ഭാഗമായി ഒക്ടോബർ 15 ന് 'Message wall' എന്ന പരിപാടി സംഘടിപ്പിച്ചു.

ഒക്ടോബർ 19 ന് മലയാളം അസോസിയേഷൻ ഉദ്ഘാടനവും, 22 ന് മാത്സ് അസോസിയേഷൻ ഉദ്ഘാടനവും, 23 ന് കെമിസ്ട്രി അസോസിയേഷൻ ഉദ്ഘടനവും, 25 ന് ഹിസ്റ്ററി,സുവോളജി,ഇംഗ്ലീഷ് എന്നി അസോസിയേഷനുകളുടെ ഉദ്ഘടനവും നടന്നു. ഇതോടൊപ്പം വിവിധങ്ങളായ അക്കാദമിക് പരിപാടികളും സംഘടിപ്പിച്ചു.

മലബാർ ക്രിസ്ത്യൻ കോളേജ് കബഡി ടീമിന് ജേഴ്സി നൽകിക്കൊണ്ട് യൂണിയൻ ജനറൽ ക്യാപ്റ്റൻ മിർഹാജിന്റെ നേതൃത്വത്തിൽ കായികപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കായിക വിഭാഗം മേധാവി ഹരിദാസൻ സാർ ജേഴ്സി നൽകിക്കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു.

നവംബർ 8 ന് ഫൈൻ ആർട്സ് ഫെസ്റ്റിവലിന്റെ ഉദ്ഘാടനം നടന്നു. നൂറ്റാണ്ട് വർഷത്തെ കലാപാരമ്പര്യം പറയാനുള്ള ക്രിസ്ത്യൻ കോളേജിന്റെ ഫൈൻ ആർട്സ് ഫെസ്റ്റിവൽ "ഹെലൻ" ടീം നിർവഹിച്ചു. പ്രശസ്ത സിനിമതാരങ്ങളായ വിനീത് ശ്രീനിവാസൻ,അന്ന ബെൻ തുടങ്ങിയവർ ചടങ്ങിൽ

സംബന്ധിച്ചു.

"കലാലയങ്ങൾ ആത്മഹത്യയുടെ പാഠശാലകളോ?" എന്ന വിഷയത്തെ ആസ്പദമാക്കി 19-11-2019 ന് സംവാദം സംഘടിപ്പിച്ചു. സർഗാത്മകമായ ഒരുപാട് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരമൊരു ചർച്ച സംഘടിപ്പിച്ചത്. വിദ്യാർത്ഥികളുടെ പങ്കാളിത്തം കൊണ്ടും ഉയർത്തിപിടിച്ച വിഷയം കൊണ്ടും സംവാദം വളരെയേറെ മികവ് പുലർത്തി.

കോളേജ് യൂണിയൻ ഫൈൻ ആർട്സ് ഓഫ് സ്റ്റേജ് മത്സരങ്ങളുടെ ഉദ്ഘാടനം ഡിസംബർ 12 ന് സാഹിത്യകാരനും അധ്യാപകനുമായ ശ്രീ.സുരേഷ് മോൻജി നിർവഹിച്ചു. മൂന്ന് ദിവസം നീണ്ടു നിന്ന ഓഫ് സ്റ്റേജ് മത്സരങ്ങൾ മികച്ച നിലവാരം പുലർത്തി.

ഇന്ത്യൻ ഭരണകൂടം രാജ്യത്തെ വിഭജിക്കുവാൻ വേണ്ടി ഭരണഘടനയെ വലിച്ച കീറുമ്പോൾ വിദ്യാർത്ഥികൾക്ക് ആവില്ലെന്ന് ഇന്ത്യയിലെ മുഴുവൻ സർവ്വകലാശാലകളും കലാലയങ്ങളും വിളിച്ച പറഞ്ഞുകൊണ്ടിരിക്കുന്നു. CAA , NRC എന്നീ കിരാത നിയമങ്ങൾ മതത്തിന്റെ പേരിൽ വീണ്ടും ഇന്ത്യയെ വിഭജിക്കാൻ വേണ്ടിയുള്ള ആയുധങ്ങളായി മാറുമ്പോൾ അതിനെ എതിർക്കേണ്ടത് രക്തനക്ഷത്രാങ്കിത ശുഭ്രപതാക നെഞ്ചോട് ചേർത്ത് പിടിച്ചുകൊണ്ട് അധികാരത്തിലേറിയ ഈ യൂണിയന്റെ കടമയാണ്.ഈ കിരാത നിയമത്തിനെതിരെ കോളേജിലെ വിദ്യാർത്ഥികളെയും അധ്യാപകരെയും അനധ്യാപകരെയും ഉൾകൊള്ളിച്ചുകൊണ്ട് യൂണിയന്റെ നേതൃത്വത്തിൽ മനുഷ്യചങ്ങല സംഘടിപ്പിച്ചു. Reject CAA , Reject NRC എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട് ഡിസംബർ 18 ന് നടന്ന മനുഷ്യചങ്ങല മതഭ്രാന്തിനെതിരെയും വർഗീയതയ്ക്കെതിരെയുമുള്ള മലബാർ ക്രിസ്ത്യൻ കോളേജിന്റെ പ്രതിഷേധമായിരുന്നു.

ഡിസംബർ 20 ന് കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ "Feliz Navidad" എന്ന പേരിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. നിരവധി മത്സരങ്ങളും കലാപരിപാടികളും ആഘോഷത്തിന് മാറ്റ് കൂട്ടി.

കോളേജ് പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ യൂണിയനും ഗ്രീൻ പ്രോട്ടോക്കോളും സംയുക്തമായി ചേർന്ന് കൊണ്ട് തുണി സഞ്ചി വിതരണം നടത്തി. ഡിസംബർ 30 ന് പ്രിൻസിപ്പാൾ Dr. ഗോഡ്വിൻ സാറിന് ചെയർമാൻ സഞ്ജയ് ഹരി തുണി സഞ്ചി നൽകിക്കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. ജനുവരി 6 ന് ജേർണലിസം ക്ലബ്ബുമായി സഹകരിച്ചുകൊണ്ട് " രാഷ്ട്രം,ദേശീയത,പൗരത്വം" എന്ന വിഷയത്തിൽ ചർച്ച നടന്നു. എം.സി അബ്ദുൾ നാസർ വിഷയത്തെ കുറിച്ച് സംസാരിച്ചു.

കായിക പാരമ്പര്യത്തിൽ എന്നും മുന്നിട്ട് നിൽക്കുന്ന കോളേജാണ് മലബാർ ക്രിസ്ത്യൻ കോളേജ്. ജനറൽ ക്യാപ്റ്റൻ മിൻഹാജിന്റെയും കായിക വിഭാഗം മേധാവി ഹരിദാസ് സാറിന്റെയും നേതൃത്വത്തിൽ ഇത്തവണയും കോളേജിന്റെ കായിക രംഗം ഇത്തവണയും മികവ് പുലർത്തി. ജനുവരി 21 ന് സ്പോർട്സ് കാർണിവൽ ആരംഭിച്ചു. 21,22 തിയതികളിൽ പുരുഷ വനിത ഡബിൾസ് ബാഡ്മിന്റൺ ടൂർണമെന്റ് സംഘടിപ്പിച്ചു. ജനുവരി 27,28 തിയതികളിൽ വോളിബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഗ്രീൻ പ്രോട്ടോകോളുമായി സഹകരിച്ചുകൊണ്ട് ക്രിസ്ത്യൻ കോളേജിൽ വലിയൊരു വിപ്ലവം തീർത്തു ."Paper pen revolution" എന്ന വലിയൊരു പരിപാടി സംഘടിപ്പിച്ചു. കോളേജിലെ മുഴുവൻ ആളുകളും പേപ്പർ കൊണ്ട് പേന നിർമിക്കുകയും അത് ഉപയോഗിക്കാനും തുടങ്ങി. ഇത് ലോകത്തിന് തന്നെ മാതൃകയാക്കാവുന്ന ഒരു വിപ്ലവം തന്നെയായിരുന്നു.

സാമൂഹിക പ്രവർത്തകയും പരിസ്ഥിതി സ്നേഹിയുമായ ദയാബായി എന്റോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ലോകത്തോട് വിളിച്ചു പറയുന്നതിനുവേണ്ടി ജനുവരി 22 കോളേജിൽ ഏകാംഗ നാടകം സംഘടിപ്പിച്ചു. സമൂഹത്തിലെ ഇത്തരം പ്രശ്നങ്ങൾ വിദ്യാർത്ഥികളിലെത്തിക്കുവാൻ വേണ്ടി യൂണിയൻ എല്ലാവിധ സഹകരണങ്ങളും നൽകിക്കൊണ്ട് ഈ നാടകം അവതരിപ്പിച്ചു

മലയാളത്തിന്റെ പ്രിയപ്പെട്ട കവി പി പി രാമചന്ദ്രന്റെ കവിതയിലെ വരികൾ ഇവിടെ പരാമർശിക്കുകയാണ്.

" ഇവിടെയുണ്ട് ഞാൻ
എന്നറിയിക്കുവാൻ
മധുരമായൊരു
കൂവൽ മാത്രം മതി

ഇവിടെയുണ്ടായിരുന്നു
ഞാനെന്നതിന്നൊരു
വെറും തൂവൽ
താഴെയിട്ടാൽ മതി

ഇനിയുമുണ്ടാകു -
മെന്നതിൻ സാക്ഷ്യമായി
അടയിരുന്നതിൻ
ചൂടുമാത്രം മതി "

അതെ നമ്മളെല്ലാം ചേർന്ന ഈ വിദ്യാർത്ഥി യൂണിയൻ ഇവിടെ ഉണ്ടായിരുന്നു എന്നതിന്റെ തെളിവിനായി അധികമൊന്നും വേണ്ട. ഫെബ്രുവരി 20 , 21 , 22

തിയതികളിൽ നടത്തിയ എം സി സി കാർണിവൽ മാത്രം മതി. ചരിത്രത്തിൽ കോഴിക്കോടിന്റെയും മലബാർ ക്രിസ്ത്യൻ കോളേജിന്റെയും സ്ഥാനം വളരെ നിർണായകമാണ്.ആ പ്രാധാന്യങ്ങൾക്കൊണ്ടുതന്നെയാണ് 110 - ന്റെ നിറവിൽ നിൽക്കുന്ന ക്രിസ്ത്യൻ കോളേജ് രാജ്യത്തിനുതന്നെ മാതൃകയാവുന്ന തരത്തിൽ ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചത്. ചർച്ചകളിലൂടെയാണ് ജനാധിപത്യം മുന്നോട്ട് പോകുന്നത്. നാവിനും എഴുത്തിനും വിലങ്ങിടുന്ന ഈയൊരു കാലത്ത് ചർച്ച ചെയ്യില്ലെങ്കിൽ ചോദ്യങ്ങൾ ഉന്നയിച്ചില്ലെങ്കിൽ നമ്മൾ വിദ്യാർത്ഥികളല്ലാതായ് മാറുമെന്ന തിരിച്ചറിവിൽ നിന്നാണ് കോളേജ് യൂണിയൻ എം സി സി കാർണിവൽ സംഘടിപ്പിച്ചത്. ഫെബ്രുവരി 20 ന് രാവിലെ പ്രശസ്ത മാധ്യമപ്രവർത്തകൻ അയ്യപ്പദാസ് കാർണിവലിന്റെ ഉദ്ഘാടനം നിർവഹിച്ചു. പിന്നീടുള്ള മൂന്ന് ദിവസം രാവും പകലുമില്ലാതെ ക്രിസ്ത്യൻ കോളേജിൽ നടന്നത് കോഴിക്കോടിന്റെ ഉത്സവമായിരുന്നു. നാടകവും , സിനിമയും , സാഹിത്യവും , കിരാതനിയമങ്ങളും , ലിംഗനീതിയുമൊക്കെ ചർച്ച ചെയ്തുകൊണ്ട് പൊതുസമൂഹത്തോട് നിലപാട് വിളിച്ചു പറഞ്ഞു. എഴുത്തുകാരും നാടകപ്രവർത്തകരും രാഷ്ട്രീയപ്രവർത്തകരും വ്യവസായികളുമൊക്കെ പങ്കെടുത്ത ചർച്ചകൾ വളരെ മികവുറ്റതായിരുന്നു. കോഴിക്കോടിന്റെ രുചിയും പൈതൃകവും ഈ മൂന്ന് ദിവസം ക്രിസ്ത്യൻ കോളേജിൽ നിറഞ്ഞുനിന്നു. വ്യത്യസ്തമായ കലാപരിപാടികൾകൊണ്ടും ഒരു യൂണിയൻ നടത്തിയ പരിപാടി എന്ന നിലയിലും കാർണിവൽ പൊതുസമൂഹം വലിയ രീതിയിൽ ചർച്ച ചെയ്തു. കാർണിവലിന്റെ അവസാന ദിവസം ഫെബ്രുവരി 22 ന് വൈകിട്ട് കാർണിവലിന്റെ സമാപന സമ്മേളനം ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി Dr. കെ ടി ജലീൽ നിർവഹിച്ചു.

ഒരുപാട് പ്രതിസന്ധിഘട്ടങ്ങൾ മുന്നിൽ വന്നപ്പോഴും ഞങ്ങളെ മുന്നിൽ നിന്ന് നയിച്ചത് പ്രിയപ്പെട്ട സഖാക്കളായിരുന്നു. കണ്ണുകൾ ഉറക്കത്തിന് കീഴടങ്ങാൻ ശ്രമിക്കുമ്പോഴും വയറ് വിശപ്പിനെ കുറിച്ച് ഓർക്കാൻ തുടങ്ങുമ്പോഴും അവയെയൊക്കെ അതിജീവിച്ച് നമ്മൾ നടത്തിയ പോരാട്ടത്തിന്റെ പരിണിതഫലം തന്നെയായിരുന്നു ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട ഈ എം സി സി കാർണിവൽ. ഒരിക്കലും കെട്ടുപോകാത്ത ഒരു തീനാളത്തിന്റെ തുടക്കം മാത്രമാണ് ഈ കഴിഞ്ഞ എം സി സി കാർണിവൽ. അതിരുകൾ വരയപ്പെടുന്ന ഈ കാലത്ത് കൂട്ടായ്മയുടെ വലിയൊരു മാനവികതയാണ് മുദ്രവാക്യമാണ് കാർണിവൽ മുന്നോട്ട് വെയ്ക്കുന്നത്. ഈയൊരു മാനവികതയെ തകർക്കാൻ ശ്രമിച്ചവരെ ചരിത്രം വിഡ്ഢികളെന്ന് മുദ്രകുത്തും. കോഴിക്കോടിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ എസ് കെ പൊറ്റക്കാട് എഴുതിയിട്ടുണ്ട് എന്റെ വീട്ടുപറമ്പിൽ ഒരു ചെടിയുണ്ട് , ആ ചെടി എല്ലാ മുറിവുകൾക്കും ഔഷധമാണ്. ഒരു തലവെട്ടിയാൽ അത് രണ്ടായി മുളച്ചുപൊന്തും. എന്റെ നാട്ടിൽ അതിന് കമ്മ്യൂണിസ്റ്റ് പച്ച എന്നാണ് പേര്. ഒരു തലവെട്ടിയാൽ രണ്ടായി മുളച്ചു പൊന്തുന്നതിനെ കമ്മ്യൂണിസ്റ്റ് ചേർത്തല്ലാതെ മറ്റെന്ത് ചേർത്താണ് വിളിക്കേണ്ടത്...ഞങ്ങളുടെ പ്രവർത്തനങ്ങളെ നിങ്ങൾ എത്രയൊക്കെ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചാലും ഞങ്ങൾ വീണ്ടും തിരിച്ച് വരിക തന്നെ ചെയ്യും. കാരണം ഞങ്ങളുടെ സിരകളിൽ കമ്മ്യൂണിസ്റ്റ് രക്തം തന്നെയാണ്.

വൈകി നടന്ന ഇലക്ഷനായും സെമസ്റ്റർ സമ്പ്രദായത്തിന്റെ പരിമിതികൾക്കുള്ളിലെ കുറഞ്ഞ കാലയളവിൽ വിദ്യാർത്ഥികളുടെ ബഹുസ്വരതയെ മാനിച്ചുകൊണ്ടും മികച്ച പ്രവർത്തനങ്ങൾ നടത്താൻ യൂണിയന് സാധിച്ചിട്ടുണ്ട്. യൂണിയൻ പ്രവർത്തനങ്ങൾക്ക് കൂടെ നിന്ന പ്രിൻസിപ്പാൾ, സ്റ്റാഫ് അഡ്വൈസർ, പ്രിയവിദ്യാർത്ഥി സുഹൃത്തുക്കൾ, അധ്യാപകർ എല്ലാവർക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. ജീവിതം ഒരു സമരമായിരുന്നു. ഇല്ലായ്മയുടെ വറുതികാലങ്ങളിൽ മുഷ്ടി ചുരുട്ടി വിളിച്ച മുദ്രാവാക്യങ്ങളിൽ ജീവിതത്തെ തിരിച്ചറിഞ്ഞവർ. ഇല്ലായ്മയ്ക്കപ്പുറം ഒരു കൂടൊരുക്കി ആ കൂട്ടിലേക്ക് വെളിച്ചമായി വെള്ളക്കൊടിയിലെ ഒറ്റ നക്ഷത്രം. അങ്ങനെയുള്ള ആ നക്ഷത്രത്തെ പ്രണയിച്ച, ആ നക്ഷത്രത്തിനു കീഴിൽ ഇടം തന്ന പ്രിയപ്പെട്ട സഖാക്കളോട് എങ്ങനെ നന്ദി പറയണമെന്നറിയില്ല. പ്രതിഷേധത്തിന്റെ സ്വരങ്ങൾ ഇനിയുമൊരായിരം ഉച്ചത്തിൽ മുഴങ്ങികേൾക്കേണ്ടതുണ്ടെന്ന് മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് മുഴുവൻ ആളുകളെയും കോളേജ് യൂണിയന് വേണ്ടി ഇടനെഞ്ചോട് ചേർത്തുപിടിച്ച് അഭിവാദ്യം ചെയ്യുന്നു.

സഖാക്കളേ...
അഭിവാദ്യങ്ങൾ.
**പത്മജിത്ത്.എം**
ജനറൽ സെക്രട്ടറി

# MALABAR CHRISTIAN COLLEGE,CALICUT
# College Report 2019-2020

I would like to begin this year's college report by paying homage to our brothers and sisters who lost their lives in two separate, but equally tragic events. The recent KSRTC accident at Avinashi, Tamil Nadu and the massive landslides of Kavalappara and Puthumala. My prayers to the departed souls.

Our neihbourhood was also affected by last year's flood. Most of our students were involved in the flood relief activity. I feel humble, that the whole MCC family extended their help in raising fund for the construction of a house for one of our own student, who was badly affected by flood. The work is progressing fast and will be completed soon.
My deep condolences and prayers to three of our former staff members, Prof. S. E. James, Prof. Valsala Krishanan and Mr. T K Krishnan, who passed away this year.

**About College**
It is my great pleasure and privilege to present the report of activities for this academic year. With all the achievements we had in this year, I am indeed proud to say that, Malabar Christian College is striving towards excellence. More importantly, we still continue to uphold the vision of the German missionaries from Basel by providing education to the youth of Malabar without any discrimination. With wholehearted support from all the stake holders, I am sure that we will soon emerge as the best higher education institution in Malabar.
The College is currently managed by the CSI Diocese of Malabar and the Chairman of the college governing body is our Bishop Rt. Rev. Dr. Royce Manoj Victor. Our Manager, Sri. Joseph S Daniel, always makes sure that the college is well supported by the management. At this juncture, I wish to remember all our former managers, principals, Staff and students, who have helped to mould the college into its present state.

**Student and Staff**
At present, we have 11 UG programmes and 9 PG programmes. We have a total number of 1952 students in our college, out of which 1266 are girls. There are 50 regular faculty members, 49 Guest faculty members, 14 permanent non teaching staff members and 34 temporary supporting staff in our institution. On this occasion, I would like to thank all of them for the service they are rendering to this great institution.

**Research**
There are 36 research scholars doing PhD in the 4 research departments. Dr. Sajeev from Department of Chemistry was awarded with PhD Degree this year. I would like to congratulate the scholar, Dr. Sajeev and his supervisor, Dr. Sreejith M Nair for the successful completion of PhD. Congratulations to Dr. V. S. Robart, HoD, Department of Malayalam and Dr. Arunakshanan, Department of Zoology for successfully completing their PhD degree. There are 7 part-time PhD scholars among our faculty members. They are:

| | |
|---|---|
| Mrs. Sheela F Christina | Department of History |
| Sri. Biju Mathew | Department of Economics |
| Sri. Prasoon.V.S, | Department of Malayalam |
| Mrs. P.V. Rajeswari, | Department of Political Science |
| Mrs. Jeeja Rani A T | Department of Chemistry |
| Mr. Sreejith P | Department of Physics |
| Mrs. Roshni P | Department of English |

**Awards**
Dr. M E Premanand, HoD, Department of English, has won multiple awards this year for his contributions to the technology assisted English language teaching. Congratulations to Dr. Premanand for winning the 2019 Venus International Higher Education Excellence Award, the Dr. Prakasam Anusmarana Award 2019 and the 2020 TBS Technology Award.

**Academic bodies**
Our staff members are in the panel of different administrative and academic bodies of Calicut University and other educational institutions. Dr. Sreejith M Nair, Associate Professor, Department of Chemistry, is the member of Senate, University of Calicut. Dr. Godwin Samraj and Dr. E M Annasalley are Academic Council Members. The members of the Board of Studies are: Smt. Sindhu R S, Sri. Haridasan K, Dr. Sheeba P S, Smt. Rajeswari P V, Dr. Sachin P James, Dr. Prajila M, Dr. Ninitte Rolance, Dr. Biju Joseph, Dr. Govind Raj K, Dr. Shinoy Jesinth and Dr. Dhanaraj P V

**Retirement**
This academic year four of our faculty members – Dr. Premanand M E from English department, Dr. Elsamma Jacob from Statistics department, Dr. Ranjini K R from Zoology department, Smt. Bhuvaneswari B and Dr. Louis J Kattady from Economics department are retiring from the service. I am indeed proud to say that all the three faculty members had a

very successful academic career. They have contributed immensely in their respective fields and towards the development of our college. I convey my best wishes to all of them and hope that they will continue their service to the cause of Higher Education. Two of our non-teaching staff members, Smt. Thilakam Raichel and Smt. Rajeena Vasathy retired during the academic year. My best wishes to both of them.

**New Recruitment**

This year, Dr. Suresh Puthanparambil joined the Department of Malayalam as a permanent faculty member. On behalf of entire MCC fraternity, I would like to extend my warm wishes to Dr. Suresh.

**Luminaries who visited MCC**

This year has been glorious for Malabar Christian College. Many luminaries have marked their presence in the college. Dr. K T Jaleel, Higher Education Minister, Kerala, Prof. Ravi Palat, Binghamton University, USA, Prof. Dilip Menon, University of Witwatersrand, South Africa, Dr. Seema A, Scientist, C-MET and the winner of Nari Shakthi Puraskar, Govt. of India, famous historian Prof. M G S Narayanan, Social activist like Smt. Daya Bhai and Prof. KEN Kunjahammed, writers - Sri. V R Sudheesh and Sri. V T Jayadevan, actor Sri. Vinit Sreenivasan, former vice-chancellor of Calicut University Dr. Mohammed Basheer, our district collector Sri. Sambasiva Rao IAS, Dr. C L Joshy, Registrar Calicut University are the few names which I would like to mention here.

**Students' achievements**

Malabar Christian College is proud to have students who have exhibited excellent performance in various fields. Aiswarya P and Amrutha S secured 2nd and 9th position, respectively, in the Calicut university BSc Chemistry examination. Sandhya P and Drishya V secured 2nd and 4th position, respectively, in the Calicut Uinversity MSc Chemistry Examination. Akhilesh H secured 6th position in the Calicut University BSc Mathematics examination. Aiswarya & Noufidha shared 10th position in the same examination. Sreeba M., Department of Malayalam won the 1st prize in the elocution competition, RHYTHM programme held at St. Joseph College Devagiri. Indraja, from the same department won the 2nd prize in the poem writing competition in Thunjan Kavyotsavam. Harigovind Shekhar and Sarang G Sunil, 2nd Semester BSc Physics won the 2nd prize in intercollegiate quiz competition held at Providence college. Akshay Kumar, 4th Semster BSc Zoology has won the Mr. Calicut title. Congratulations to all the young achievers. Congratulations to Sandhya from the department of Chemistry for clearing the CSIR-JRF examination. Five of our students, Drishya (Chemistry), Tejaswini and Amrutha (MCJ), Nandu and Athira (Malayalam) were successful in clearing NET examination. Two of our guest faculties, Maneesha and Raveena have qualified JRF in Physics and NET in English, respectively. Congratulations to all the achievers.

Hope we will have more academic achievements in the coming years. I am happy that we are getting a lot of support in encouraging our meritorious students. Thanks to Alumni, former staff members and other well-wishers of the college for sponsoring various merit scholarships. This year, Punjab National Bank has donated One Lakh Rupees to our college for distributing twenty new scholarships. Additionally, our staff members have also generously contributed for supporting fourteen meritorious students of our college. Let me express my sincere thanks to all of them.

This year, the students union came up with a unique idea of conducting a mega event at MCC, the MCC Carnival – a tribute to Kozhikode. The MCC Carnival was inaugurated by Sri. Ayyapadas, senior journalist, Malayala Manorama. We had three intense days of debate, discussion, exhibition by departments, paper presentation contests, business meets, music, creativity and enthusiasm. This mega event will be remembered as the first campus carnival in Kerala. I feel proud that we had Sri. K T Jaleel, the Minister of Higher Education, at our college, to inaugurate the closing ceremony of MCC carnival. Congratulations to the students' union, faculty members, alumni and the other well wishers who made this event a grand success.

University Exam Results of the Last Academic year:

The Programme and its pass percentage will be read out in sequence;

| Sl.No | Name of the Programme | Pass percentage |
|---|---|---|
| 1 | BSc Chemistry | 75 |
| 2 | BSc Mathematics | 65 |
| 3 | BSc Physics | 60 |
| 4 | BSc Zoology | 82 |
| 5 | BA Economics | 42 |
| 6 | BA History | 70 |
| 7 | BA Malayalam | 55 |
| 8 | BA Functional English | 77 |
| 9 | BCom Finance | 89 |
| 10 | BCom with CA | 51 |
| 11 | BBA | 65 |
| 12 | MSc Chemistry | 83 |
| 13 | MSc Mathematics | 91 |
| 14 | MSc Zoology | 92 |
| 15 | MA Malayalam | 95 |
| 16 | MA History | 85 |
| 17 | MSc Physics | 83 |
| 18 | MA Economics | 92 |
| 19 | MA English | 94 |
| 20 | MCJ | 83 |

**Departmental & Club Activities**

**Chemistry**

The Department of Chemistry has conducted a series of programmes this year. Intercollegiate Project Presentation Contest for PG students, Prof. P P Krishnan Endowment lecture by Dr. Seema C-MET Thrissur, expert lecture by Dr. Aneesh M H, an orientation session for the first year UG students and an

interactive session on learning psychology the first semester UG and PG students were some of the notable programmes held during the year. Rs. 42,500/- was distributed as fifteen different scholarships to the meritorious students from UG and PG classes. This is a joint venture of Chemistry alumni association, retired faculty members and other well-wishers of the Department. Gold medal instituted by Chemistry alumni association was awarded to Aiswarya P. I would once again like to congratulate the students from Chemistry department who secured top positions in the Calicut university examination.

**Economics**
The Department of Economics organized One-Day National Seminar on Second Demogrpahic Dividend in association with the EMS Chair for Marxian Studies and Research, University of Calicut. Dr. K.S. James, Director, International Institute of Populations Sciences was the chief guest. Dr. Uday Shankar Mishra and Dr. Binoj Abraham of the Centre for Development Studies delivered lectures during the event. An orientation session for the first year students and an expert lecture on the topic "Power Sector and the Development of the Kerala Economy" was also organized. Economics department coordinated the Town Meeting of the Economics teachers in association with the Kerala State Higher Education Council and the Centre for Development Studies, Thiruvananthapuram,. The main objective of the programme was to make Economics teaching more real life oriented. 32 teachers from different Arts and Science colleges participated in the meeting.

**English**
The Department of English has evolved as a frontrunner in developing ICT tools for making the learning process simple and interesting. The app "English skills one", is now one of the mostly resorted reference medium for students from various colleges under the Calicut University. The department has MoU with the department of English, RSM SNDP Yogam College, Koyilandy, and is working towards the development of unique tools for making English language teaching more effective. The department of English has organized many versatile programmes this year. Multiple sessions were organized as a part of Literati-2019. An Orientation class and many expert lectures were also organized during the year.

**Hindi**
Dept of Hindi organized various programs during this academic year. Dr R Sethunath Professor Dept of Hindi University of Calicut inaugurated the Premchand Jayathi seminar and Dr A. Kasthoori gave the keynote address. The students staged a drama based on famous Hindi story Domin Kaki. Hindi Fortnight Seminar was also organized. Hindi students presented a new program named 'Gulshan' in All India Radio, which was telecasted in the month of October 2019.

**Commerce and Management Studies**
Department of Commerce organized Student Merit Award Ceremony for the outgoing batch and motivation class for the first year B.Com (Finance) batch. Expert lectures were organized on research reporting in Social Science Research and Practical Implications of GST in Current Scenario. All Kerala Best Manager Contest was organized in association with GIIMS Institute of Logistics. In collaboration with Expertgyan, the department is offered a Master Diploma in Practical Accounting & Taxation. An MoU was signed between RSM SNDP College, Koyilandy and Malabar Christian College for exchange of expertise in the field of commerce and management studies.

**History**
The department of history conducted the merit award ceremony for honoring the best outgoing students of UG and PG programmes. Department organized invited lectures by Scholars from Indian and Foreign universities. Department organized Erudite Scholar in Residence programme, during which Prof. Dilip Menon from University of Witwatersrand interacted with the students and gave lectures. I would like to congratulate the entire department for organizing the Erudite lecture at Malabar Christian College. Prof. Ravi Palat from Binghamton University also visited the department and interacted with the students. I am sure that such visits by eminent scholars will be highly beneficial to the students. History department had also organized a series of events during the 150th birth anniversary of Mahathma Gandhi.

**Physics**
Department of Physics conducted expert lecture on Python Programming for the UG students. An orientation session for first year students and merit award ceremony for the best outgoing students were organized. The interaction of UG students with Sri. K. Jayaram, former deputy director, ISRO was highly beneficial as it was organized immediately after the launch of Chandarayan-2. The Department extended their expertise and conducted the Annular Solar Eclipse observation in collaboration with NSS unit and Sasthra Sahithya Parishath at the GHSS Pannur School Ground. The department had organized one-day seminar on Conceptual Physics and two other expert lectures during the year. A bridge course for 1st year PG students and a one day workshop on LaTex was also organized.

**Malayalam**
First of all I would like to congratulate Department of Malayalam, for taking all necessary steps for converting their classroom to a smart classroom. This was made possible by the generous funding from PTA, Management and the faculty members of Malayalam department. The department has also conducted various programmes during this year. P. Kesavadev anusmaranam, orientation session for UG and PG students, Parukuttyamma endowment elocution competition, Bharathiya kavyvotsavam, the folklore Exhibition THIRAYATTAM and Prof.K. Gopalakrishnan Memorial Lecture

were the main events. The Malayalam Department of MCC was selected as the third best Malayalam Department in the RHYTHM programme held in St. Joseph College Devagiri. Many congratulations to the department.

**Mathematics**
